

# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ

## ക്രിസ്തുമസ്
## പുതുവത്സരാശംസകൾ

Vol. LXIX December 2019 No. 12




ചങ്ങനാശ്ശേരി അതിരൂപതയിൽ നടത്തപ്പെട്ട ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ
അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുക്കുന്നു



ജയ്ഗിരി ക്രിസ്തുരാജ് ഇടവകയിൽ പുതുതായി നിർമ്മിക്കപ്പെട്ട ദൈവാലയത്തിന്റെ
കൂദാശാകർമ്മം പാലാ രൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കുന്നു.



പാലാ രൂപത PSWS- ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 6–ാമത് കാർഷികമേളയുടെ
ഉദ്ഘാടന സമ്മേളനത്തിൽ അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അദ്ധ്യക്ഷത വഹിക്കുന്നു.



പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണജൂബിലിയും രജതജൂബിലിയും ആഘോഷിക്കുന്ന
ബഹു. വൈദീകർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



പാലാ രൂപതയുടെ പ്രഥമ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ
33-ാം ചരമവാർഷികത്തോടനുബന്ധിച്ച്
പാലാ കത്തീഡ്രലിലുള്ള കബറിടത്തിങ്കൽ നടത്തപ്പെട്ട ഒപ്പീസ്.



മാർ സ്ലീവാ നേഴ്സിംഗ് കോളേജിൽ ഗ്രാജുവേഷൻ നേടിയ വിദ്യാർത്ഥിനികൾ  അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം



ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച 25, 50 ജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സ്
അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനോടൊപ്പം



മാർ സ്ലീവാ മെഡിസിറ്റിയോടനുബന്ധിച്ച് പണികഴിപ്പിച്ച പ്രസ്ബിറ്ററി  അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ആശീർവ്വദിക്കുന്നു.



ഡി.സി.എം.എസ്. രൂപതാ കുടുംബസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

DECEMBER 2019
Vol. LXIX No. 12

# CONTENTS


ഇടയലേഖനം - 62 .......................................... 1079

സർക്കുലർ -കെ.സി.ബി.സി. ................................ 1086

അറിയിപ്പ് ................................................. 1094

Transfer List ............................................ 1095

കുമ്പസാര ലിസ്റ്റ് ........................................... 1099

Collection List .......................................... 1105

Prayer Day List .......................................... 1118

വാർത്തകൾ ............................................... 1119

ആദരാഞ്ജലികൾ ........................................... 1160

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ...................... 1168

Bishops' Engagements ................................... 1176

**ഇടയലേഖനം - 62**

"അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും എന്റെ പാതയിൽ പ്രകാശവുമായിരിക്കട്ടെ" (സങ്കീ 119,105)

# 37-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ

**മാർ ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

**നമ്മുടെ കർത്താവീശോമിശിഹായിൽനിന്ന് കൃപയും സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീ സഹോദരന്മാരേ,

ദൈവീക വെളിപ്പെടുത്തലുകളുടെ പൂർത്തീകരണത്തിനായി ദൈവം മനുഷ്യനായി അവതരിച്ചതിന്റെ (മത്താ 5,17; DV 4) മഹത്തായ ഓർമ്മ അനുസ്മരിക്കുകയും ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ക്രിസ്തുമസ് കാലത്തേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. മനുഷ്യാവതാരത്തിന്റെ ഓർമ്മ കേവലം ഒരു പിറവിത്തിരുന്നാൾ മാത്രമല്ല; ഒരു ജനത കാലകാലങ്ങളായി പ്രതീക്ഷിച്ചിരുന്ന രക്ഷകന്റെ വരവിനെക്കുറിച്ചുള്ള മംഗളവാർത്തയുടെ അനുസ്മരണത്തിന്റെ അവസരം കൂടിയാണ്. ഒരു കാത്തിരിപ്പിന്റെ പൂർത്തീകരണമാണ്. അനാദിയിലേ ദൈവത്തോടുകൂടെയായിരുന്നവനും ദൈവമായിരുന്നവനും സകലത്തിന്റെയും സൃഷ്ടിക്കുകാരണഭൂതനുമായ ദൈവവചനം ശരീരം സ്വീകരിച്ച് മനുഷ്യവ്യക്തിയായിത്തീർന്നെന്ന സത്യം ഒരിക്കൽക്കൂടി ലോകമൊന്നാകെ ഏറ്റുപാടുന്ന അവസരം.

സൃഷ്ടിയുടെ നിദാനമായ മിശിഹായാകുന്ന ദൈവവചനത്തെ കൂടുതൽ അറിയുന്നതിനും അനുഭവിക്കുന്നതിനും അവിടുത്തെ ധരിക്കുന്നതിനുമുള്ള (ഗലാ. 3,27) അവസരമാണ് ക്രിസ്തുമസ്കാലം.

ദൈവവചനം മാംസം ധരിച്ച് നമ്മുടെ ഇടയിൽ വസിച്ചതിനെ (യോഹ 1,14) തിരുസഭാമാതാവ് വിശിഷ്യാ അനുസ്മരിക്കുന്ന ഈ മംഗളവാർത്താക്കാലം നമ്മെ സംബന്ധിച്ചിടത്തോളം ദൈവവചനം കൂടുതൽ വായിക്കുന്നതിനും ശ്രവിക്കുന്നതിനും പഠിക്കുന്നതിനും അതു ജീവിതത്തിൽ പകർത്തി ഒരു സുവിശേഷമാകുന്നതിനുമുള്ള അവസരമാണ്. ഓരോ വിശ്വാസിയും അത് ഉപകാരപ്രദമാക്കണം എന്ന് സഭാമാതാവ് പ്രതീക്ഷിക്കുന്നു. അതുകൊണ്ടു തന്നെയാണ് സഭാമാതാവ് ഡിസംബർമാസം ബൈബിൾ പാരായണമാസമായി ആചരിക്കുന്നതും നമ്മുടെ രൂപതയിൽ ദശാബ്ദങ്ങളായി ബൈബിൾ കൺവൻഷൻ നടത്തിപോരുന്നതും.

ദൈവവചനത്തിന്റെ രണ്ടു ധർമ്മങ്ങളെക്കുറിച്ച് സങ്കീർത്തകൻ പറയുന്നത്: അത് പാദത്തിനു വിളക്കായും പാതയിൽ പ്രകാശമായും വർത്തിക്കുന്നു എന്നാണ്. 'പാദം' സൂചിപ്പിക്കുന്നത് നമ്മുടെ പ്രവർത്തനകാലത്തെയാണ്. അനുദിനം വയ്ക്കുന്ന ഒരോചുവടും വചനത്തിലൂന്നിയതാകണം. ജീവിതത്തിലെ ഏതുസാഹചര്യത്തിലാണെങ്കിലും നമ്മൾ വയ്ക്കുന്ന ഓരോ ചുവടും എടുക്കുന്ന ഓരോ തീരുമാനവും ചെയ്യുന്ന എല്ലാ പ്രവർത്തികളും ദൈവവചനത്തിലധിഷ്ഠിതമാകണം. ഏശയ്യാ പ്രവാചകൻ പറയുന്നു: നീ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾക്കു പിന്നിൽ നിന്ന് ഒരു സ്വരം ഇതാണു വഴി ഇതിലെ പോവുക (ഏശ. 30,21) എന്ന് കേൾക്കും. ദൈവവചനത്തിൽ ആഴമായ ജ്ഞാനം നേടിക്കൊണ്ട് ഒരുവന് തന്റെ ശക്തിവിശേഷങ്ങളെ പരിശീലിപ്പിച്ച് നന്മതിന്മകളെ വിവേചിച്ചറിയുന്നതിന് കഴിവു നേടുവാൻ

സാധിക്കുമെന്ന് തിരുവചനം പറയുന്നു (ഹെബ്രാ 5,14; സുഭാ 3,21). നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് പാദങ്ങൾ മുന്നോട്ടുവെയ്ക്കുന്നതിന് നാം ശ്രവിക്കുന്ന സ്വരമാണ് ദൈവവചനം. അങ്ങയുടെ നിയമത്തെ ഞാൻ എത്രയധികം സ്നേഹിക്കുന്നു! ദിവസം മുഴുവൻ അതെന്റെ ധ്യാനവിഷയമാകുന്നു (സങ്കീ 119,97). അങ്ങേയ്ക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിന് അങ്ങയുടെ വചനത്തെ എന്റെ ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു (119,11). ഒരു യുവാവിന് തന്റെ മാർഗം നിർമ്മലമായി ജീവിക്കാൻ സാധിക്കുന്നത് വചനമനുസരിച്ച് ജീവിച്ചുകൊണ്ടാണ് (119,9). ഇങ്ങനെയുള്ള സങ്കീർത്തന വചനങ്ങൾ അനുദിനം നമുക്ക് മാർഗദർശനമാകട്ടെ.

'പാദം' പ്രവർത്തനകാലത്തെ സൂചിപ്പിക്കുന്നു എങ്കിൽ 'പാത' മുന്നോട്ടുള്ള ജീവിതത്തെ, ഭാവി ജീവതത്തെ സുചിപ്പിക്കുന്നതാണ്. നമുക്ക് പ്രത്യാശ നല്കുന്നത് ദൈവവചനമാണ്. നമ്മുടെ ജീവിതം ഇവിടെ അവസാനിക്കുവാനുള്ളതല്ല നിത്യജീവിതത്തിലേയ്ക്കുള്ള യാത്രയാണ്. പ്രത്യാശപൂർവം ആ യാത്രനടത്തുന്നതിന് പ്രേരിപ്പിക്കുന്നത് ദൈവവചനം നല്കുന്ന ഉറപ്പാണ്. നിത്യജീവൻ പ്രാപിക്കുന്നതിന് എന്ത് ചെയ്യണം എന്ന നിയമജ്ഞന്റെ ചോദ്യത്തിന് ഈശോ നല്കുന്ന മറുപടി നിയമ (വചനം)ത്തിൽ എഴുതിയിരിക്കുന്നത് പാലിക്കുക എന്നാണ് (ലൂക്ക 10,25-30). നിത്യതയിലേയ്ക്കുള്ള യാത്രയിൽ ദൈവത്തെ അറിഞ്ഞ് സ്വർഗോന്മുഖമായി ജീവിക്കുന്നതിന് ദൈവവചനം നമ്മെ ആഹ്വാനം ചെയ്യുന്നു.

ദൈവം തന്നെതന്നെ വെളിപ്പെടുത്തിയത് വചനത്തിലൂടെയാണ്. അതിനാൽത്തന്നെ വചനം വായിക്കുന്നതിന്റെയും ശ്രവിക്കുന്നതിന്റെയും പ്രഥമ ലക്ഷ്യം ദൈവത്തെ അറിയുക എന്നതാണ്. സുഭാഷിത ഗ്രന്ഥകർത്താവ് ഇപ്രകാരം ഉപദേശിക്കുന്നുണ്ട്: മകനെ എന്റെ വാക്കു കേൾക്കുകയും നിയമം കാത്തു സൂക്ഷിക്കുകയും ജ്ഞാനത്തിനു ചെവികൊടുക്കു

കയും ചെയ്യുക. അപ്പോൾ നീ ദൈവഭക്തി എന്തെന്നു ഗ്രഹിക്കുകയും ദൈവത്തെക്കുറിച്ചുള്ള അറിവ് നേടുകയും ചെയ്യും (സുഭാ 5,1–2). ദൈവഭക്തനായ മനുഷ്യന് പൂർണ്ണത കൈവരിക്കുന്നതിനുള്ള മാർഗമാണ് (2 തിമോ 3,16–17) വിശുദ്ധലിഖിതങ്ങൾ. അവിടത്തെ മൊഴികൾ എന്റെ ഹൃദയത്തിൽ നിധിപോലെ സൂക്ഷിച്ചു (ജോബ 23:12). സത്യത്തെക്കുറിച്ച് ഉറപ്പ് ലഭിക്കുന്നത് ദൈവവചനത്തിൽനിന്നാണ് (1 പത്രോ 4,11; അപ്പ. 17,11–12; യോഹ 8,32) എന്റെ വചനത്തിൽ നിലനില്ക്കുമെങ്കിൽ നിങ്ങൾ സത്യമറിയും അവിടത്തെ വചനമാണ് സത്യം (യോഹ. 17,17). പരമസത്യത്തെ അറിഞ്ഞ് അതു ജീവിക്കുവാൻ തിരുവചനം നമ്മെ സഹായിക്കുന്നു.

പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് പൈതങ്ങൾ പാലിനുവേണ്ടി എന്നതു പോലെ വചനത്തിനുവേണ്ടി ആഗ്രഹിക്കുന്നവരാകുവിൻ (1 പത്രോ 2,2–3) എന്നാണ്. ഞാൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ എന്ന് പൗലോസ് ശ്ലീഹായും എഴുതുന്നു (1 കോറി 11,1).ആനന്ദിച്ചാഹ്ലാദിക്കുവിൻ എന്ന അപ്പസ്തോലിക പ്രബോധനത്തിൽ ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്യുന്നതുപോലെ നമ്മെ വെല്ലുവിളിക്കാൻ വചനത്തെ അനുവദിക്കണം. ദിവ്യനാഥൻ അർഹിക്കുന്ന എല്ലാ സ്നേഹത്തോടും ബഹുമാനത്തോടും കൂടി നമുക്ക് ഒരിക്കൽക്കൂടി ഈശോയെ ശ്രവിക്കാം. നമ്മെ ഇളക്കുവാനും നമ്മെ വെല്ലുവിളിക്കുവാനും നമ്മുടെ ജീവിത രീതിയുടെ യഥാർഥമാറ്റം ആവശ്യപ്പെടാനും അവിടത്തെ വചനങ്ങളെ നമുക്കനുവദിക്കാം (ആനന്ദിച്ചാഹ്ലാദിക്കുവിൻ 66).

ഒരു ദിവസത്തിനു തുടക്കമിടാൻ നമുക്ക് എറ്റവും ഉത്തമമായ മാർഗം ദൈവവചനത്തിൽ നിന്ന് ഒരുഭാഗം വായിക്കുക അതിനെക്കുറിച്ച് അല്പം ധ്യാനിക്കുക എന്നതായിരിക്കട്ടെ. ഉറങ്ങാൻ പോകുന്നതിനുമുമ്പ് ദിവസത്തെ ഏറ്റവും അവസാന

പ്രവർത്തനം എന്ന നിലയിൽ ദൈവവചനം വായിക്കുന്നതും ഒരു ആത്മീയതയുടെ ഭാഗമായും ക്രിസ്തുവുമായുള്ള സംഭാഷണമായും നാം തിരിച്ചറിയേണ്ടതുണ്ട്. ഇളം പ്രായം മുതൽ ദൈവവചനം വായിക്കുന്നതിനും ശ്രവിക്കുന്നതിനും പഠിക്കുന്നതിനും എല്ലാറ്റിനുമുപരിയായി ജീവിക്കുന്നതിനും നമുക്കു സാധിക്കണം. വിശുദ്ധിയിലേക്ക് തിരിയുന്നതിന് ഈശോയുടെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് ഫ്രാൻസീസ് പാപ്പായുടെ വാക്കുകൾ (ആനന്ദിച്ചാഹ്ലാദിക്കുവിൻ 63) നമുക്ക് ഓർമയിൽ സൂക്ഷിക്കാം.

ഈശോയിൽ പ്രിയപ്പെട്ടവരേ, നമ്മുടെ രൂപതയൊന്നാകെ ഈ ദൈവവചനാനുഭവത്തിലേയ്ക്കു തിരിയുന്ന അവസരമാണല്ലോ രൂപത ബൈബിൾ കൺവൻഷൻ. ഈ വർഷവുംപതിവുപോലെ ഡിസംബർ 19 മുതൽ 23 വരെയുള്ള തീയതികളിലാണ് ബൈബിൾ കൺവൻഷൻ നടക്കുന്നത്. നമ്മുടെ ഈ വർഷത്തെ ബൈബിൾ കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നത് സീറോ മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ക്ലീമീസ് കാതോലിക്ക ബാവയാണ്. അഞ്ചു ദിവസത്തെ വചനപ്രഘോഷണ ശുശ്രൂഷകൾ നയിക്കുന്നത് ബഹു. ദാനിയേൽ പൂവണ്ണത്തിൽ അച്ചനും ടീം അംഗങ്ങളുമാണ്. നമ്മുടെ രൂപതയിലെ പല ഫൊറോനകളിലും രൂപതയിലെ വൈദികർക്കും വാർഷികധ്യാനം നയിച്ചിട്ടുള്ളതാണ് അച്ചൻ. നവമാധ്യമങ്ങളിലൂടെ വളരെ ഫലപ്രദമായ വിധത്തിൽ വചനപ്രഘോഷണം നടത്തുന്ന അച്ചൻ എല്ലാവർക്കും സുപരിചിതനാണല്ലോ. ദൈവവചനത്തിന്റെ ആഴങ്ങളിലേയ്ക്ക് വലയിറക്കാൻ അച്ചന്റെ ധ്യാനചിന്തകൾ ഏവരേയും സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

നമുക്കൊരുമിച്ചിരുന്ന് മിശിഹായെ അനുഭവിക്കുന്നതിന് ദൈവം നല്കുന്ന വലിയ അവസരമാണ് ബൈബിൾ കൺവൻഷൻ ദിനങ്ങൾ. പരിശുദ്ധകുർബാനയിലൂടെയും

കുമ്പസാരത്തിലൂടെയും ദൈവവചനശ്രവണത്തിലൂടെയും അവിടെ ഈശോ നമ്മുടെകൂടെ വരുന്നു. രൂപതയുടെ ഏറ്റവും വലിയ ആത്മീയവിരുന്നാണിത്. പരിശുദ്ധകുർബാന ഏറ്റവും ആഘോഷമായി അർപ്പിക്കുന്നതും, ഓരോ ദിവസവും ആയിരങ്ങൾ കുമ്പസാരമെന്നകൂദാശ സ്വീകരിക്കുന്നതും, രണ്ടു നേരങ്ങളിലായുള്ള വചനപ്രഘോഷണങ്ങളും ഈ ബൈബിൾ കൺവൻഷന്റെ പ്രത്യേകതകളാണ്. നമ്മുടെ രൂപതയിലെ എല്ലാവരും ഏതെങ്കിലും വിധത്തിൽ ഇതിൽ പങ്കാളികളാകണം എന്നതാണ് എന്റെ ആഗ്രഹം. എല്ലാ ഇടവകകളിൽനിന്നും സാധിക്കുന്നിടത്തോളംപേർ ഇതിൽ പങ്കെടുക്കണം. അതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നത് ഒരു വചനശുശ്രൂഷയാണ് എന്ന ബോധ്യത്തോടെ ബഹു. വികാരിയച്ചന്മാരും പള്ളിക്കമ്മറ്റിക്കാരും ഇതിന് നേതൃത്വം നല്കുന്നുണ്ട് എന്നത് സന്തോഷകരമായ കാര്യമാണ്. ഈ വർഷവും അങ്ങനെ ചെയ്യണമെന്ന് പ്രത്യകം അഭ്യർഥിക്കുന്നു.ഏതെങ്കിലുംകാരണത്താൽ കൺവൻഷന് വരാൻ സാധിക്കാത്തവർ ഇന്റെർനെറ്റ് വഴിയുള്ള ലൈവ് സംപ്രേഷണത്തിലൂടെയോ യൂടൂബിലുടെ ലഭ്യമാകുന്നതനുസരിച്ചോ വചനം ശ്രവിക്കുന്നതിനും ആ ദിവസങ്ങളിൽ തങ്ങളായിരിക്കുന്നയിടങ്ങളിൽ പരിശുദ്ധകുർബാനയിൽ പങ്കെടുത്തും കുമ്പസാരമെന്നകൂദാശ സ്വീകരിച്ചും രൂപതകൂട്ടായ്മയുടെ ഈ മിശിഹായനുഭവത്തിൽ പങ്കുചേരണം. നമ്മൾ എല്ലാവരും ഒരുമിച്ച് ഈശോയിലേക്ക് തിരിയുന്ന അവസരമാകണം ഇത്. കൺവൻഷന്റെ ഫലപ്രാപ്തിക്കായി എല്ലാവരും പ്രാർഥിച്ചൊരുങ്ങണം. അതിനായി തയ്യാറാക്കി തന്നിരിക്കുന്ന പ്രാർഥന എല്ലാ കുടുംബങ്ങളിലും ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും പ്രാർഥിക്കണം.

ദൈവവചനത്തെ ഉദരത്തിൽ സ്വീകരിച്ച് ലോകത്തിന് നല്കുകയും ദൈവഹിതത്തിന് സ്വയം സമർപ്പിക്കുകയും ചെയ്ത പരിശുദ്ധ കന്യാമറിയത്തിന്റെയും സമർപ്പിത ജീവിത

ത്തിലും സഹനത്തിന്റെ മാർഗത്തിലും വചനത്തിന് സാക്ഷ്യം നല്കിയ വിശുദ്ധ അൽഫോൻസാമ്മയുടെയും മദ്ധ്യസ്ഥ തയക്കു നിങ്ങളെ ഓരോരുത്തരെയും പ്രത്യേകിച്ച് ബൈബിൾ കൺവൻഷനേയും സമർപ്പിച്ചുകൊണ്ടും ആഗതമാകുന്ന ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ടും നിങ്ങൾ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

മെത്രാസനമന്ദിരം
പാലാ, 28-11-2019

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: ഈ ഇടയലേഖനം 2019 ഡിസംബർ 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന അർപ്പണമുള്ള മഠങ്ങളിലും സ്ഥാപന ങ്ങളിലും കുർബാന മധ്യേ വായിക്കേണ്ടതാണ്.

Ref: 3231/K-5/KCBC/OL/DS 08.11.2019

# 2019 ഡിസംബർ 29 ബൈബിൾ ഞായർ
# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പിതാവായ ദൈവം മനുഷ്യരക്ഷയ്ക്കായി ലോകത്തിലേക്കയച്ച സ്വപുത്രൻ മനുഷ്യരൂപമെടുത്ത് നമ്മുടെയിടയിൽ കൂടാരമടിച്ചതിന്റെ ഓർമയാണ് ആരാധനാവത്സരത്തിലെ ആഗമന കാലത്തിലും തിരുപ്പിറവി കാലത്തിലും നിറഞ്ഞുനില്ക്കുന്നത്. യേശുക്രിസ്തുവിനെ കൂടുതലായി അറിയാനും സ്നേഹിക്കാനും നമ്മുടെ ജീവിതത്തിലേക്ക് സ്വീകരിക്കാനുമാണ് ഈ ദിനങ്ങളിൽ നാം പ്രത്യേകമായി ശ്രദ്ധിക്കുന്നത്. യേശുവിനെ അറിയാൻ വിശുദ്ധഗ്രന്ഥത്തിലേക്കാണല്ലോ നാം പ്രഥമമായി തിരിയേണ്ടത്. ബൈബിളിന് വ്യക്തിജീവിതത്തിലും സഭാജീവിതത്തിലുമുള്ള പ്രാധാന്യം സഭാമക്കൾ തിരിച്ചറിയാനും അത് ജീവിതത്തിന്റെ അടിത്തറയാക്കാനുമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ആരാധനാവർഷത്തിലെ മൂന്നാം സാധാരണ ഞായർ 'ദൈവവചന ഞായർ' ആയി ആഘോഷിക്കണമെന്ന് '*അപെരൂയിത് ഇല്ലിസ്*' (Aperuit Illis - AI) എന്ന അപ്പസ്തോലിക ലേഖനത്തിൽ 2019 സെപ്റ്റംബർ 30-ാം തീയതി പ്രഖ്യാപിക്കുകയുണ്ടായി.

ദൈവവചനത്തിൽ രൂപമെടുക്കുകയും (cf. അപ്പ 2,41-42; റോമാ 10,17) വചനത്താൽ പോഷിതയാകുകയും (cf. Dei Verbum, 21) ചെയ്യുന്ന സഭയുടെ ജീവിതത്തിൽ വചനമാകുന്ന യേശുക്രിസ്തു സന്നിഹിതനായിരിക്കുന്നത് യേശുവിന്റെ പ്രേഷ്ഠശിഷ്യനായ യോഹന്നാനു ലഭിക്കുന്ന മനോഹരമായ ദർശനത്തിലുണ്ട്: "സ്വർണനിർമിതമായ ഏഴു ദീപപീഠങ്ങൾ ഞാൻ കണ്ടു. ദീപപീഠങ്ങൾക്കു മധ്യേ മനുഷ്യപുത്രനെപ്പോലുള്ള ഒരുവൻ" (വെളി 1,12-13). സഭയാകുന്ന ദീപപീഠങ്ങൾക്കു മധ്യേ നില്ക്കുന്ന ഈ മനുഷ്യപുത്രൻ ആരെന്ന് വെളിപാടിലെ

സമാപന ദൃശ്യത്തിൽ വ്യക്തമാക്കുന്നു: "അവൻ വിളിക്കപ്പെടുന്ന നാമം ദൈവവചനം എന്നാണ്" (വെളി 19,13). ദൈവവചനമാകുന്ന യേശുക്രിസ്തുവിനെ അറിയാനും അടുത്തനുകരിക്കാനും വിശുദ്ധഗ്രന്ഥത്തിലേക്കാണ് നാം തിരിയേണ്ടത്. ക്രിസ്തീയജീവിതത്തിൽ വിശുദ്ധഗ്രന്ഥത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട്, ദൈവവചനഞായറിന്റെ പ്രധാന ലക്ഷ്യങ്ങളായി ദൈവവചനത്തിന്റെ പ്രഘോഷണവും പഠനവും വ്യാപനവും ഫ്രാൻസിസ്പാപ്പ എടുത്തുപറയുന്നു (AI, 3).

**ദൈവജനവും ദൈവവചനവായനയും**

വിശുദ്ധഗ്രന്ഥത്തിനു കാതുകൊടുക്കുന്നവരാണ് ദൈവജനം. ബാബിലോണിയായിലെ വിപ്രവാസത്തിൽനിന്ന് സ്വദേശത്തു തിരിച്ചെത്തിയ ഇസ്രായേൽജനം ഒറ്റക്കെട്ടായി (നെഹ 8,1) ജറുസലേമിൽ ജലകവാടത്തിനു മുന്നിലെ മൈതാനത്തു നില്ക്കുന്നതും അതിരാവിലേ മുതൽ മധ്യാഹ്നം വരെ എസ്രാ നിയമഗ്രന്ഥം വായിക്കുന്നതു ശ്രദ്ധാപൂർവം ശ്രവിക്കുന്നതും നെഹമിയായുടെ പുസ്തകം വിവരിക്കുന്നു (നെഹ 8,3). വചനം ശ്രവിച്ച അവർ തങ്ങളുടെ ജീവിതത്തിന്റെ പൊരുൾ അതിൽ കണ്ടെത്തുന്നു. ദൈവവചനം വിശ്വാസികളേവരെയും ഒന്നിപ്പിക്കുകയും അവരെ ഒരു ജനമാക്കിത്തീർക്കുകയും ചെയ്യുന്നു (AI, 4). ദൈവവചനമാണ് പുതിയ ദൈവജനമായ വിശ്വാസീസമൂഹത്തെ ഒന്നിപ്പിക്കുന്നത്. വിശുദ്ധഗ്രന്ഥത്തിലൂടെ നമ്മുടെയിടയിൽ സന്നിഹിതനായിരിക്കുന്ന യേശുവിന് ആരാധനാക്രമത്തിന്റെ ആഘോഷത്തിലൂടെയും വ്യക്തിപരമായ പ്രാർഥനയിലൂടെയും കാതുകൊടുക്കുകയെന്നത് വിശ്വാസികളായ നാമേവരുടെയും കടമയാണ്. കൗദാശികമായും ഏറ്റവും ആഘോഷകരമായും ബൈബിൾ വായിക്കപ്പെടുന്നത് വിശുദ്ധകുർബാനമധ്യേയാണല്ലോ. കർത്താവായ യേശു തന്റെ മണവാട്ടിയായ സഭയോടു നിരന്തരം സംസാരിക്കുന്ന സജീവവചനമാണ് ബൈബിൾ (AI, 2) എന്ന ബോധ്യത്തോടെയായിരിക്കണം കുർബാനയിലെ ദൈവവചനവായന. ക്രൈസ്തവജീവിതത്തിൽ ദൈവവചനം ശ്രവിക്കുന്നതിന്റെ പ്രാധാന്യം കണ

ക്കിലെടുത്താണ് കേരളസഭ ഏതാനും വർഷങ്ങളായി ഡിസം ബർമാസം വചനപാരായണമാസമായി ആചരിക്കുന്നത്. മാംസം ധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിയുടെ ആഘോഷ ത്തിനായുള്ള നല്ലൊരു ഒരുക്കംകൂടിയാണ് വചനപാരായണം.

**ദൈവജനവും വചനപഠനവും**

വചനത്തിനു സമർപ്പിക്കപ്പെടുന്ന ദിവസം വർഷത്തിൽ ഒരിക്കൽ മാത്രമുള്ളതല്ല, അത് വർഷംമുഴുവൻ നീണ്ടുനില്ക്കേ ണ്ടതാണ് എന്ന് ബൈബിൾ ഞായർ പ്രഖ്യാപിച്ച വേളയിൽ പരിശുദ്ധപിതാവ് ഓർമിപ്പിക്കുന്നുണ്ട് (AI, 8). വചനം വായി ക്കുകയും ശ്രവിക്കുകയും ചെയ്യുന്ന ശീലം കേരളസഭയിൽ വ്യാപകമായിരിക്കുന്നു എന്നത് ചാരിതാർഥ്യജനകമാണ്. ഈ വചനാഭിമുഖ്യം സഭയുടെ വലിയ ശക്തിതന്നെയാണ്. ബൈബിൾ വായിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നതോ ടൊപ്പം ബൈബിൾ എന്താണെന്ന് ആഴത്തിൽ മനസ്സിലാക്കേ ണ്ടതും ആവശ്യമാണ്. മനുഷ്യചരിത്രത്തിൽ ഇടപെടുന്ന ദൈവം തിന്മയുടെയും മരണത്തിന്റെയും അധീനതയിൽനിന്ന് മനുഷ്യകുലത്തെ രക്ഷിക്കുന്നതിന്റെ വിവരണമാണല്ലോ ബൈബിൾ. വിശുദ്ധലിഖിതം ക്രിസ്തുവിലുള്ള വിശ്വാസത്തി ലൂടെ രക്ഷപ്രാപിക്കുന്നതിനെക്കുറിച്ചു പഠിപ്പിക്കുന്നുവെന്ന് പൗലോസ്ശ്ലീഹാ പറയുന്നു (2 തിമോ 3,15). വിശുദ്ധഗ്രന്ഥ ത്തിൽ ഉള്ളതെല്ലാം രക്ഷയിലേക്കു നയിക്കുന്നതാണ് (DV, 11). രക്ഷയുടെ സന്ദേശം ഉൾക്കൊള്ളുന്ന ദൈവവചനത്തിന്റെ ആഴ ങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നതുവഴിയാണ് മണവാളനായ യേശു വിനോടുള്ള സ്നേഹത്തിലും വിശ്വസ്തതയിലും സഭ വളരു ന്നത്.

ബൈബിൾ പഠിക്കുന്നതിനെ രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവാവിഷ്കാരം* എന്ന പ്രമാണ രേഖയിലൂടെ ഏറെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ദൈവം തന്റെ സഭയ്ക്കു നല്കിയ വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരി ശ്രമം ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം പ്രകട മാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലി

കാഹ്വാനം (VD, 72) പ്രസ്താവിക്കുന്നു. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാർക്ക് യേശു വചനം വ്യാഖ്യാനിച്ചുകൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്കാ 24,32) വചനം ബൈബിൾ പഠിതാക്കൾക്ക് പ്രോത്സാഹനമാകണം. ദൈവവചനപഠനം ക്രിസ്തീയജീവിതത്തിന് ഉണർവേകുകയും വിശ്വാസത്തെ ഉറപ്പിക്കുകയും ചെയ്യും.

**ദൈവവചനത്തിന്റെ വ്യാപനം**

നമ്മെ രക്ഷയിലേക്കു നയിക്കുന്ന ദൈവവചനം വലിയ ഒരു ഉത്തരവാദിത്വംകൂടി നമ്മെ ഭരമേല്പിക്കുന്നുണ്ട്. യേശുവിലുള്ള രക്ഷയുടെ സന്ദേശം ലോകംമുഴുവൻ വ്യാപിപ്പിക്കാനുള്ള ദൗത്യം യേശു നമുക്കു നല്കിയിരിക്കുന്നു: "നിങ്ങൾ ലോകമെങ്ങും പോയി സർവസൃഷ്ടികളോടും എന്റെ സുവിശേഷം പ്രഘോഷിക്കുവിൻ" (മർക്കോ 16,15). പരിശുദ്ധാത്മാവിനാൽ ശാക്തീകരിക്കപ്പെട്ട ശിഷ്യന്മാർ (യോഹ 20,23; അപ്പ 24) യേശുവിന്റെ സുവിശേഷം സധൈര്യം പ്രഘോഷിച്ചു. ദൈവവചനം അവർക്ക് വായിൽ തേൻപോലെ മധുരിക്കുന്നതും ഉദരത്തിൽ കയ്പായി മാറുന്നതുമായിരുന്നു (എസെ 3,3; വെളി 10,10). ദൈവവചനത്തിലൂടെ നാമോരോരുത്തരും അനുഭവിക്കുന്ന രക്ഷ തേൻപോലെ മധുരിക്കുന്നതാണ്. ദൈവവചനത്തിന്റെ മാധുര്യം നാം കണ്ടുമുട്ടുന്നവരുമായി അതു പങ്കുവയ്ക്കാനും അതിലടങ്ങിയിരിക്കുന്ന പ്രത്യാശ പ്രഘോഷിക്കാനും (1 പത്രോ 3,15-16) നമ്മെ പ്രചോദിപ്പിക്കുന്നു. വചനത്തിന്റെ പ്രകാശം ലോകമെമ്പാടും എത്തിക്കുകയെന്ന ക്രിസ്തുശിഷ്യന്മാർ തുടങ്ങിവച്ച ദൗത്യം ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവർക്കുമുള്ളതാണെന്ന് ഒക്ടോബർ 2019-ലെ അസാധാരണ പ്രേഷിതമാസത്തെക്കുറിച്ചുള്ള മാർഗനിർദേശകരേഖയിൽ ഫ്രാൻസീസ് പാപ്പാ ഓർമിപ്പിക്കുന്നു. ദൈവവചനത്തിനു സാക്ഷ്യംനല്കാൻ അയയ്ക്കപ്പെട്ടവരാണ് ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും.

ദൈവവചനത്തിനു സാക്ഷ്യം നല്കുകയെന്നാൽ പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ജീവിതത്തിൽ

പ്രാവർത്തികമാക്കുകയാണ് അർഥമാക്കുന്നത്. കരുണാർദ്ര സ്നേഹത്തിന്റെ സമ്പൂർണ പ്രകടനമായിരുന്നു ഒന്നും തനിക്കായി മാറ്റിവയ്ക്കാതെ, എല്ലാവർക്കുമായി സർവതും ദാനം ചെയ്ത യേശുവിന്റെ ജീവിതം. ദൈവവചനം നമ്മെ കരുണയിലേക്കു നയിക്കണമെന്ന് വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ ലാസറിന്റെ ഉപമ നമ്മെ ഓർമപ്പെടുത്തുന്നുണ്ട്. ഈ ഉപമയിൽ ഏറെ ശക്തമാണ് അബ്രാഹത്തിന്റെ വാക്കുകൾ: "അവർക്ക് മോശയും പ്രവാചകരും ഉണ്ടല്ലോ. അവരെ കേൾക്കട്ടെ" (ലൂക്കാ 16,29). 'മോശയും പ്രവാചകരും' എന്നതുകൊണ്ട് ഉദ്ദേശിച്ചത് വിശുദ്ധലിഖിതംതന്നെയാണ്. വചനം ശ്രവിക്കുന്നവർ നമ്മുടെ ചുറ്റുമുള്ള ലാസറുമാരെ അവഗണിക്കരുതെന്നു ചുരുക്കം.

ദൈവവചനം ശ്രവിക്കുകയും കരുണ ജീവിതത്തിൽ പ്രാവർത്തികമാക്കുകയുമാണ് നമ്മുടെ മുന്നിലുള്ള വലിയ വെല്ലുവിളി. ദൈവവചനത്തിനു ജീവിതത്തിൽ സാക്ഷ്യം നല്കാനും ദൈവവചന വ്യാപനത്തിനായി ജീവൻ സമർപ്പിക്കാനും മുന്നിട്ടിറങ്ങുന്നവരെ കാത്തിരിക്കുന്നത് എന്താണെന്നതിന്റെ പ്രതീകമാണ് എസെക്കിയേൽ പ്രവാചകൻ മുകളിൽ സൂചിപ്പിച്ച 'ഉദരത്തിൽ അനുഭവപ്പെടുന്ന കയ്പ്'. ദൈവവചനം ജീവിതത്തിൽ സ്ഥിരതയോടെ പിഞ്ചെല്ലുക എത്ര ദുഷ്കരമാണെന്ന തിരിച്ചറിവാണിത്. നമ്മുടെ കണ്ണുകൾ തുറക്കാനും മുരടിപ്പിക്കുന്നതും തരിശുമായ വ്യക്തിവാദത്തിൽനിന്ന് (individualism) പങ്കുവയ്ക്കലിന്റെയും ഐകമത്യത്തിന്റെയും (solidarity) പുതിയ പാതയിലേക്കു നമ്മെ നയിക്കാനും ശക്തമാണ് ദൈവവചനം (AI,13). ദൈവവചന ഞായർ ആഘോഷങ്ങൾ ദൈവാനുഭവത്തിൽനിന്ന് പങ്കുവയ്ക്കലും സ്വയംദാനവുമാകുന്ന കാരുണ്യപ്രവൃത്തികളിലേക്കു നമ്മെ നയിക്കണമെന്നാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ ഇവിടെ ഉദ്ബോധിപ്പിക്കുന്നത്.

**ദൈവവചനവും കേരളസഭയും**

ഫ്രാൻസീസ് പാപ്പ ആഗോളസഭയ്ക്കായി ബൈബിൾ ഞായർ പ്രഖ്യാപിച്ചിരിക്കുന്ന ഈ അവസരത്തിൽ, വർഷങ്ങളായി നാം ബൈബിൾ ഞായറും ബൈബിൾ മാസവും ആഘോഷിച്ചു വരികയാണെന്ന് കേരളസഭയ്ക്ക് അഭിമാനപൂർവം പറയാൻ കഴിയും. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്.

വചനമേഖലയിൽ കേരളസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹപ്പെരുമഴ വലിയ ഉത്തരവാദിത്വവും നമ്മെ ഭരമേല്പിക്കുന്നുണ്ട്. ബൈബിൾ സാധാരണ ലത്തീൻഭാഷയിൽ (വുൾഗാത്ത) വിവർത്തനംചെയ്ത് ദൈവവചനം എല്ലാവരിലും എത്തിക്കാൻ പരിശ്രമിച്ച വി. ജറോമിന്റെ 1600-ാം മരണവാർഷികത്തോടനുബന്ധിച്ച് ഡിസംബർ 1-മുതൽ 2020 സെപ്റ്റംബർ 30-വരെ കൂടുതൽ ബൈബിൾ അധിഷ്ഠിത പരിപാടികൾ നടത്താൻ അന്തർദേശീയ ബിബ്ലിക്കൽ ഫെഡറേഷൻ പ്രസിഡന്റ് കർദിനാൾ ലൂയിസ് അന്തോണിയോ താഗ്ലേ ആഹ്വാനം ചെയ്യുന്നു. വചനമേഖലയിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കൂടുതൽ ഉത്സാഹത്തോടെ തുടരാൻ ഈ ആരാധനാവർഷം നമുക്ക് ഉത്സാഹിക്കാം. ബൈബിളിനുള്ള പ്രാധാന്യം എടുത്തുകാണിക്കാൻ ബൈബിൾ ഞായറോടനുബന്ധിച്ച് വിശുദ്ധകുർബാനയിൽ ബൈബിൾ ആഘോഷപൂർവം പ്രതിഷ്ഠിക്കുന്നത് ഉചിതമാണെന്ന് ഫ്രാൻസീസ് പാപ്പ വചനഞായറിനെക്കുറിച്ചുള്ള അപ്പസ്തോലികലേഖനത്തിൽ പറയുന്നുണ്ട്. വചനപാരായണമാസമായി ആചരിക്കുന്ന ഡിസംബർ മാസത്തിൽ ഇടവകകൾതോറും പ്രാർഥനാനിർഭരമായ അന്തരീക്ഷത്തിൽ ഒരു ദിവസമെങ്കിലും നീളുന്ന വചനപാരായണം സംഘടിപ്പിക്കേണ്ടതാണ്. 'ദിവ്യവായന' എന്നറി

യപ്പെടുന്ന പ്രാർഥനാരീതി വിശ്വാസികളായ എല്ലാവരും പരിശീലിക്കുന്നത് നല്ലതാണ്. ശ്രദ്ധയോടും ഭക്തിയോടുംകൂടി വിശുദ്ധഗ്രന്ഥം വായിക്കുന്നതാണ് ഇതിലെ ആദ്യഘട്ടം. തുടർന്ന് വിചിന്തനത്തിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നത് മനസ്സിലാക്കുന്നു. ദൈവവുമായുള്ള സംഭാഷണത്തിൽ ഏർപ്പെടുന്ന പ്രാർഥനയാണ് അടുത്തത്. അവസാനം നമ്മുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ സാന്നിധ്യാനുഭവത്തിലേക്ക് ഉയർത്തുന്ന പൂർണധ്യാനത്തിൽ നാം എത്തിച്ചേരുന്നു. ഇടവകകളിൽ ദൈവവചനം വായിച്ചു പ്രാർഥിക്കുന്ന കൂട്ടായ്മകൾക്കു രൂപംകൊടുക്കുന്നതുവഴി ഇടവകസമൂഹത്തിന്റെ വിശ്വാസജീവിതം ശക്തിപ്പെടുത്താൻ കഴിയും.

ഈ വർഷവും കേരളം പ്രകൃതിദുരന്തത്തിന് ഇരയായി. കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും ബൈബിൾ നഷ്ടമായവർക്ക് അവ എത്തിച്ചു നല്കാൻ ബൈബിൾ കമ്മീഷനോടൊപ്പം രൂപതാ ബൈബിൾ അപ്പോസ്തലേറ്റും സംഘടനകളും വ്യക്തികളും മുന്നിട്ടിറങ്ങിയെന്നത് സന്തോഷകരമാണ്. ബൈബിൾ ഇല്ലാത്ത കുടുംബങ്ങളിൽ ഇടവകതന്നെ മുൻകൈയെടുത്ത് ബൈബിൾ കൊടുക്കുന്നത് ഇടവകസമൂഹത്തിന്റെ കടമയായി മാറണം. ബൈബിൾ ആഴത്തിൽ ഗ്രഹിക്കാൻ പരിശുദ്ധപിതാവു നല്കുന്ന ആഹ്വാനമനുസരിച്ച്, ബൈബിൾ പഠനവേദികൾ ഒരുക്കുന്നതിന് കുടുതൽ ഇടവകകൾ മുന്നോട്ടു വരുന്നതിനെ അഭിനന്ദിക്കുന്നു.

കേരളസഭയുടെ അഭിമാനമായ ലോഗോസ് ക്വിസ് ഒരു മത്സരമെന്നതിലുപരി വചനപഠനവേദിയാണെന്ന് തിരിച്ചറിഞ്ഞ് കൂടുതൽപേരെ വചനത്തിലേക്കടുപ്പിക്കാൻ ഏവരും ഉത്സാഹിക്കേണ്ടതാണ്. കഴിഞ്ഞവർഷം ശ്രവണവൈകല്യമുള്ളവർക്കായി ലോഗോസ് സംഘടിപ്പിച്ചതുവഴി അവരുടെയിടയിൽ വചനസ്നേഹവും വചന പഠനൗത്സുക്യവും വളർത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും നമുക്കു കഴിഞ്ഞു. ശാരീരിക പരാധീനതകളുള്ളവർപോലും വചനത്തോടു കാണിക്കുന്ന ഈ ആവേശം അവരുമായി താര

തമ്യം ചെയ്യുമ്പോൾ ഏറെ കഴിവുകളുള്ള നാം എത്രമാത്രം വചനത്തിനായി സമയം കണ്ടെത്തണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്.

കേരള കത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 29-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബിൾപ്രേഷിതപ്രവർത്തനങ്ങൾക്കുപകരിക്കും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ ഹൃദയവാതിലുകൾ തുറന്ന് സ്വീകരിക്കാനും അവിടത്തെ സുവിശേഷം ഏവരിലും എത്തിക്കാനും ഉത്സാഹിക്കണമെന്ന് ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും സ്നേഹപൂർവം നേർന്നുകൊണ്ടും,

**+ ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**+ ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

ചത്തു: 2019 ഡിസംബർ 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# വൈദികരുടെ ശ്രദ്ധയ്ക്ക്

## പ്രസ്ബിത്തേരിയം

പ്രിയ ബഹു. അച്ചാ,

നമ്മുടെ അടുത്ത വൈദിക സമ്മേളനം (പ്രസ്ബിത്തേരിയം) **ഡിസംബർ 12-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30-ന് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ** കൂടുന്നവിവരം ഓർമ്മിപ്പിക്കുന്നു.

## എ.ഡി.സി.പി. വാർഷിക പൊതുയോഗം

2019 ഡിസംബർ 12-ാം തീയതി വ്യാഴാഴ്ച 12.30 pmന് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് എ.ഡി.സി.പി. യുടെ വാർഷിക പൊതുയോഗം കൂടുന്നതാണ്. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. തോമസ് പനയ്ക്കക്കുഴിയിൽ** (സെക്രട്ടറി)

## അറിയിപ്പ്

### കുടുംബസഹായനിധി

1. കുടുംബസഹായനിധിയുടെ കവറുകൾ 2019 ഡിസംബർ 4-ാം തീയതി മുതൽ ബിഷപ്സ് ഹൗസിൽനിന്നും ലഭിക്കുന്നതാണ്.
2. കുടുംബസഹായനിധി 2020 ജനുവരി 15-നു മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.

### ബൈബിൾ ഞായർ കളക്ഷൻ

ഡിസംബർ 29-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ 'ബൈബിൾ ഞായർ' പിരിവു നടത്തി പിരിഞ്ഞുകിട്ടുന്ന തുക ജനുവരി 15നു മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.

# Transfer and Appointment

| | Name | Office (Appointed/Relieved) | w.e.from |
|---|---|---|---|
| 1. | Fr. Scaria Menamparampil | Appointed Assistant Vicar, Aruvithura | 17.08.2019 |
| 2. | Fr. Kuriakose Vattamukalel | Relieved from Asst. Vicar, Teekoy and P.G Studies, St. Thomas College, Arunapuram and residence at C.R. Hostel, Arunapuram | 31.08.2019 |
| 3. | Fr. Joseph Purayidathilmattel | Appointed Assistant Vicar, Teekoy | 31.08.2019 |
| 4. | Fr. Mathew Kumbulumkal | Guest Lecturer in the Department of English, St. Alphonsa College, Arunapuram and residence at Philip's Hostel, Arunapuram | 02.09.2019 |
| 5. | Fr. Kurian Polakatt | Guest Lecturer, Department of German, St. Thomas College, Arunapuram, Pala and residence at Philip's Hostel, Arunapuram | 02.09.2019 |
| 6. | Fr. Joseph Aranjani Puthenpura | Relieved, Assistant Warden, St. Thomas Hostel, SJCET, Choondachery and Ph.D Studies in Computer Science at Bishop Heber College, Thiruchirappalli, Tamil Nadu | 23.09.2019 |

| | | | |
|---|---|---|---|
| 7. | Fr. Kuriakose Pathickalputhenpura | Appointed Assistant Vicar, Muttuchira | 28.09.2019 |
| 8. | Fr. Kurian Vellaringatt | Relieved, Pastoral Assistant, St. George Church, Lalam New and residence in Mar Aprem Priest Home, Pala, | 26.10.2019 |
| 9. | Fr. Jacob Pandaraparambil | Appointed Co-ordinator, Internet Mission, Eparchy of Palai and nominated Eparchial Co-ordinator to Syro Malabar Media Commission and Eparchial and Syro Malabar Church Internet Mission (SMCIM). (additional) | 23.11.2019 |
| 10. | Fr. Thomas Olayathil | Appointed Assistant Co-ordinator, Internet Mission, Eparchy of Palai and nominated Eparchial Co-ordinator to Syro Malabar Media Commission and Eparchial and Syro Malabar Church Internet Mission (SMCIM). (additional) | 23.11.2019 |

## പാലാ ഹോം പ്രോജക്ടിൽ നിന്നും ഈ മാസം സാമ്പത്തിക സഹായം ലഭിച്ചവർ

1. യോഹന്നാൻ തൊമ്മൻ മല്ലികശ്ശേരി - 35000
2. ലിസി ജോയി കുന്നേൽ മല്ലികശ്ശേരി - 35000
3. ലീലാമ്മ ജോർജ് കാരയ്ക്കാട്ട് മല്ലികശ്ശേരി - 15000
4. പെണ്ണി വയലിൽ മല്ലികശ്ശേരി - 25000
5. സജി ജോർജ് കോക്കാട്ടുപറമ്പിൽ - 40000
6. ജോസ് മൂന്നുപ്ലാവിൽ ഏഴാച്ചേരി - 50000
7. ജോയി തൂണുങ്കൽ മൂലമറ്റം - 25000
8. സണ്ണി കളരിക്കൽ ഉരുളിക്കുന്നം - 25000
9. റോസ് വേരനാനിക്കൽ ഉരുളികുന്നം - 100000
10. ഫിലോമിന മാത്യു മൂന്നുതൊട്ടിയിൽ ഉാലം പഴയപള്ളി- 50000
11. ജോസഫ് സ്കറിയ കുന്നംകോട്ട് ഉാലം പഴയപള്ളി - 50000
12. ദേവസ്യാ കയ്പാനിയിൽ, വെള്ളിയാമറ്റം - 35000

## പാലാ ഹോം പ്രോജക്ടിനു സാമ്പത്തിക സഹായം നൽകിയവർ

1. പ്രഫ. ജോസ് ജെ. നടുത്തൊട്ടിയിൽ - 100000

## പാലാ ഹോം പ്രോജക്ടിൽ ഈ മാസം പണി പൂർത്തിയായ വീടുകൾ

ത്രേസ്യാമ്മ വർക്കി പള്ളിപ്പറമ്പിൽ, തോടനാൽ
ജോയി കളപ്പുരപ്പറമ്പിൽ, തോടനാൽ
ഫിലോമിന മാത്യു മൂന്നുതൊട്ടിയിൽ, ഉാലം പഴയപള്ളി
ദേവസ്യാ കയ്പാനിയിൽ, വെള്ളിയാമറ്റം
ബേബി ഇല്ലിക്കുഴുപ്പിൽ, ഉദയഗിരി
ചാക്കോ കുഴിക്കാട്ടുമേപ്പുറം, ഇലഞ്ഞി

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

GOOD SHEPHERD MINOR SEMINARY
KAROOR P.O., PALA - 686 574 Ph. No. 04822 - 212362

സ്നേഹബഹുമാനപ്പെട്ട അച്ചാ,

തിരുപ്പിറവിയുടെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ പാലാ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ നിന്നു പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

ദൈവവിളികണ്ടെത്തുവാനും വിളിയുള്ളവർക്കു മാർഗ്ഗനിർദ്ദേശം നൽകുവാനും **Come & See** പ്രോഗ്രാം വളരെ പ്രയോജനപ്രദമായി കാണുന്നതിനാൽ ഈ വർഷം അതു നടത്തുന്നതാണ്.

**2019 ഡിസംബർ 28-ാം തീയതി ശനിയാഴ്ച 9.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞു 3.30 ന്** സമാപിക്കത്തക്ക രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. **10, +2 ക്ലാസ്സുകാരെയും, അല്ലെങ്കിൽ ഉപരിയോഗ്യതയുള്ളവരെയും മാത്രം ഉദ്ദേശിച്ചാണ്** ഈ പ്രോഗ്രാം നടത്തുന്നത് എന്ന കാര്യം പ്രത്യേകം അനുസ്മരിപ്പി ക്കുന്നു.

ദൈവവിളിയോട് ആഭിമുഖ്യമുണ്ടെന്ന് അച്ചനു തോന്നുന്ന നിർദ്ദിഷ്ട ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ ഈ പരിപാടിയിലേയ്ക്കു പറഞ്ഞുവിടാൻ അച്ചൻ ശ്രമിക്കുമല്ലോ. ദൈവവിളി പ്രോത്സാഹനത്തിന് അച്ചൻ നൽകിക്കൊണ്ടിരി ക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു.

സ്നേഹാശംസകളോടെ,

**റവ. ഫാ. ജോസഫ് മുത്തനാട്ട്**

റെക്ടർ

1. രജിസ്ട്രേഷൻ ഫീസില്ല.
2. അച്ചന്റെ ഇടവകയിൽനിന്ന് എത്രപേർ ഉണ്ടെന്ന വിവരം **ഡിസംബർ** 26-ാം തീയതിക്കകം അറിയിച്ചാൽ ഉപകാരമായി രുന്നു.

# ബൈബിൾ കൺവെൻഷൻ – കുമ്പസാരം

ബൈബിൾ കൺവെൻഷൻ ദിവസങ്ങളിലെ കുമ്പസാരത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരുടെ പേരും സമയവിവരവും താഴെ ചേർക്കുന്നു. ബഹു. വൈദികർ കൃത്യസമയത്തുതന്നെ വന്ന് സദയം സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

**മാർ ജേക്കബ് മുരിക്കൻ**
പാലാ രൂപതാ സഹായമെത്രാൻ

പാലാ
29.11.2019

| **December 20 Friday**<br>**Morning Session 10.00-12.30** | **December 20 Friday**<br>**Evening Session 04.30-07.30** |
|---|---|
| **V Rev. Frs.** | **Rev. Frs.** |
| Kollamparambil sebastian | Arackaparambil Mathew |
| Mandapathil George | Cheenothuparambil Joseph |
| Menachery Thomas | Chennattu Mathew |
| Vettukallel Sebastian | Cherukarakunnel Sebastian |
| **Rev. Frs.** | Edettu John |
| Brahmanavelil Thomas | Inchakuzhiyil Augustine |
| Ellathuparambil Joseph | Kakkaniyil Abraham |
| Kachiramattam Augustine | Kannamthanam John |
| Kalapurackal Joseph | Karottukizhakkel Thomas |
| Kaniyampadickal Sebastian | Kizhakke Aranjaniyil Mathew |
| Keeramthadathil Joseph | Kizhakkeparambil Michael |
| Kumbulumoottil Sebastian | Madathikunnel Paul |
| Kuppapuzhackal Abraham | Mattam John |
| Kuruppasserriyil Joseph | Moongamakal Vincent |
| Nellikunnucheruvupurayidom George | Muthuplackal Mathew |
| Palackaparambil Augustine | Naduthadam Sebastian |

| | |
|---|---|
| Palakkattukunnel Mathew | Narikkatt Michael |
| Pandarakappil Alex | Olickal Alexander |
| Parackal Paul | Paruthiparayil Thomas |
| Pendanam Sebastian | Pottakulam Jacob |
| Pulinthanathu Kuriakose | Tharappel Joseph Sr |
| Thadickaparambil Kuriakose | Thuruthippally Mathew |
| Thonikuzhiyil Sebastian | Vennayippillil James |
| Varickamakkal Emmanuel | Vettukattil Thomas |
| Vayalil Joseph | |
| Vettukallel George | |
| | |
| **December A36:B4621 Saturday**<br>**Morning Session 10.00-12.30** | **December 21 Saturday**<br>**Evening Session 04.30-07.30** |
| **V Rev. Frs.** | **Rev. Frs.** |
| Ancheril Jose | Ennackappally Mathew |
| Aranjaniputhenpura Augustine | Ezhuparayil Joseph |
| Koottiyaniyil Augustine | Kalayil Kurian |
| Njarakunnel George V. | Kizhakkel Thomas |
| Thadathil Joseph (jr.) | Kochodackal Thomas |
| **Rev.Frs.** | Kochukaippettiyil Cyriac |
| Ammottukunnel Mathew | Kochumuriyil Joseph |
| Attappattu Zacharias | Koonanickal Joseph |
| Chackalackal Joseph | Kottarathil Emmanuel |
| Cheeramkuzhy Michael | Kunnumpuram Berchumans |
| Chillackal Thomas | Kuttianickal Mathew |
| Kadaplackal Sebastian | Kuttikkatt Thomas |
| Kadookunnel Mathew | Meyickal Joseph |
| Kalachirayil Thomas | Moloparambil Scaria |
| Kavalammackal Mathew | Moolechalil George |
| Kochayyankanal James | Nadackal Antony |
| Kolath Mathew | Nadackal George |

| | |
|---|---|
| Kottayil Jose | Naduvilekutt Ignatius |
| Kottayil Kurian | Nellickal George |
| Madathikunnel Joseph | Olayathil Thomas |
| Malamackal Scaria | Paraplackal Augustine |
| Mannookuzhumpil George | Polachirakunnupuram George |
| Mattel Francis | Punnathanathukunnel Mathew |
| Mulanjanal Joseph | Puthumana Joseph |
| Mylapparambil Joseph | Puzhakkara Sebastian |
| Naduviledom Paul | Puzhakkara Sebastian |
| Narively Mathew | Pympallil George |
| Palliparambil George | Thadathil Joseph Sr. |
| Panachickalkarottu James | Thalavayalil Abraham |
| Pathickaputhenpurayil Kuriakose | Tharappel Joseph Jr. |
| Purayidom Thomas | Vadakkekara Michael |
| Puthoor Sebastian | Vanchipurackal George |
| Vadakara Joseph | Vennayappallil Mathew |
| Vadakkel Cyriac | Vettathel Joseph |
| Valiyaveettil Kalappura Sebastian | Vettukallel James |
| Varickamakal Augustine | Vilakunnel Joseph |
| Vettukallel Mathew | |
| | |
| **December 22 Sunday**<br>**Morning Session 10.00-12.30** | **December 22 Sunday**<br>**Evening Session 04.30-07.30** |
| **V Rev. Frs.** | **Rev. Frs.** |
| Muthanattu Joseph | Alencheril Joseph |
| Nellickatheruvil Jose | Ambattu Joseph |
| Vallompurayidom Joseph | Ammanathukunnel Joseph |
| **Rev Frs.** | Anithanam Kurian |
| Adappacheril Sebastian | Chollanal George |
| Alappattumedayil Mathew | Choorakkatt George (jr.) |
| Ampazhathumkal George | Erimattathil Abraham |

| | |
|---|---|
| Anithottathil Gervasis | Ettackakunnel George |
| Illimoottil Joseph | Ettuparayil Sebastian |
| Kakkallil Jose | Kadalikattil Mathew |
| Kappiliparambil Kuriakose | Kozhuppankutty Mani |
| Kavanadimalayil Mathew | Kudilil James |
| Keeranchira Jose | Kumbulumkal Mathew |
| Koramkuzha Mathew | Kumminiyil Joseph |
| Kuttiyanickal Sebastian | Kunnackattu Cherian (Joby) |
| Kuttiyankal Joseph | Maniangattu Joseph |
| Madappallil Thomas | Maprakarottu Sebastian |
| Mangalath James | Mathilakath Mathew |
| Mannoor Thomas | Nirappil Cyriac |
| Mattam Kurian | Olickal Thomas |
| Mukaleparambil Joseph | Ouseparambil Michael |
| Njavally Thomas | Paikada Alexander |
| Palithottom John | Pakkarambel John |
| Pallackal Joseph | Palackathadathil Abraham |
| Pandaraparampil Jacob | Panampuzha Joseph |
| Parackal Thomas | Pandiyamackal Joseph Sr. |
| Pazheparambil George | Panthiruvelil Martin |
| Pazheparambil Sebastian | Parambithadathil George |
| Pulavelil Joseph (jr) | Parekkattu Emmanuel |
| Pullukalayil Mathew | Pattery Thomas |
| Puthiyaparambil Jacob | Polakatt Kurian |
| Puthiyidath Mathew | Potheettel John |
| Thayyil Thomas | Purayidathil Joseph |
| Thazhathuvarickayil Joseph | Thadathil Mathew |
| Thekkel Joseph Jr | Thengumpallil Joseph |
| Thekkel Mathew | Theruvil Joseph |
| Vadakkekutt Joseph | Thottumkal Thomas |
| Vadakkethakidiel Kuriakose | Valummel Thomas |

| | |
|---|---|
| Vazhacharickal Thomas | Varakukalaparambil George |
| | Varickamakal Kurian |
| | Vattamukalel Kuriakose |
| | Vattappally Joseph |
| | Vazhackapara Joseph |
| | Vekathanam Scaria |
| | Velamparambil Cyrus |
| | |
| **December 23 Monday**<br>**Morning Session 10.00-12.30** | **December 23 Monday**<br>**Evening Session 04.30-07.30** |
| **V Rev. Frs.** | **Rev. Frs.** |
| Alappattukunnel Sebastian | Ambattupadavil Joseph |
| Edathumparambil Joseph | Ambazhathinal George |
| Kozhuppankutty Augustine | Aranjaniputhenpura Joseph |
| Padickakuzhuppil Sebastian | Cherukarakunnel Joseph |
| Pullattu Thomas | Edathinal Francis |
| Theruvath Augustine | Illimoottil Thomas |
| **Rev. Frs.** | Kaitholil Joseph |
| Arackal Joseph | Kalayil Mathew |
| Ayallukunnel Thomas | Kallarackal Martin |
| Chamakalayil Sebastian | Kavumpurath George |
| Eruvelikunnel Antony | Kizhakke Kollithanam Thomas |
| Kandathikudlil Augustine | Kizhakkearanjaniyil George |
| Karikulam Joseph | Kumbuckal Thomas |
| Kulamakkal Abraham | Kurisummoottil Mathew |
| Kulangara Philip | Kuttarappallil John |
| Kunnappally Jose | Kuttiyanikal Mathew |
| Kurumuttom Joseph | Madickangal James |
| Madathiparambil Thomas | Madukkavil George |
| Manianchira Joseph | Malayilputhenpura Thomas |
| Mecheril Joseph | Mannanal Joseph |

| | |
|---|---|
| Modiyil Scaria | Mattamundayil John |
| Moolayil Thomas | Menamparambil Scaria |
| Narithookkil Kuriakose | Moolayil Cherian |
| Parackal Paul | Mundackal Joseph |
| Parathotty Mathew | Mundunadackal Mathew |
| Parekunnel George | Njarakattil Joseph |
| Pariyappanal Johnson | Panackakuzhiyil Thomas |
| Peedikamalayil Augustine | Panthalanickal Christy |
| Pinakkattu Mathew Jr. | Panthalanickal Mathew |
| Ponnumvarickayil George | Paravummel Joseph |
| Poovathumkal Jose | Pariyath Joseph Sr. |
| Poovathumkal Joseph | Periyappuram Emmanuel |
| Pulickaparambil Mathew | Pezhumkattil Abraham |
| Purayidathilmattel Jomcy | Porunnolil James |
| Puthiyamattom John | Pulleett Johnson |
| Puthiyaparampil George | Pullukalayil George |
| Puthiyidath Joseph | Punnathanathu Thomas |
| Thadathil Cyriac | Puthettu Cyriac |
| Thannickapara Joseph | Thadathil Kurian |
| Theruvil George | Thakidiel Abraham |
| Vadakkel Jacob | Thekkumcherikunnel Sebastian |
| Vadakkenellikattil Joseph | Thevarkunnel Mathew |
| Valayampallil Mathew | Thudiyanplackal Kuruvila |
| Vanchipurackal Joseph | Vadakkemangalath Joseph |
| | Vattappalam Devasiachen |
| | Vayalil James |
| | Vazhackaparayil Mathew |
| | Vellachalil Kuriakose |

# COLLECTION LIST

| PARISH | JUSTICE SUNDAY | K.C.Y.M. | SABHA DINAM (SYRO MALABAR) | JESUS FRATERNITY | PALA CARITAS |
|---|---|---|---|---|---|
| ADIVARAM | 1150.00 | 1010.00 | 1000.00 | 1000.00 | 1160.00 |
| ADUKAM | 750.00 | 850.00 | 900.00 | 700.00 | 2000.00 |
| AIMCOMBU | | | | | |
| ALPHONSAGIRI | | | 1510.00 | 2100.00 | 3600.00 |
| ALPHONSAPURAM | | 1000.00 | 1000.00 | 1000.00 | 2000.00 |
| AMPARANIRAPPEL | | 1200.00 | 1400.00 | 2500.00 | 9870.00 |
| ANTHINADU | 1200.00 | 1400.00 | 1600.00 | 1300.00 | 10200.00 |
| ARAKULAM NEW | 2000.00 | 2500.00 | 4000.00 | 3000.00 | |
| ARUNAPURAM | 3000.00 | 1000.00 | 2500.00 | 1500.00 | 10000.00 |
| ARUNOOTTIMANGALAM | | | | | |
| ARUVITHURA | 17955.00 | 30195.00 | 22090.00 | 25350.00 | 26195.00 |
| AYYAMPARA | 900.00 | 980.00 | 1096.00 | 850.00 | 950.00 |
| BHARANANGANAM FORANE | 20000.00 | 20720.00 | 21240.00 | 25000.00 | 58000.00 |
| CHAKKAMPUZHA | 3000.00 | | 2300.00 | 1500.00 | 7527.00 |
| CHEMMALAMATTAM | | 3500.00 | 13350.00 | | |
| CHEMPILAVU | 250.00 | 200.00 | 270.00 | 200.00 | 937.00 |
| CHENNAD | 1500.00 | 1500.00 | 4020.00 | 2500.00 | 5000.00 |
| CHERPUMKAL FORANE | 12000.00 | 12000.00 | 20000.00 | 11000.00 | 35000.00 |
| CHETTUTHODU | | | 1474.00 | | |
| CHITTAR | 1500.00 | 1000.00 | 1300.00 | 1000.00 | 1500.00 |
| CHOLATHADAM | 300.00 | 300.00 | 275.00 | 300.00 | 500.00 |
| CHOONDACHERY | 750.00 | 450.00 | 850.00 | 650.00 | 640.00 |
| EDADU | | | | | |
| EDAMARUKU | 2000.00 | 2081.00 | 2210.00 | 2300.00 | 3414.00 |
| EDAPPADY | 1500.00 | 1000.00 | 3000.00 | 2000.00 | 22050.00 |
| ELAMTHOTTAM | 6194.00 | 4194.00 | 2060.00 | 4619.00 | 6043.00 |

| | | | | | |
|---|---|---|---|---|---|
| ELANJI FORANE | 4500.00 | 3500.00 | 3800.00 | 4200.00 | 10000.00 |
| ELAPPALLY | 560.00 | 433.00 | 480.00 | 430.00 | |
| EZHACHERRY | 1700.00 | 1700.00 | 2400.00 | 1800.00 | 2000.00 |
| FATHIMAPURAM | 2500.00 | 1500.00 | 2000.00 | 2250.00 | 5000.00 |
| GAGULTHA | | | | | |
| GEOVALLY | 1500.00 | | | 1500.00 | |
| IDAMATTAM | 2500.00 | 2000.00 | 2693.00 | 2500.00 | 10869.00 |
| JAIGIRI | 500.00 | 700.00 | 1000.00 | 600.00 | 1500.00 |
| JOSE MOUNT | 800.00 | 1750.00 | 1700.00 | 800.00 | |
| JOSEGIRI | 2500.00 | 650.00 | 1500.00 | 600.00 | |
| KADANAD | 2300.00 | 2000.00 | 4600.00 | 1800.00 | 10000.00 |
| KADAPLAMATTAM | 1900.00 | 2760.00 | 4600.00 | 2000.00 | 10000.00 |
| KADUTHURUTHY | 6500.00 | 4000.00 | 5100.00 | 3500.00 | 15000.00 |
| KAIPPALLY | 1000.00 | 600.00 | 500.00 | | |
| KAKKOOR | | 2000.00 | 2650.00 | | 6500.00 |
| KAKOMBU | 800.00 | 600.00 | 1200.00 | 800.00 | 1000.00 |
| KALATHOOKADAVU | 2500.00 | 2500.00 | 3000.00 | 3000.00 | 5000.00 |
| KALATHOOR | 3500.00 | 3000.00 | 2000.00 | 2000.00 | 10000.00 |
| KALIKAVU | 11500.00 | 4000.00 | 5000.00 | 4700.00 | 9557.00 |
| KANJIRAMATTAM | 8000.00 | | 4617.00 | 8500.00 | 10496.00 |
| KANJIRATHANAM | 6097.00 | 4126.00 | | 5715.00 | 5337.00 |
| KARIMPANY | | | | | |
| KAROOR | | 2000.00 | 2050.00 | | |
| KAVEEKUNNU | | 1000.00 | 2500.00 | 1150.00 | 7500.00 |
| KAVUMKANDAM | | 3470.00 | 2497.00 | 3322.00 | 4270.00 |
| KEEZHOOR | 2000.00 | 2000.00 | 2300.00 | 2000.00 | 2200.00 |
| KIZHAPARAYAR | 2000.00 | 1500.00 | 2000.00 | 1000.00 | 2000.00 |
| KIZHATHADIYOOR, | 8491.00 | | 5207.00 | 10943.00 | |
| KONDAD | 1000.00 | 400.00 | 1200.00 | 700.00 | 5750.00 |
| KOODALLOOR | 1200.00 | 1200.00 | 1300.00 | 1100.00 | 4000.00 |
| KOOTHATTUKULAM | 2300.00 | 2500.00 | 3500.00 | 2000.00 | 11400.00 |

| | | | | | |
|---|---|---|---|---|---|
| KOOTTIKAL | 3430.00 | 2130.00 | 5110.00 | 3355.00 | 5140.00 |
| KOTHANALLOOR | 8150.00 | 4890.00 | 8360.00 | 5160.00 | |
| KOZHUVANAL | 3333.00 | 3333.00 | 7007.00 | 2222.00 | |
| KUDAKKACHIRA | 5060.00 | 3760.00 | 10090.00 | 5265.00 | 15140.00 |
| KUDAYATHOOR | | 1200.00 | 1200.00 | | |
| KULAMAVU | | | | | |
| KUNNONNI | 700.00 | 500.00 | 600.00 | 600.00 | 2000.00 |
| KURAVILANGAD | 25930.00 | 23615.00 | 13610.00 | 26999.00 | 29356.00 |
| KURICHITHANAM | 4000.00 | 1000.00 | 3000.00 | 7000.00 | 2000.00 |
| KURINJI | 400.00 | 450.00 | 600.00 | 350.00 | 5530.00 |
| KURUMANNU | 1400.00 | 1000.00 | 1500.00 | 2000.00 | 5000.00 |
| KURUVINAL | | 750.00 | 1500.00 | 500.00 | |
| LALAM NEW PALAI | 13540.00 | 7962.00 | 6372.00 | 9910.00 | 9942.00 |
| LALAM OLD PALAI | 15930.00 | 17430.00 | 11310.00 | 14710.00 | 34220.00 |
| LOURDES MOUNT | 220.00 | 220.00 | 230.00 | 230.00 | |
| MALAPURAM | 700.00 | 650.00 | 800.00 | 500.00 | 1500.00 |
| MALAYINCHIPARA | 600.00 | 1500.00 | 2000.00 | 1050.00 | 1550.00 |
| MALLIKASSERY | 1000.00 | 600.00 | 1000.00 | 1000.00 | 1000.00 |
| MANALUMKAL | 950.00 | 950.00 | 1250.00 | 1000.00 | 3500.00 |
| MANATHOOR | 4000.00 | 3000.00 | 6113.00 | 4000.00 | 10000.00 |
| MANGALAGIRI | 300.00 | 300.00 | 1000.00 | 400.00 | |
| MANGALARAM | 1500.00 | 600.00 | 800.00 | 1500.00 | |
| MANIAMKULAM | 700.00 | 450.00 | 800.00 | 650.00 | 700.00 |
| MANIAMKUNNU | | 2840.00 | 2215.00 | 2160.00 | 7500.00 |
| MANJAMATTAM | 800.00 | 700.00 | 1000.00 | 700.00 | 3495.00 |
| MANNACKANAD | | 700.00 | 1500.00 | | 6000.00 |
| MANNAR. | 1000.00 | 1000.00 | 1250.00 | 1000.00 | 1500.00 |
| MANNARAPPARA | 5000.00 | 3732.00 | 5000.00 | 4017.00 | 10000.00 |
| MANVETTAM | 10000.00 | 5000.00 | 10000.00 | 10000.00 | 20000.00 |
| MARANGATTUPALLY | 2295.00 | 2869.00 | 7939.00 | 2273.00 | 3414.00 |
| MARANGOLY | | | 1085.00 | | |

| | | | | | |
|---|---|---|---|---|---|
| MARYLAND | | 1200.00 | 3500.00 | | |
| MATTAKKARA | 800.00 | 880.00 | 1200.00 | 700.00 | 6000.00 |
| MAVADY | 1000.00 | | 1500.00 | | 1000.00 |
| MEENACHIL | | 2320.00 | 1850.00 | | |
| MELUKAVUMATTAM | 1700.00 | 1665.00 | 2705.00 | 1500.00 | |
| MEVIDA | | | | | |
| MONIPPALLY | | | | | |
| MOOLAMATTAM | 2000.00 | 2000.00 | 14000.00 | 2000.00 | 19000.00 |
| MOONNANI | | | | | |
| MOONNILAVU | 1500.00 | 1500.00 | 5000.00 | 1000.00 | 4000.00 |
| MOOZHOOR | | | | | |
| MULAKULAM | 2500.00 | | 710.00 | | |
| MUTHOLAPURAM | 3000.00 | 3000.00 | 8000.00 | 3000.00 | 9000.00 |
| MUTHOLY | 2790.00 | | 1778.00 | 1994.00 | 3000.00 |
| MUTTUCHIRA FORANE | 15581.00 | 4135.00 | 8000.00 | 7137.00 | 6000.00 |
| NAMBIAKULAM | 3000.00 | 1250.00 | 4000.00 | 2700.00 | 9000.00 |
| NARIANGANAM | 500.00 | 300.00 | 500.00 | 300.00 | 3600.00 |
| NEELOOR | 600.00 | 700.00 | 500.00 | 600.00 | 9500.00 |
| NEERANTHANAM | 2617.00 | 1500.00 | 2100.00 | 1700.00 | 19773.00 |
| NELLAPPARA | 333.00 | 333.00 | 555.00 | 333.00 | |
| NELLIANI | 2630.00 | 1780.00 | 1680.00 | 2210.00 | 3000.00 |
| PADUVA | 4574.00 | 3824.00 | 1723.00 | 5002.00 | 7611.00 |
| PAIKA | 5600.00 | 4000.00 | 8000.00 | 4400.00 | 4000.00 |
| PAINGULAM | 2000.00 | 1500.00 | 2000.00 | 2000.00 | 4000.00 |
| PALAI CATHEDRAL | 2000.00 | 2500.00 | 5000.00 | 1000.00 | 50000.00 |
| PALAKAD | 3550.00 | 2800.00 | 2850.00 | 3000.00 | 6000.00 |
| PALAKATTUMALA | 2002.00 | 3763.00 | 1799.00 | 3352.00 | 4638.00 |
| PALAYAM | 2300.00 | 1405.00 | 1625.00 | 2140.00 | |
| PARATHANAM | 6902.00 | | 3937.00 | 5847.00 | |
| PAYYANITHOTTAM | 400.00 | 300.00 | 600.00 | 400.00 | |

| | | | | | |
|---|---|---|---|---|---|
| PERIAPURAM | | | | | 5000.00 |
| PERINGULAM | 3000.00 | 1500.00 | 3000.00 | 1500.00 | 6000.00 |
| PERUMTHURUTH | 750.00 | 750.00 | 1000.00 | 750.00 | 750.00 |
| PIRAVOM | 1100.00 | 1100.00 | 1200.00 | 1000.00 | 7480.00 |
| PIUSMOUNT | 500.00 | 600.00 | 1100.00 | 500.00 | 7100.00 |
| PLASSANAL | 2600.00 | 3000.00 | 2200.00 | 2000.00 | 12808.00 |
| POONJAR | 4000.00 | 1000.00 | 6500.00 | 2000.00 | 17000.00 |
| POOVAKULAM | 501.00 | 502.00 | 501.00 | 502.00 | 5095.00 |
| POOVARANY | | | | 53000.00 | 20000.00 |
| POOVATHODU | 2675.00 | 2083.00 | 1935.00 | | 7820.00 |
| POOZHIKOL | | | | | |
| PRAVITHANAM | 4200.00 | 4300.00 | 7000.00 | 4000.00 | 25000.00 |
| RAMAPURAM | | | | | |
| RATNAGIRI | 3270.00 | | | 4820.00 | |
| SANTHIGIRI. | | 868.00 | 864.00 | 723.00 | 800.00 |
| SANTHIPURAM | 500.00 | 500.00 | 1500.00 | 500.00 | 3000.00 |
| SIBIGIRI | 1500.00 | 1000.00 | 5000.00 | 1500.00 | 3000.00 |
| SLIVAPURAM | 500.00 | 500.00 | 500.00 | 500.00 | |
| TEEKOY | 6800.00 | 6100.00 | 9292.00 | 6200.00 | |
| THAKADI | | | | | |
| THIDANAD | 9100.00 | 8000.00 | 7120.00 | 8400.00 | 9900.00 |
| THIRUMARADY | 500.00 | | | 500.00 | |
| THODANAL | 2685.00 | 2278.00 | 3096.00 | 2805.00 | 3890.00 |
| THUDANGANAD FORANE | | | | | |
| THURUTHIPALLY | 1800.00 | 1000.00 | 1500.00 | 1200.00 | 2000.00 |
| UDAYAGIRI | 1440.00 | 1071.00 | 800.00 | 1050.00 | 1400.00 |
| ULLANAD | 1770.00 | 1270.00 | 3500.00 | 1550.00 | 8000.00 |
| URULIKUNNAM | 2000.00 | 1800.00 | 2200.00 | 1500.00 | 1300.00 |
| URUMPUKAVU | 2000.00 | 2000.00 | 5000.00 | 2000.00 | 8500.00 |
| VADAKARA | 1200.00 | 1100.00 | 1300.00 | 1100.00 | 1100.00 |

| | | | | | |
|---|---|---|---|---|---|
| VAGAMON | | | | | |
| VAKAKKAD | 2066.00 | 1689.00 | 2817.00 | 1757.00 | 5560.00 |
| VAKKAD | 486.00 | 499.00 | 403.00 | 578.00 | 478.00 |
| VALACHIRA | 1000.00 | 1000.00 | 1000.00 | 1000.00 | 5000.00 |
| VALAVOOR | 4500.00 | 4000.00 | 3000.00 | | 8010.00 |
| VARIANIKKAD | | | | | |
| VAYALA | 2800.00 | 3694.00 | 4563.00 | 2400.00 | |
| VEDAGIRI, | 1100.00 | 600.00 | 900.00 | 1200.00 | 2000.00 |
| VELANILAM | 500.00 | 500.00 | 2959.00 | 500.00 | 3000.00 |
| VELLIAMATTAM | 2190.00 | 2300.00 | 4514.00 | 2000.00 | 3000.00 |
| VEZHAGANAM | 273.00 | 260.00 | 290.00 | 220.00 | |
| VILAKUMADAM | | 1900.00 | 2100.00 | | |
| VIMALAGIRI | | | | | |
| XAVIERPURAM | | 645.00 | 2465.00 | | |
| YENTHAYAR | | | | | |
| VALAKKATTUKUNNU CHAPPAL | 500.00 | 650.00 | 1050.00 | 600.00 | 500.00 |
| KALLOORKULAM CONVENT CHAPEL | 300.00 | | | | 400.00 |

# RELIEF FUND

| | |
|---|---|
| PALAI CATHEDRAL | |
| ADIVARAM | |
| ADUKKOM | 5500.00 |
| AIMCOMBU | |
| ALPHONSAGIRI | 10000.00 |
| ALPHONSAPURAM | 12575.00 |
| AMPARANIRAPPEL | 38000.00 |
| ANTHIALAM | 60550.00 |
| ANTHINADU | 85000.00 |
| ARAKULAM NEW | 30000.00 |
| ARAKULAM OLD | 10000.00 |
| ARUNAPURAM | 25000.00 |
| ARANOOTTIMAGALAM | |
| ARUVITHURA | 115655.00 |
| AYYAMPARA | 6000.00 |
| BHARANANGANAM FORANE | 127000.00 |
| CHAKKAMPUZHA | 14600.00 |
| CHEMMALAMATTAM | 58760.00 |
| CHEMPILAVU | |
| CHENNAD | 28300.00 |
| CHERPUMKAL FORANE | 100000.00 |
| CHATTUTHODE | |
| CHITTAR | |
| CHOLATHADAM | |
| CHOONDACHERRY | |
| EDADU | |
| EDAMARUKU | 36827.00 |
| EDAPPADY | 137100.00 |
| ELAMTHOTTAM | |

| | |
|---|---|
| ELANJI FORANE | 17560.00 |
| ELAPPALLY | 11000.00 |
| EZACHERRY | |
| FATHIMAPURAM | |
| GAGULTHA | |
| GEOVALLY | 15000.00 |
| IDAMATTAM | 23000.00 |
| JAIGIRI | 5000.00 |
| JOSE MOUNT | 5000.00 |
| JOSEGIRI | 7500.00 |
| KADANAD | 55000.00 |
| KADAPLAMATTAM | 25000.00 |
| KADUTHURUTHY | 40000.00 |
| KAIPPALLY | 23000.00 |
| KAKKOOR | 22000.00 |
| KAKOMBU | 8000.00 |
| KALATHUKADAVU | |
| KALATHOOR | |
| KALIKAVU | 32740.00 |
| KANJIRAMATTAM | 43040.00 |
| KANJIRATHANAM | 5474.00 |
| KARIBANI | |
| KAROOR | 10000.00 |
| KATTAMPAK | |
| KAVALY | |
| KAVEEKUNNU | 20100.00 |
| KAVUMKANDAM | 62710.00 |
| KAYOOR | |
| KEEZHOOR | 38000.00 |
| KIZHATHADIYOOR, | 54351.00 |
| KIZHAPARAYAR | |

| | |
|---|---|
| KONDAD | 25000.00 |
| KOODALLOOR | 130000.00 |
| KOOTHATTUKULAM | 58960.00 |
| KOOTTIKAL | 37465.00 |
| KOTHANALLOOR | 51000.00 |
| KOZHUVANAL | 66006.00 |
| KUDAKKACHIRA | 17000.00 |
| KUDAYATHOOR | |
| KULAMAVU | 6000.00 |
| KUNNONNI | 3000.00 |
| KURAVILANGAD | 143840.00 |
| KURICHITHANAM | 4000.00 |
| KURINJI | 23000.00 |
| KURUMANNU | 16600.00 |
| KURUVILANAL | |
| LALAM NEW PALAI | 21010.00 |
| LALAM OLD PALAI | 37720.00 |
| LOURDES MOUNT | 5000.00 |
| MALAPURAM | 7411.00 |
| MALAYINCHIPARA | |
| MALLIKASSERY | |
| MANALUMKAL | 23000.00 |
| MANATHOOR | |
| MAGALAGIRI | |
| MANIYAMKULAM | |
| MANGALARAM | 18500.00 |
| MANIAMKUNNU | 25000.00 |
| MANJAMATTAM | 6540.00 |
| MANNAKANADE | |
| MANNAR | 8550.00 |
| MANNARAPPARA | 54590.00 |

| | |
|---|---|
| MANVETTAM | 50000.00 |
| MARANGATTUPALLY | 93209.00 |
| MARAGOLY | |
| MARYLAND | |
| MATTAKKARA | 4000.00 |
| MAVADY | 2500.00 |
| MEENACHIL | |
| MELUKAVUMATTAM | 55000.00 |
| MEVIDA | |
| MONIPPALLY | 67400.00 |
| MOOLAMATTAM | 50000.00 |
| MOONANI | |
| MOONILAVU | |
| MOOZHOOR | 41000.00 |
| MULAKULAM | 17000.00 |
| MUNDACAL | |
| MUTHOLAPURAM | 80000.00 |
| MUTHOLY | 50000.00 |
| MUTTUCHIRA | 162774.00 |
| NAMBIAKULAM | 40130.00 |
| NARIANGANAM | 8000.00 |
| NEELOOR | 40000.00 |
| NEERANTHANAM | 50000.00 |
| NELLAPPARA | 6000.00 |
| NELLIANI | 7500.00 |
| PADUVA | 60185.00 |
| PAIKA | 36900.00 |
| PAINGULAM | 3000.00 |
| PALAKAD | 8910.00 |
| PALAKATTUMALA | 18652.00 |
| PALAYAM | 8000.00 |

| | |
|---|---|
| PARATHANAM | 18000.00 |
| PAYYANITHOTTAM | 25445.00 |
| PERIAPURAM | 27000.00 |
| PERINGULAM | 5000.00 |
| PIRAVOM | 30000.00 |
| PIUSMOUNT | 17911.00 |
| PLASSANAL | 63350.00 |
| POONJAR | |
| POOVAKULAM | |
| POOVARANY | |
| POOZIKOL | |
| POOVATHODU | 29000.00 |
| RAMAPURAM | |
| RETNAGIRI | |
| PRAVITHANAM | 66500.00 |
| SANTHIGIRI. | 10000.00 |
| SIBIGIRI | |
| SLEEVAPURAM | |
| SANTHIPURAM | 18200.00 |
| TEEKOY | 73000.00 |
| THAKADI | 2600.00 |
| THIDANAD | 66000.00 |
| THIRUMARADY | 10000.00 |
| THODANAL | 33565.00 |
| THURUTHIPALLY | |
| THUDANGANAD FORANE | 20500.00 |
| UDAGIRI | |
| ULLANAD | 8000.00 |
| URULIKUNNAM | 2000.00 |
| URUMPUKAVU (PIZHAKU) | |
| VADAKARA | 25000.00 |

| | |
|---|---|
| VAGAMON | 4000.00 |
| VAKAKKAD | 41380.00 |
| VAKKAD | 11000.00 |
| VALACHIRA | 17300.00 |
| VALAVOOR | 16880.00 |
| VARIANIKKAD | 5000.00 |
| VAYALA | 12000.00 |
| VEDAGIRI, | 10000.00 |
| VELANILAM | 21000.00 |
| VELLIAMATTAM | 16000.00 |
| VELLIKULAM | 15000.00 |
| VEZHANGANAM | |
| VILAKUMADAM | 12800.00 |
| VIMALAGIRI | 6000.00 |
| XAVIERPURAM | 8060.00 |
| YENAYAR | |
| DR.JUSTINE THOMAS MUNDUVELIPARAMBIL | 5000.00 |
| FR.SEBASTAINE KUTTIYANICKAL | 10000.00 |
| ST.ALPHONSA SHRINE | 24670.00 |
| THEJUS KARSHAKADALAM KANJIRAMATTAM | 800.00 |
| ANNIE PORIYATH THODUPUZHA | 5000.00 |
| ADARSH THENGUMPALLIL | 500.00 |
| SWASRAYA SANGAM TEEKOY | 2000.00 |
| SWASRAYA SANGAM MANGALAGIRI | 2000.00 |
| SWASRAYA SANGAM KOTHANALLOOR | 2000.00 |
| SWASRAYA SANGAM KADANAD | 2000.00 |
| KEERTHI SHG KURINJI | 200.00 |
| PRATHEESHA SHG KURINJI | 2700.00 |
| SWASRAYA SANGAM CHEMMALAMATTAM | 2500.00 |
| FARMERS CLUB AYYAMPARA | 1000.00 |
| SWASRAYA SANGAM MOOLAMATTAM | 1000.00 |

| | |
|---|---|
| SEBASTIAN CHAVARNIYNKAL | 1000.00 |
| THALIR KARSHAKA DALAM PIZHAKU | 7000.00 |
| SWASRAYA SANGAM AIMCOMBU | 7000.00 |
| ANAND JYOTHI RESIDENTS ASSOCIATION | 5000.00 |
| PITHURVEDI KUDAKKACHIRA | 5000.00 |
| GREEN VALLEY SHG PALAKAD | 3000.00 |
| ST.MARY'S SWASRAYA SANGAM KALATHOOR | 2500.00 |
| SWASRAYA SANGAM EDADU | 500.00 |
| SWASRAYA SANGAM ELAPALLY | 250.00 |
| SWASRAYA SANGAM MOOLAMATTAM | 1000.00 |
| SWASRAYA SANGAM ARAKULAM NEW | 500.00 |
| SWASRAYA SANGAM VELLIAMATTAM | 250.00 |
| FARMERS CLUB MANNACKANAD | 2000.00 |
| SWASRAYA SANGAM KOODALLOOR | 2000.00 |
| SWASRAYA SANGAM VAKKAD | 1000.00 |
| SWASRAYA SANGAM KURAVILANGAD | 800.00 |
| SWASRAYA SANGAM VILAKKUMADAM | 3500.00 |
| MSGR.PAUL PALLATH BY SBI CH.121315 | 200000.00 |
| SAHITHYA VEDI KADANAD | 3000.00 |

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Adappachirayil Sebastian | December 9 |
| Alappattumedayil Mathew | 10 |
| Alappattukunnel Sebastian | 11 |
| Alencheril Joseph | 12 |
| Ambattu Joseph | 13 |
| Ampattu Joseph | 14 |
| Ambattupadavil Joseph | 15 |
| Ambazhathinal George | 16 |
| Ammanathukunnel Jospeh | 17 |
| Ammothukunnel Mathew | 18 |
| Ampazhathumkal George | 19 |
| Ampazhathumkal Mathew | 20 |
| Achanickal Jose | 21 |
| Ancheril Jose | 22 |
| Anithanam Kurian | 23 |
| Anithottathil Gervasis | 24 |
| Arackal Joseph | 25 |
| Arackaparampil Mathew | 26 |
| Aranjaniputhenpura Augustine | 27 |
| Aranjaniputhanpura Jospeh | 28 |
| Attappatt Zacharias | 29 |
| Ayallukunnel Thomas | 30 |
| Agathamattam Thomas | 31 |
| Aykaramattom Joseph | 2020 January 1 |
| Brahmanavelil Thomas | 2 |
| Chakkalackal Joseph | 3 |
| Chakkayil Thomas | 4 |
| Chamakalayil Sebasitan | 5 |
| Chandrankunnel Mathew (Jr) | 6 |
| Chadrankunnel Mathew (Sr) | 7 |
| Chavelil John | 8 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ

ബിഷപ്പ് ജൂദ് പോൾ രാജ് ( പാളയംകോട്ട് മുൻ ബിഷപ്പ്)

**2. ശനിയാഴ്ചകളിലെ വി. കുർബാനകൾ**

ശനിയാഴ്ച വൈകുന്നേരം 5 മണിക്കുള്ള ആഘോഷമായ വി. കുർബാനയ്ക്കും ജപമാലമെഴുകുതിരി പ്രദക്ഷിണത്തിനും നേതൃത്വം നൽകിയവർ

2/11/19 ഫാ. ജോസഫ് ചീനോത്തുപറമ്പിൽ

09/11/19 ഫാ. ജിയോ തൈപ്പറമ്പിൽ

16/11/19 ഫാ. തടിക്കൽ സി.എസ്.റ്റി

23/11/19 ഫാ. നോബി കോട്ടുപള്ളിൽ എം.എസ്.എഫ്.എസ്.

30/11/19 ഫാ. ജോൺ മറ്റമുണ്ടയിൽ

**3. രോഗീദിന പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തിവരുന്ന രോഗീദിനത്തിൽ ഫാ. എമ്മാനുവേൽ പെരിയപ്പുറം വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഫാ. മാർട്ടിൻ കല്ലറയ്ക്കൽ ആരാധന നയിച്ചു.

**4. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം നൽകി. ബ്രദർ പാപ്പച്ചൻ പള്ളത്ത് വചന സന്ദേശം നൽകി.

**5. ബാച്ച് സമ്മേളനം**

പാലാ രൂപതാ മുൻ അദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിന്റെ, ആദ്യബാച്ചിലെഅച്ചന്മാരുടെ (വടവാതൂർ സെമിനാരി) ബാച്ച് ഗാതറിങ്

19, 20 തിയതികളിൽ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപതാ വികാരി ജനറാൾ വെരി. റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ, റവ. ഫാ. ജോസഫ് കിഴക്കേക്കര തുടങ്ങി 20 ഓളം വൈദികർ മാർ ജോസഫ് പള്ളിക്കാപറമ്പിൽ മുഖ്യ കാർമ്മികത്വത്തിൽ വി. അൽഫോൻസാമ്മയുടെ സവിധത്തിൽ വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു.

**6. യാത്രയയപ്പ്**

വി. അൽഫോൻസാ തീർത്ഥാടനകേന്ദത്തിൽ 3 മാസക്കാലം ഡീക്കൻ മിനിസ്റ്റ്രി ചെയ്ത ശേഷം 2020 ജനുവരി 1 ന് പട്ടമേൽക്കുന്ന എം.സി.ബി.എസ്. സഭാഗംമായ ഡീക്കൻ സുരേഷ് പട്ടേട്ടിനും 2 വർഷക്കാലം ഓഫീസിൽ സേവനമനുഷ്ഠിച്ച തോമസ് ഫ്രാൻസിസ് പാറംകുളങ്ങരക്കും സ്നേഹനിർഭരമായ യാത്രയയപ്പു നൽകി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. സംസ്ഥാന കലോത്സവം**

ചെറുപുഷ്പ മിഷൻലീഗിന്റെ ഇക്കൊല്ലത്തെ സംസ്ഥാന കലോത്സവത്തിന് പാലാ രൂപത ആതിഥേയത്വം വഹിച്ചു. 2019 നവംബർ 9-ാം തീയതി ശനിയാഴ്ച രാമപുരം മാർ അഗസ്തീനോസ് കോളേജിൽ വച്ചു നടന്ന കലോത്സവത്തിൽ കേരളത്തിലെ വിവിധ രൂപതകളിലെ പ്രതിഭകൾ പങ്കെടുത്തു. കലാമത്സരങ്ങളിൽ ഒന്നാംസ്ഥാനവും സാഹിത്യമത്സരങ്ങളിൽ രണ്ടാംസ്ഥാനവും നേടി പാലാ രൂപത ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**2. സി.റ്റി.പി. ക്ലാസുകൾ**

നവംബർ 9-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ച് സി.റ്റി.പി. ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. ഡിസംബർ മാസത്തെ ക്ലാസ് 2019 ഡിസംബർ 14 ശനി - ലിറ്റർജി I

**3. പാലാ രൂപതാ പ്രതിഭാസംഗമം**

12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായുള്ള പാലാ രൂപത പ്രതിഭാസംഗമം ഫൊറോനാതല തിരഞ്ഞെടുപ്പുകൾ 2019 നവംബർ 3,10 തീയതികളിൽ നടത്തപ്പെട്ടു.

രൂപതയിലെ മികച്ച പ്രതിഭകളെ തിരഞ്ഞെടുക്കാനായി ഡിസംബർ 7 ശനിയാഴ്ച രാവിലെ 9 മുതൽ 4.30 വരെ ഭരണങ്ങാനം മാതൃഭവനിൽ വച്ചു രൂപതാതല തിരഞ്ഞെടുപ്പ് നടക്കുന്നു.

**4. വിശ്വാസപരിശീലക അവാർഡ്**

ഫാ. സെബാസ്റ്റ്യൻ നടയ്ക്കൽ മെമ്മോറിയൽ വിശ്വാസപരിശീലക പുരസ്കാരത്തിനായി നാമനിർദ്ദേശം ക്ഷണിക്കുന്നു. യോഗ്യരായവരുടെ പേര് രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ വികാരിയച്ചന്റെ അംഗീകാരത്തോടെ 2019 ഡിസംബർ 31-ന് മുമ്പായി രൂപതാ വിശ്വാസപരിശീലന ഓഫീസിൽ നൽകേണ്ടതാണ്.

**5. 20,40,50 വർഷം സേവനം പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിക്കൽ**

വിശ്വാസപരിശീലന രംഗത്ത് 20,40,50 വർഷം പൂർത്തിയാക്കിയ അധ്യാപകരെ രൂപതാ വിശ്വസപരിശീലനകേന്ദ്രം പ്രശസ്തിപത്രം നൽകി ആദരിക്കും. നിർദ്ദിഷ്ട വർഷം ശുശ്രൂഷ പൂർത്തിയാക്കിയ അദ്ധ്യാപകരുടെ പേരും ഫോട്ടോയും 2019 ഡിസംബർ 31-ാം തീയതി ചൊവ്വാഴ്ച 4 മണിക്കു മുമ്പായി രൂപതാ വിശ്വാസപരിശീലന കേന്ദ്രത്തിൽ ഏൽപിക്കേണ്ടതാണ്.

**6. തിരുബാലസഖ്യം ഡയറി മത്സരം**

തിരുബാലസഖ്യം ഡയറി മത്സരം ഇടവകകളിൽ നടത്തി ഏറ്റവും മികച്ച ഡയറി മാത്രം രൂപതാ മത്സരത്തിനായി 2019 ഡിസംബർ 20-ന് മുമ്പായി രൂപതാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

**7. തിരുബാലസഖ്യം ക്വിസ് മത്സരം**

തിരുബാലസഖ്യം ക്വിസ് മത്സരം 2020 ജനുവരി 11-ന് രാവിലെ 10 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ 2020 ജനുവരി 8-ാം തീയതിക്കുമുമ്പായി രൂപതാ കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**ദൈവവിളി ക്യാമ്പ്**

ദൈവവിളി പ്രോത്സാഹനാർത്ഥം 10,11,12 ക്ലാസുകളിലെ കുട്ടികൾക്കായി നടത്തുന്ന ദൈവവിളി ക്യാമ്പ് 2019 ഡിസംബർ 26,27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തുന്നതാണ്. പൗരോഹിത്യ ജീവിതത്തിലേക്ക് ആഭിമുഖ്യമുണ്ടെന്നു കരുതുന്ന സത്സ്വഭാവികളും നല്ല കുടുംബപശ്ചാത്തലവുമുള്ള എല്ലാ കുട്ടികളെയും ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**വിശ്വാസ-സന്മാർഗ്ഗ ബോധന പരീക്ഷ**

സ്കൂൾ വിശ്വാസ-സന്മാർഗ്ഗ പരിശീലനത്തിന്റെ വാർഷിക പരീക്ഷ 2019 ഡിസംബർ 5,6 തീയതികളിൽ നടത്തുന്നതാണ്.

| | | |
|---|---|---|
| 2019 ഡിസംബർ 5 വ്യാഴം | 2 pm - 4 pm | സന്മാർഗ്ഗ പരീക്ഷ |
| 2019 ഡിസംബർ 6 വെള്ളി | 2 pm - 4 pm | വിശ്വാസപരിശീലനപരീക്ഷ |

ചോദ്യപേപ്പറുകൾ 4-ാം തീയതി ബുധനാഴ്ച രാവിലെ 9 മുതൽ 4.45 വരെ വിതരണം ചെയ്യുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ - അദിലാബാദ്

**1. ആരാധനാ കൂട്ടായ്മയും ഞായറാഴ്ചയാചരണവും.**

ദിവ്യകാരുണ്യ, അനുരഞ്ജന വർഷം പ്രമാണിച്ച് പാലാ മിഷനിലെ എല്ലാ ഇടവകകളിലും സവിശേഷമായ രീതിയിൽ ഞായറാഴ്ചയാചരണം നടത്തുന്നു. പ്രത്യേക വചനപ്രഘോഷണവും ആരാധനാ ശുശ്രൂഷയും

ക്രമീകരിച്ചിരിക്കുന്നു. ഇതോടൊപ്പം എല്ലാ ഞായറാഴ്ചയും അനുരഞ്ജന ശുശ്രൂഷയുടെ അനുഷ്ഠാനവും നടത്തുന്നു. ഇത് ഇടവകകളിലെ ജനത്തിന്റെ ആത്മീയ ഉണർവിനെ പ്രോത്സാഹിപ്പിക്കുന്നു.

**2. പാലാ മിഷൻ P O C യിലെ മിഷൻ സംഗമത്തിൽ.**

പരി. പിതാവു ഫ്രാൻസീസ് പാപ്പാ പ്രഖ്യാപിച്ച അസാധാരണ മിഷൻ മാസാചരണത്തിന്റെ ഭാഗമായി KCBC, P.O.C യിൽ സംഘടിപ്പിച്ച മിഷൻ സംഗമത്തിൽ പാലാ മിഷൻ, ആദിലാബാദ് കോ-ഓർഡിനേറ്ററും പങ്കെടുത്തു. ഒക്ടോബർ 24, 25 തിയതികളിൽ കൊച്ചിയിൽ നടന്ന സമ്മേളനത്തിൽ മിഷൻ വിലയിരുത്തലുകളിൽ പങ്കെടുക്കുകയും മിഷൻ ശുശ്രൂഷകളുടെ ഭാവിയെ സംബന്ധിച്ച ചില ചർച്ചകൾക്ക് നേതൃത്വം കൊടുകയും ചെയ്തു. പാലാ മിഷനെ പരിചയപ്പെടുത്തിയ ഫാ. ജോർജ്ജ് കാരാംവേലിൽ പാലാ രൂപത മിഷൻ ധർമ്മങ്ങളിൽ സീറോ മലബാർ സഭയിലെ മറ്റു രൂപതകൾക്ക് ഉത്തമ മാതൃക യാണെന് വ്യക്തമാക്കുകയും ചെയ്തു. പിന്നീട് ഒക്ടോബർ 29-ന് ചൂണ്ടച്ചേരി St. Joseph എഞ്ചിനീയറിംഗ് കോളജിൽ നടന്ന പാലാ രൂപതാ മിഷൻ സംഗമത്തിലും പങ്കെടുത്തു.

**3. ബെല്ലംപള്ളി ജീവസ്വരത്തിന് ഒരുക്കം**

2020 ജനുവരി മാസാവസാനം ബെല്ലം പള്ളിയിൽ നടക്കാൻ പോകുന്ന ജീവസ്വരം കൺവെൻഷനൊരുക്കമായുള്ള കമ്മറ്റികൾ രൂപീകരിച്ച് ഒരുക്കങ്ങൾ ആരംഭിച്ചു. ഡിസംബർ 20-ാം തിയതി അഭി. പ്രിൻസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ മഞ്ചെരിയാൾ ദൈവാലയത്തിൽ ഇതിനായി മീറ്റിംഗ് നടന്നു. പാലാ മിഷൻ വൈദികർ ഈ മീറ്റിംഗിൽ പങ്കെടുത്തു.

**4. ഗൊല്ലപ്പള്ളിയിൽ കൊയ്ത്ത് ഉത്സവം.**

ഗൊല്ലപ്പള്ളി മിഷനിൽ വിളവെടുപ്പിനു സമയമായി. ബഹു. ഫാദർ വയലിപ്പറമ്പിൽ, ഫാദർ കൊട്ടാരത്തിൽ അച്ചന്മാരുടെ നേതൃത്വത്തിൽ ഗൊല്ലപ്പള്ളിയിൽ നടത്തിയ കൃഷി കാര്യങ്ങളുടെ ഫലം കൊയ്യുകയാണ് ഈ ദിനങ്ങളിൽ.

**5. കോനംപെട്ടയിൽ ദൈവാലയ നവീകരണം**

കോനംപെട്ടയിലെ ദൈവാലയത്തിന്റെ പെയിന്റിംഗ് പണികൾ പുരോഗമിക്കുന്നു. ബഹു. കല്ലാച്ചേരിൽ അച്ചന്റെ മേൽനോട്ടത്തിൽ വിശ്വാസികളുടെ ആഗ്രഹമനുസരിച്ച് ദൈവാലയം മുഴുവൻ പുതുനിറങ്ങൾ കൊണ്ട് പെയിന്റ് ചെയ്യുകയാണ്. മറ്റു നവീകരണ പ്രവർത്തനങ്ങളും പൂർത്തിയാകുന്നു.

**6. സ്കോളർഷിപ്പ് വിതരണം.**

പാലാ മിഷൻ PSWS ന്റെ സഹായത്തോടെ 26 കുട്ടികൾക്കായി ഏർപ്പെടുത്തിയ സ്കോളർഷിപ്പിന്റെ ആദ്യ ഗഡുവായ Rs.130000.00 വിതരണം ചെയ്തു. പാലാ മിഷനിലെ, 12-ാം ക്ലാസ്സുമുതൽ ഉയർന്ന തലങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കാണ് ഇത് ലഭിക്കുന്നത്.

**7. പാലാ മിഷന് സഹായങ്ങൾ.**

ഉാലം പഴയപള്ളി ഇടവകയിൽ നിന്ന് 50000.00 രൂപയും കളഞ്ഞുക്കടവ് ഇടവകയിൽ നിന്ന് 50000.00 രൂപയും പാലാ മിഷന്റെ പ്രവർത്തനങ്ങൾക്ക് സഹായമായി നൽകി. യഥാക്രമം വികാരിമാരായ ബഹു. പുള്ളീറ്റ് അച്ചനും പരുവുമ്മേൽ അച്ചനും ഇടവകകളിലെ ട്രസ്റ്റിമാർക്കും മിഷൻ ലീഗ് അംഗങ്ങൾക്കും ഇടവക ജനത്തിനും പാലാ മിഷന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**'IGETS' Youth Leadership Training program നടത്തപ്പെട്ടു**

Santhom Youth Moment (SYM) Gujarat regionന്റെ നേത്രിത്തതിൽ ഒരു എകദിന യുവജന Leadership Training program GujaratXnse Vapi, Ahamadabath എന്നി സ്ഥലങ്ങളിൽ വച്ച് നടത്തപ്പെട്ടു. November മാസം 3-ാം തിയതി Silvassa-Vapi Zone ണിലെ Vapi യിലും November 10-ാം തീയതി Ahamadabath-Beroda Zone ണിലെ Jashothanager St. Kuriaസീലെ Elias Chavara Church ൽവച്ചും Training program സംഘടിക്കപ്പെട്ടു. Ernakulam Thevara Sacred Heart College Cse English Lecturer Rev. Fr. Sabu Thomas training Program sections കൈകാര്യം ചെയ്യതു. ഇരു training Program മിലുമായി Gujarat region ണിലെ വിവിധ ഇടവകകളിൽ നിന്നുമായി 150 തിലെറെ യുവജനങ്ങൾ പങ്കു ചേർന്നു. Training Program മിൽ Gujarat Region Vicar General Msgr. Joseph Kollamparampil, Regional Youth director Rev. Fr. Tom, Zonal Director Rev. Fr. Jacob Vellamaruthinkal തുടങ്ങിയവർ സന്ദേശം നൽകി. St. Chavara Church SYM Unit Director Rev. Fr. Michael Thottumkal Training program മിൽ പകെടുത്തവർക്ക് നന്ദി അർപ്പിച്ചു.

**Mar. Raphael Thattil പിതാവ് Bhavnagar Mission Area സന്ദർശിച്ചു**

Gujarat region നിൽ Rajkot രൂപതക്കുള്ളിൽ പ്രവർത്തിക്കുന്ന Bhavnagar Mission Area Shamshabad രൂപതാ അദ്ധ്യക്ഷൻ Mar. Raphael Thattil സന്ദർശിക്കുകയും. Bhavnagar CMI Province ന്റെ Mission പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. Rajkot രൂപതയുടെയും, Bhavnagar CMI Province ന്റെയും വിവിധ സ്കൂളുകളും, സ്ഥാപനങ്ങളും സന്ദർശിച്ചു. Mission സന്ദർശനത്തിൽ പിതാവിനൊടൊപ്പം Bhavnagar CMI Provincial Rev. Fr Emmanuel CMI, Gujarat region Silvasa ഇടവക വികാരി Fr. Reji CMI, Fr. Michael Thottumkal തുടങ്ങിയവരും പങ്കുചേർന്നു. തുടർന്ന് അഭിവന്ദ്യപിതാവ് Vapi ഇടവക സന്ദർശിച്ച് കുഞ്ഞുങ്ങൾക്ക് ആദ്യകുർബാന നൽകി.

## Activities of College Parish Navarangapura...

### 1.First Friday Observance along with Rosary Month Conclusion

ജപമാല മാസ സമാപനം ആദ്യ വെള്ളിയാഴ്ചയായ നവംബർ ഒന്നിന് കൊണ്ടാടുകയുണ്ടായി. ആഘോഷമായ വിശുദ്ധ ബലിയെ തുടർന്ന് നടന്ന പ്രദക്ഷിണത്തിൽ മാലാഖാമാരുടെ വേഷത്തിലെത്തിയ കൊച്ചുകുട്ടികളുടെ ഭാഗഭാഗിത്വം ഒരു മംഗലവാർത്താനുഭവം തന്നെ എല്ലാവരിലും ഉണർത്തി. പ്രകാശദീപത്താൽ തയ്യാറാക്കിയ ജപമാല ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.

### 2. Youth Orientation Programme

വിശുദ്ധ കുർബാനയ്ക്കുശേഷം 'സഭാപ്രവർത്തനങ്ങളിൽ യുവജന ഭാഗഭാഗിത്വം' എന്ന ലക്ഷ്യത്തോടെ യുവജനസമ്മേളനം ബഹുമാനപ്പെട്ട മാത്യു വെങ്ങാലൂർ അച്ചന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. ബഹുമാനപ്പെട്ട വികാരി ജനറാൽ ജോസഫ് കൊല്ലംപറമ്പിൽ അച്ചന്റെ സാന്നിധ്യം അതിന് മാറ്റുകൂട്ടി. കേരളത്തിൽനിന്നും ഉദ്യോഗത്തിനും വിദ്യാഭ്യാസത്തിനുമായി എത്തിയവരും ഇവിടെ ജനിച്ചു വളർന്ന യുവതീയുവാക്കളും പരസ്പരം പരിചയപ്പെടുകയും വ്യത്യസ്ത സാഹചര്യങ്ങളിൽഉള്ള അവരുടെ സഭാപ്രവർത്തനാനുഭവം പങ്കുവെയ്ക്കുകയും ചെയ്തപ്പോൾ പലരിലും ഗൃഹാതുരത്വം ഉളവായി. യൂത്ത് കോർഡിനേറ്റർ ശ്രീ. ജിനോ സെബാസ്റ്റ്യൻ വീഡിയോഷോയിലൂടെ ഒരു motivational message നൽകുകയുണ്ടായി. രാവിലെ വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച സമ്മേളനം വൈകുന്നേരം അഞ്ചുമണിക്ക് ശേഷം പ്രാർത്ഥനയോടുകൂടി സമാപിച്ചു.

### 3. Catechetical Examination

കുട്ടികളുടെ ആദ്യ സെമസ്റ്റർ മതബോധന പരീക്ഷ ഈ മാസം പതിനേഴാം തീയതി ഞായറാഴ്ച നടത്തുകയുണ്ടായി.

### 4. Birthday & Wedding Anniversary Felicitations

ഇക്കഴിഞ്ഞ മാസം ജന്മദിനം/വിവാഹവാർഷികം ആഘോഷിച്ച ഇടവക അംഗങ്ങളെ നവംബർ 3 ഞായറാഴ്ച വിശുദ്ധ കുർബാനയിൽ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു.

### അങ്കലേശ്വർ ഇടവക വാർഷിക ധ്യാനം നടത്തപ്പെട്ടു

ഒക്ടോബർ മാസം 27,28,29 തീയതികളിൽ Rev. Fr. Jhon Chavelil അച്ചൻ വികാരിയായിരിക്കുന്ന അങ്കലേശ്വർ ഇടവയുടെ വാർഷിക ധ്യാനം നടത്തപ്പെട്ടു. ഫാ. പീറ്റർ വി. സി, ബ്രദർ നന്ദു ജോൺ, ബ്രദർ സോജൻ എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി. ഏകദേശം 170 ഓളം ആളുകൾ ധ്യാനത്തിൽ പങ്കെടുത്തു.

### ഹിംഗോറിയ ആദിവാസി മേഖല സന്ദർശിച്ചു

ബറൂച് ജില്ലയിലെ ഹിംഗോറിയ എന്ന സ്ഥലത്ത് അങ്കലേശ്വറിലേ മലയാളി വിശ്വാസസമൂഹം അവരുട വികാരി Rev. Fr. Jhon Chavelil അച്ചന്റെ നേതൃത്തതിൽ November മാസം 17-ാം തീയതിയിൽ സന്ദർശനം നടത്തുകയും,

അവിടുത്തെ സ്കൂളിലെ ആദിവാസി കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണവും, സാമ്പത്തിക സഹായങ്ങളും നല്കുകയും ചെയ്തു.

**ക്രിസ്തുരാജന്റെ തിരുന്നാൾ ആചരിച്ചു**

Gujarat regionനിലെ വിവിധ ഇടവകകളിൽ ക്രിസ്തുരാജന്റെ രാജത്വതിരുന്നാൾ ആചരിച്ചു. Sabermati Syro Malabar ഇടവകയിൽ വികാരി Fr. Paul Paraplakel അച്ചന്റെ നേതൃത്വതിൽ തിരുന്നാളിനൊട് അനുബന്ധിച്ച് പതിരാ കുർബാന നടത്തപ്പെട്ടു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാ വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ എക്സിക്യൂട്ടീവ് യോഗം 2019 നവംബർ 3-ാം തീയതി ഞായറാഴ്ച പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിലിന്റെ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി മനു ചെറുകാട്ടിൽ റിപ്പോർട്ട് അവതരിപ്പിച്ചു. നവംബർ മാസത്തെ സംഘടനാ പ്രവർത്തനങ്ങൾക്ക് യോഗത്തിൽ രൂപം നൽകി.

**2. സംസ്ഥാന കലോത്സവം**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലോത്സവം നമ്മുടെ രൂപതയിലെ രാമപുരം മാർ ആഗസ്തീനോസ് കോളേജിൽ വച്ചു നടന്നു. 2019 നവംബർ 9-ാം തീയതി നടന്ന കലോത്സവത്തിൽ 11 രൂപതകളിലെ കലാപ്രതിഭകൾ പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടം പതാക ഉയർത്തി. രാമപുരം ഫൊറോനാ പള്ളി വികാരി റവ.ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ കലോത്സവം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**3. പാലാ രൂപതയ്ക്ക് ചാമ്പ്യൻഷിപ്പ്**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായ രണ്ടാം തവണയും പാലാ രൂപത ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. രാമപുരത്തുവച്ചു നടന്ന കലാമത്സരങ്ങളിൽ ഒന്നാം സ്ഥാനവും സാഹിത്യമത്സരങ്ങളിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയാണ് പാലാ രൂപത. ഓവറോൾ ചാമ്പ്യൻഷിപ്പ് നിലനിർത്തിയത് വിജയകളെ രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ, രൂപതാ പ്രസിഡന്റ് ജസ്റ്റിൻ വയലിൽ, ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപ്പറമ്പിൽ തുടങ്ങിയവർ അഭിനന്ദിച്ചു. രൂപതാ വൈസ് ഡയറക്ടർ സി. ദിവ്യ ഡി.എസ്.റ്റി. ജനറൽ സെക്രട്ടറി മനു ചെറുകാട്ടിൽ, ജോബി ആലയ്ക്കാപ്പറമ്പിൽ,

ഐബി തോമസ്, റ്റീന സഖറിയാസ്, തോമസ് അടുപ്പുകല്ലുങ്കൽ, ബെന്നി മുത്തനാട്ട്, ലിന്റു ടോമി, സൈജു കോലോത്ത്, സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. റീജിയണൽ സംഗമം - അരുവിത്തുറ**

പാലാ രൂപതാ ചെറുപുഷ്പ മിഷൻലീഗിന്റെ റീജിയണൽ സംഗമവും സെമിനാറും 2019 നവംബർ 24-ാം തീയതി അരുവിത്തുറ സെന്റ് ജോർജ് പാരിഷ് ഹാളിൽ വച്ചു നടത്തി. ഉച്ചകഴിഞ്ഞ് നടക്കുന്ന സംഗമം രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ അരുവിത്തുറ ഫൊറോനപള്ളി വികാരി റവ.ഡോ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. റീജിയണൽ ഓർഗനൈസർ ജോബിൻ റ്റി. ജോണി, അരുവിത്തുറ മേഖലാ ഡയറക്ടർ ഫാ. ജോർജ് പൈമ്പള്ളിൽ, വൈസ് ഡയറക്ടർ സി. സാലി എഫ്. സി.സി., മേഖലാ പ്രസിഡന്റുമാരായ ബെന്നിസൺ സണ്ണി, ജിതിൻ ജോസ്, സിജോ ജോസ്, നേവി ജോർജ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി. സംഗമത്തിൽ അരുവിത്തുറ, പൂഞ്ഞാർ, കൂട്ടിക്കൽ, തീക്കോയി മേഖലകളിലെ മിഷൻലീഗ് അംഗങ്ങൾ സംബന്ധിച്ചു. ഇതോടനുബന്ധിച്ച് രണ്ട് സെമിനാറുകളും ക്രമീകരിക്കപ്പെട്ടു.

**5. ദൈവവിളി ക്യാമ്പ്**

ദൈവവിളി പ്രോത്സാഹനാർത്ഥം 10,11,12 ക്ലാസുകളിലെ കുട്ടികൾക്കായി ഒരു ദൈവവിളി ക്യാമ്പ് 2019 ഡിസംബർ 26,27 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തുന്നു. പൗരോഹിത്യ ജീവിതത്തിലേക്ക് ആഭിമുഖ്യമുള്ള കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ. ക്യാമ്പ് ഫീസ് 300 രൂപയാണ്.

**6. ജൂണിയേഴ്സ് ക്യാമ്പ്**

5 മുതൽ 9 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായുള്ള ജൂണിയേഴ്സ് ക്യാമ്പ് 2019 ഡിസംബർ 27,28 തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തുന്നു. ശാഖകളിൽനിന്ന് പരമാവധി കുട്ടികളെ ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുമല്ലോ. ക്യാമ്പ് ഫീസ് 300 രൂപയാണ്. ഡിസംബർ 27-ാം തീയതി രാവിലെ 9.30 ന് ആരംഭിക്കുന്ന ക്യാമ്പ് 28-ാം തീയതി വൈകുന്നേരം 3.30 ന് അവസാനിക്കുന്നതാണ്.

**7. രൂപതാ വാർഷികം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാ വാർഷികവും കൗൺസിലും 2020 ജനുവരി 19-ാം തീയതി പാലാ കത്തീഡ്രൽ പള്ളിയിൽ വച്ച് നടക്കും. എല്ലാ ശാഖാ, മേഖലാ ഭാരവാഹികളും വാർഷികത്തിലും കൗൺസിലിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**8. കുഞ്ഞുമിഷനറി ക്വിസ്**

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 2020 ജനുവരി 11-ാം തീയതി ശനിയാഴ്ച കുഞ്ഞുമിഷനറി ക്വിസ് മത്സരം നടത്തുന്നു. രാവിലെ 9.30

ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചാണ് മത്സരം നടത്തുന്നത്. മത്സരം വ്യക്തിഗതമാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേര് 2020 ജനുവരി 8-ാം തീയതിക്കുമുമ്പായി രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്. വിശദവിവരങ്ങൾക്ക് 2019 നവംബർ, ഡിസംബർ മാസങ്ങളിലെ കുഞ്ഞുമിഷനറി മാസിക കാണുക.

**മേഖലാ വാർത്തകൾ**

**1. ഭരണങ്ങാനം**

മേഖലയുടെ ആഭിമുഖ്യത്തിൽ 2019 നവംബർ 24-ന് കയ്യെഴുത്തു മാസിക മത്സരം നടത്തി. ഡിസംബർ 1-ാം തീയതി മേഖലാതല വചനമത്സരവും നടക്കും.

ചെറുപുഷ്പ മിഷൻലീഗ് ഭരണങ്ങാനം മേഖലയുടെ ആഭിമുഖ്യത്തിൽ കുഞ്ഞേട്ടൻ മെമ്മോറിയൽ അഖില കേരള ക്വിസ് മത്സരം 2019 ഡിസംബർ 27-ാം തീയതി നടത്തുന്നു. ഭരണങ്ങാനം സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ചു നടക്കുന്ന മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 20-നു മുമ്പായി മേഖലാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**2. പ്രവിത്താനം**

മേഖലാതല കയ്യെഴുത്തു മാസിക മത്സരം 2019 നവംബർ 10-ാം തീയതി നടത്തി. മേഖലയിലെ കുട്ടികൾക്കായി ഒരു സെമിനാർ 2019 ഡിസംബർ 1-ന് നടത്തും. മേഖലാതല പോസ്റ്റർ രചനാമത്സരം 2019 ഡിസംബർ 22-ാം തീയതി നടത്തും.

**3. പാലാ**

മേഖലാതല കയ്യെഴുത്തുമാസിക, പോസ്റ്റർ രചനാമത്സരങ്ങൾ 2019 നവംബർ 17-ാം തീയതി നടത്തി.

**4. മുട്ടുചിറ**

മേഖലാതല കയ്യെഴുത്തുമാസിക മത്സരം 2019 ഒക്ടോബർ 27-ാം തീയതി നടത്തി.

**5. ചേർപ്പുങ്കൽ**

മേഖലാതല കയ്യെഴുത്തുമാസിക, പോസ്റ്റർ രചനാ മത്സരങ്ങൾ 2019 നവംബർ 24-ാം തീയതി ചേർപ്പുങ്കൽ ഹോളിക്രോസ് ഹയർസെക്കണ്ടറി സ്കൂളിൽ വച്ചു നടത്തി.

**6. പൂഞ്ഞാർ**

കയ്യെഴുത്തു മാസിക, പോസ്റ്റർ, രചനാ മത്സരങ്ങൾ 2019 ഡിസംബർ 8-ാം തീയതി നടക്കും.

**7. ഇലഞ്ഞി**

കയ്യെഴുത്തുമാസിക, പോസ്റ്റർ രചനാ മത്സരങ്ങൾ 2019 ഡിസംബർ 1-ാം തീയതി നടക്കും.

**8. തുടങ്ങനാട്**

മേഖലാതല കയ്യെഴുത്തുമാസിക, മത്സരം 2019 ഡിസംബർ 14-നും പോസ്റ്റർ രചനാമത്സരം ഡിസംബർ 29 നു നടക്കും.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

നവംബർ 9–ാം തീയതി ഉച്ചകഴിഞ്ഞ് 4 പി. എം ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ടീച്ചേഴ്സ് എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. നവംബർ 23 ന് നടക്കുന്ന കലോത്സവത്തെപറ്റി ചർച്ചചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. മീറ്റിംഗിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും തന്നെ സന്നിഹിതരായിരുന്നു.

**രൂപതാ കലോത്സവം**

ഈ വർഷത്തെ രൂപതാ കലോത്സവം നവംബർ 23 ശനിയാഴ്ച പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. യു. പി, എച്ച്. എസ്, എച്ച്. എസ്. എസ് വിഭാഗങ്ങളിലായി നടത്തിയ മത്സരങ്ങളിൽ യു. പി വിഭാഗത്തിൽ 41 സ്കൂളിൽ നിന്നും, എച്ച്. എസ് വിഭാഗത്തിൽ 34 സ്കൂളിൽ നിന്നും എച്ച്. എസ്. എസ് വിഭാഗത്തിൽ 18 സ്കൂളിൽ നിന്നും ആയിരത്തോളം കുട്ടികൾ വിവിധതരം മത്സരങ്ങളിൽ പങ്കെടുത്തു. 4 മണിയോടുകൂടി മത്സരങ്ങൾ സമാപിച്ചു.

**ഓവറോൾ**

**യു. പി വിഭാഗം**

| | |
|---|---|
| ഫസ്റ്റ് | – മുട്ടം ഷാന്താൾ ജ്യോതി പബ്ലിക് സ്കൂൾ |
| സെക്കന്റ് | – പാലാ മേരിമാതാ പബ്ലിക് സ്കൂൾ |
| തേർഡ് | – പാലാ സെന്റ് മേരീസ് എച്ച്. എസ്. എസ് |

**ഹൈസ്കൂൾ വിഭാഗം**

| | |
|---|---|
| ഫസ്റ്റ് | – ചെമ്മലമറ്റം എൽ. എഫ്. എച്ച്. എസ് |
| സെക്കന്റ് | – രാമപുരം എസ്. എച്ച്. ജി. എച്ച്. എസ് |
| തേർഡ് | – പാലാ സെന്റ് മേരീസ് |

**ഹയർസെക്കണ്ടറി വിഭാഗം**

| | |
|---|---|
| ഫസ്റ്റ് | – ഭരണങ്ങാനം സെന്റ് മേരീസ് എച്ച്. എസ്. എസ് |
| സെക്കന്റ് | – ചേർപ്പുങ്കൽ ഹോളിക്രോസ് എച്ച്. എസ്. എസ് |
| തേർഡ് | – വിളക്കുമാടം സെന്റ് ജോസഫ് എച്ച്. എസ്. എസ് |
| | പാലാ സെന്റ് മേരീസ് ജി. എച്ച്. എസ്. എസ് |

**വിജ്ഞാനോത്സവ് 2019 – മെഗാക്വിസ്**

കെ. സി. എസ്. എൽ ന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കുട്ടികൾക്കായി വിജ്ഞാനോത്സവ് 2019 എന്ന പേരിൽ ജനറൽ നോളഡ്ജ് ക്വിസ് മത്സരം നടത്തപ്പെട്ടു. നവംബർ 30 ന് പാലാ അൽഫോൻസാ കോളേജിൽ വച്ച് രാവിലെ 10 മണിക്ക് മത്സരം ആരംഭിച്ചു. മത്സരത്തിൽ നിരവധി സ്കൂളുകളിൽ നിന്നായി 400 ടീമുകൾ പങ്കെടുത്തു.

**സംസ്ഥാന കലോത്സവ ആലോചനായോഗം**

ഈ വർഷത്തെ കെ. സി. എസ്. എൽ സ്റ്റേറ്റ് കലോത്സവം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ കുറവിലങ്ങാട്ട് വച്ച് നടത്തപ്പെടുന്നതിന്റെ ഭാഗമായി

സ്റ്റേറ്റ് - രൂപതാ ഭാരവാഹികളുടെ എക്സിക്യൂട്ടീവ് യോഗം നവംബർ 28 വ്യാഴാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഉച്ചകഴിഞ്ഞ് 2. 30 ന് നടത്തപ്പെട്ടു. സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, സ്റ്റേറ്റ് ഭാരവാഹികൾ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു. 4 മണിയോടുകൂടി മീറ്റിംഗ് സമാപിച്ചു.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം.

## 1. Aspire 2K19

പൂഞ്ഞാർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 3-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പൂഞ്ഞാർ മേഖലയിലെ യുവജനങ്ങൾക്കായി Aspire 2K19 യുവജനസംഗമം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഫാ. തോമസ് തയ്യിൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. സിജോ ചേന്നാടൻ ക്ലാസുകൾ നയിച്ചു. പൂഞ്ഞാർ ഫൊറോനാപള്ളി വികാരി വെരി റവ. ഫാ. അഗസ്റ്റിൻ തെരുവത്ത്, ഫൊറോനാ ഡയറക്ടർ റവ. ഫാ. ഡെൻസൺ കൂറ്റാരപ്പള്ളിൽ തുടങ്ങിയവർ നേതൃത്വം നൽകി. രൂപതാ എസ്.എം.വൈ.എം നെ പ്രതിനിധീകരിച്ച് രൂപതാ ജോയിന്റ് ഡയറക്ടർ സി. ഷൈനി ഡി.എസ്.റ്റി, പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, വൈസ് പ്രസിഡന്റ് റീത്തു ജോർജ്, ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, ജോയിന്റ് സെക്രട്ടറി റോഷ്നി ജോർജ്, ബ്രദർ റീജന്റ് മാത്യു പനങ്ങാട്ട് എന്നിവർ സംബന്ധിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

## 2. Benchamin Youth Conclave @ Aruvithura

രൂപതാ എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ 9-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണി വരെ അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വച്ച് ബഞ്ചമിൻ യൂത്ത് കോൺക്ലേവ് നടത്തപ്പെട്ടു. അരുവിത്തുറ എസ്.എം.വൈ.എം. യൂണിറ്റിന്റെ ആതിഥേയത്തിൽ നടത്തപ്പെട്ട പ്രോഗ്രാം അരുവിത്തുറ ഫൊറോന പള്ളി വികാരി വെരി റവ. ഫാ. അഗസ്റ്റിൻ പാലക്കാപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫാ. സിറിൽ തയ്യിൽ, റവ. ഫാ. റോബർട്ട് ചവറനാനി, ശ്രീ. നിധിൻ എന്നിവർ ക്ലാസുകൾ നയിച്ചു. ജോയിന്റ് ഡയറക്ടർ റവ. സി. ഷൈനി ഡി.എസ്.റ്റി., പ്രസിഡന്റ് സെബാസ്റ്റ്യൻ തോട്ടത്തിൽ, ജനറൽ സെക്രട്ടറി ദേവസ്യാച്ചൻ പുളിക്കൽ, ജോയിന്റ് സെക്രട്ടറി റോഷ്നി ജോർജ്, ബ്രദർ റീജന്റ് മാത്യു പനങ്ങാട് എന്നിവർ സംബന്ധിച്ചു. മേഖല ഡയറക്ടർ റവ. ഫാ. ജോർജ് പൈമ്പിള്ളി, യൂണിറ്റ് ഡയറക്ടർ ശ്രീ. അമൽ ബാബു തുടങ്ങിയവർ നേതൃത്വം നൽകി.

## 3. യൂണിറ്റ് വിസിറ്റ്സ്

1. ഒക്ടോബർ 10 ഞായറാഴ്ച രൂപതാ ഡയറക്ടർ കുളമാവ് യൂണിറ്റ് സന്ദർശിച്ചു.

2. നവംബർ 17 ഞായറാഴ്ച രൂപതാ ഡയറക്ടർ മഞ്ഞാമറ്റം യൂണിറ്റ് സന്ദർശിച്ചു.

3. നവംബർ 24 ഞായറാഴ്ച രൂപതാ ഡയറക്ടർ മുണ്ടാങ്കൽ യൂണിറ്റ് സന്ദർശിച്ചു.

**4. അനുമോദിച്ചു.**

1. എസ്.എം.വൈ.എം. രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ദേവസ്യാച്ചൻ പുളിക്കലിന്റെ വിവാഹത്തിൽ രൂപതാ സമിതി സംബന്ധിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

2. കെ.സി.വൈ.എം. മുൻ രൂപതാ പ്രസിഡന്റ് ഡാനി പാറയിലിന്റെ വിവാഹ ചടങ്ങിൽ സമിതിയംഗങ്ങൾ സംബന്ധിക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**5. FFF Program**

Faith Formation Follow up Program ന്റെ ക്ലാസുകൾ 3-ാം ശനിയാഴ്ച സ്നേഹഗിരി സിസ്റ്റേഴ്സിന്റെ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. യുവതീയുവാക്കൾ സുറിയാനി ഭാഷ വായിക്കാൻ ആരംഭിച്ചു.

**6. പാലാ നസ്രാണി യൂത്ത് ഫോറം**

പാലാ നസ്രാണി യൂത്ത് ഫോറം മീറ്റിംഗ് നവംബർ 16 ശനിയാഴ്ച വൈകിട്ട് 6 ന് രൂപതാ ഓഫീസിൽ നടത്തപ്പെട്ടു.

**7. കർഷക മീറ്റിംഗ്**

ഇൻഫാമിന്റെ നേതൃത്വത്തിൽ അരമനയിൽ വച്ച് നടത്തപ്പെട്ട കർഷക മീറ്റിംഗിൽ യുവജന പ്രതിനിധികൾ സംബന്ധിച്ചു.

**8. Awake 2K19**

മുട്ടുചിറ എസ്.എം.വൈ.എം. മേഖലയിലെ യുവതീയുവാക്കൾക്കായി നടത്തപ്പെട്ട Awake Programe ൽ ഫാ. സിറിൽ തയ്യിലും രൂപതാസമിതി അംഗങ്ങളും പങ്കെടുത്തു. മാർ ജോസഫ് പള്ളിക്കാപറമ്പിൽ ഉദ്ഘാടനം ചെയ്തു. ശ്രീ. ജിനോ കുന്നുംപുറം മുഖ്യപ്രഭാഷണവും മുട്ടുചിറ ഫൊറോനപള്ളി വികാരി വെരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി. ഫൊറോന ഡയറക്ടർ റവ. ഫാ. മാത്യു മുതുപ്ലാക്കൽ, പ്രസിഡന്റ് ശ്രീ. സിജോ എന്നിവർ നേതൃത്വം നൽകി.

**9. ഗോൾഡൻ യൂത്ത് കോൺക്ലേവ്**

പാലാ രൂപത എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ പാലാ രൂപതയിലെ 25 മുതൽ 30 വയസുവരെ പ്രായമുള്ള യുവജനങ്ങളുടെ സംഗമം / ഗോൾഡൻ യൂത്ത് കോൺക്ലേവ് കോതനല്ലൂർ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. കോതനല്ലൂർ എസ്.എം.വൈ.എം. യൂണിറ്റ് പ്രോഗ്രാം ആതിഥേയത്വം വഹിച്ചു. ഫൊറോനാപള്ളി വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ തോണിക്കുഴി തിരി തെളിച്ചു. ഫൊറോനാ ഡയറക്ടർ റവ. ഫാ. മാത്യു കോലത്ത് നേതൃത്വം നൽകി. യുവതീയുവാക്കളുടെ ചോദ്യോത്തരവേള ഏറെ ശ്രദ്ധേയമായി.

## 10. YATP

നവംബർ 29 വെള്ളിയാഴ്ച വൈകിട്ട് 6.30 ന് ആരംഭിച്ച് ഡിസംബർ 1-ാം തീയതി രാവിലെ 9.30 ന് അവസാനിച്ചു. കോട്ടയം വടവാതൂർ സെമിനാരിൽ നടത്തപ്പെട്ട യുവജന സമ്മേളനത്തിൽ വൈ.എ.റ്റി.പി. അംഗങ്ങളും രൂപത സമിതി അംഗങ്ങളും സംബന്ധിച്ചു.

**11. ബൈബിൾ മാസാചരണം**

ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ കത്തീഡ്രൽ പള്ളിയിൽ വച്ച് ഡിസംബർ 1 ഞായറാഴ്ച നടത്തപ്പെട്ട ബൈബിൾ പാരായണത്തിൽ യുവാക്കൾ പങ്കെടുത്തു. 9 മണിക്ക് ഖുത്താആ നമസ്കാരം നടത്തുകയും ബൈബിൾ വായനയ്ക്ക് നേതൃത്വം നൽകി.

**12. ഇന്റർ എപ്പാർക്കിയൽ മീറ്റിംഗ്**

നവംബർ 26-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ മന്ദിരത്തിൽ നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ രൂപതാ ഡയറക്ടർ സംബന്ധിച്ചു. യൂത്ത് മിനിസ്ട്രി ചർച്ചാവിഷയമായി.

## നടക്കാനിരിക്കുന്നവ

**1. ഹോളി നൈറ്റ് 2019**

ഡിസംബർ 15-ാം തീയതി ഞായറാഴ്ച വൈകിട്ട് 6.30 ന് രൂപതാ സമിതിയുടെ നേതൃത്വത്തിൽ പാലായിൽ നടത്തുന്ന ഹോളിനൈറ്റ് പ്രോഗ്രാമിൽ എസ്.എം.വൈ.എം. യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ക്രിസ്തുമസ് കരോൾ മത്സരം നടത്തപ്പെടുന്നു.

**2. രൂപതാ ഇലക്ഷനും വാർഷികവും**

***എല്ലാ ബഹുമാനപ്പെട്ട വൈദികരെയും ആനിമേറ്റർ സിസ്റ്റേഴ്സിനെയും ലേ - ആനിമേറ്റേഴ്സിനെയും (30 വയസ്സ് കഴിഞ്ഞ ഉചിതമായ വ്യക്തികൾ) രൂപതാ വാർഷികത്തിലേയ്ക്ക് പ്രത്യേകം ക്ഷണിക്കുന്നു.***

ജനുവരി 2-ാം തീയതി രാവിലെ 9.30 ന് രൂപതാ ഇലക്ഷനും ഉച്ചകഴിഞ്ഞ് 1.30-ന് വാർഷികവും അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെടും. ഇടവകകളിൽ പ്രായോഗികമായ എളുപ്പത്തിനുവേണ്ടി സൺഡേ സ്കൂൾ ടീച്ചേഴ്സിനെ ഓരോ ബാച്ചിനുമായി നിയോഗിക്കുന്നതുപോലെ യൂത്ത് മിനിസ്ട്രിക്കായി ഉചിതമായ വ്യക്തികളെ ഒരു വർഷകാലയളവിലേയ്ക്ക് നിയോഗിക്കാവുന്നതാണ്. കഴിവും പ്രാപ്തിയുമുള്ള സഭാസ്നേഹവുമുള്ള 30 വയസ്സ് കഴിഞ്ഞ വ്യക്തികളാണ് ഉചിതം. എ യൂണിറ്റിന് ഒരു പുരുഷനെയും ബി യൂണിറ്റിന് ഒരു സ്ത്രീയെയും ആണ് ഇടവകവികാരിയും ഡയറക്ടറച്ചനും നിയോഗിക്കേണ്ടത്. രൂപതാ സമിതിയിൽ പ്രവർത്തിക്കാൻ യോഗ്യരായ 18 വയസ്സ് പൂർത്തിയായ യുവതീയുവാക്കളെ മേഖലാ കൗൺസിലർ എന്ന പോസ്റ്റിലേക്ക് തിരഞ്ഞെടുത്തുവിടാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. യൂണിറ്റുകളിലെ മേഖല കൗൺസിലേഴ്സിൽനിന്നാണ് മേഖല ഇലക്ഷനിൽ രൂപതാ കൗൺസിലേഴ്സിനെ തിരഞ്ഞെടുക്കു

ന്നത്. രൂപതാ സമിതിയിൽ പ്രവർത്തിക്കാൻ യോഗ്യരായവരെ രൂപതാ കൗൺസിലർ എന്ന പോസ്റ്റിലേയ്ക്ക് തിരഞ്ഞെടുത്തു വിടാൻ മേഖലാ ഡയറക്ടർമാരും മേഖലാ സമിതിയും ശ്രദ്ധിക്കുക. ഓരോ മേഖലയിലും എല്ലാ ഇടവകകളിൽ നിന്നും പ്രാതിനിധ്യം നല്കാനും ശ്രദ്ധിക്കുക.

രൂപതാ സമിതിയും വിവിധ പോസ്റ്റുകളിലേയ്ക്ക് മത്സരിക്കാൻ ആഗ്രഹിക്കുന്നവർ യൂണിറ്റുകളിൽ മേഖലാ കൗൺസിലറായും ഫൊറോനകളിൽ രൂപതാ കൗൺസിലറായുമാണ് തിരഞ്ഞെടുക്കപ്പെടേണ്ടത്. ഫൊറോന സമിതികളിൽ രൂപതാ കൗൺസിലറായി തിരഞ്ഞെടുക്കപ്പെടുന്നവരിൽ രൂപതയിലെ ഏതെങ്കിലും ഭാരവാഹിത്വത്തിലേയ്ക്ക് മത്സരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഡിസംബർ 28 ശനിയാഴ്ച രാവിലെ 10 മണിക്കോ ഉച്ചകഴിഞ്ഞ് 2 മണിക്കോ നാമനിർദ്ദേശപത്രിക സമർപ്പിക്കേണ്ടതാണ്. ഡിസംബർ 30 തിങ്കളാഴ്ചയാണ് നാമനിർദ്ദേശപത്രിക പിൻവലിക്കാനുള്ള അവസാന തീയതി. ജനുവരി 2-ന് രാവിലെ 9.30 നാണ് ഇലക്ഷൻ. എല്ലാ ഇടവകകളിൽനിന്നും മേഖലാ കൗൺസിലേഴ്സിനെ ഇലക്ഷനുവേണ്ടി പറഞ്ഞുവിടുമല്ലോ. വാർഷികത്തിൽ കഴിയുന്നത്രയും യുവാക്കൾ പങ്കെടുക്കാനും ശ്രദ്ധിക്കുക.

## പ്രത്യേകം ശ്രദ്ധിക്കുക

**1. എല്ലാ ഇടവകകളിലും എ യൂണിറ്റും ബി യൂണിറ്റും**

ഡിസംബർ മാസത്തിൽ തന്നെ യൂണിറ്റ് രജിസ്ട്രേഷനും അംഗത്വ രജിസ്ട്രേഷനും അംഗത്വനവീകരണവും നടത്താൻ ശ്രദ്ധിക്കുക. അടുത്ത പ്രവർത്തനവർഷത്തിൽ കലാമത്സരങ്ങളും ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, ക്രിക്കറ്റ് തുടങ്ങിയ മത്സരങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു. പിന്നീട് രജിസ്ട്രേഷൻ സ്വീകാര്യമല്ല.

**2. എല്ലാ യുവതീയുവാക്കളുമായി (നാട്ടിലുള്ളവരും ദൂരെയായിരിക്കുന്നവരും) സഭയ്ക്ക് കോൺടാക്ടിനുള്ള ശ്രമം.**

15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള യുവതീയുവാക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നു. ബാച്ച്വൈസിൽ പേരുവിവരങ്ങൾ കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. ഓരോ ഫൊറോനയിലും ഓരോ ബാച്ചിനായി വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുവരുന്നു. യൂണിറ്റ് ഭാരവാഹികളെ ഇക്കാര്യങ്ങൾ ഓർമ്മിപ്പിക്കുക.

**3. 2020 ലേയ്ക്കുള്ള യുവനേതാക്കളെ തിരഞ്ഞെടുക്കുന്നു.**

ഫൊറോനാ തിരഞ്ഞെടുപ്പ് നടത്തുന്ന തീയതികൾ

| | | | |
|---|---|---|---|
| പാലാ | - ഡിസംബർ 15, 2 pm | അരുവിത്തുറ | - ഡിസംബർ 15, 2 pm |
| ഭരണങ്ങാനം | - ഡിസംബർ 22, 2 pm | ചേർപ്പുങ്കൽ | - ഡിസംബർ 22, 2 pm |
| ഇലഞ്ഞി | - ഡിസംബർ 22, 2 pm | കടനാട് | - ഡിസംബർ 15, 2 pm |
| കടുത്തുരുത്തി | - ഡിസംബർ 8, 2 pm | കൂട്ടിക്കൽ | - ഡിസംബർ 8, 2 pm |
| കോതനല്ലൂർ | - ഡിസംബർ 8, 3.30 pm | കുറവിലങ്ങാട് | - ഡിസംബർ 15, 2 pm |
| മൂലമറ്റം | - ഡിസംബർ 1, 2 pm | മുട്ടുചിറ | - ഡിസംബർ 22, 2 pm |

| | | | |
|---|---|---|---|
| പൂഞ്ഞാർ | - ഡിസംബർ 22, 1.30 pm | പ്രവിത്താനം | - |
| രാമപുരം | - ഡിസംബർ 1, 2 pm | തീക്കോയി | - ഡിസംബർ 8, 2 pm |
| തുടങ്ങനാട് | - ഡിസംബർ 8, 2 pm | | |

പാലാ, അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, ഇലഞ്ഞി, കുറവിലങ്ങാട്, മൂലമറ്റം തുടങ്ങിയ 7 ഫൊറോനകളിൽ ഫൊറോനകളുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് രണ്ട് രൂപതാ കൗൺസിലേഴ്സ് വീതം ഉചിതമായ രീതിയിൽ യുവാക്കന്മാരിൽനിന്നും യുവതികളിൽനിന്നും രൂപതാ സമിതിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടാൻ ബഹുമാനപ്പെട്ട ഫൊറോനാ ഡയറക്ടേഴ്സും ഫൊറോന സമിതിയും ശ്രദ്ധിക്കുക. മറ്റ് 10 ഫൊറോനകളിൽ ഒരു യുവാവും ഒരു യുവതിയുമാണ് രൂപതാ കൗൺസിലേഴ്സായി രൂപതാ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ടത്. മേഖലാ സമിതികളിൽ എല്ലാ ഇടവകകളിൽനിന്നും ഒരു യുവാവും ഒരു യുവതിയും പ്രതിനിധികളായി ഉണ്ടായിരിക്കണം. ഭാരവാഹിത്വത്തിലൂടെ ഇതിന് സാധിക്കാത്ത പക്ഷം മേഖലാ സമിതികളിൽ കൗൺസിലേഴ്സ് എന്ന പോസ്റ്റുകൾ നൽകി ഉചിതമായ വ്യക്തികളെ ഇടവകകളിലെ യൂണിറ്റുകളിൽനിന്നും നിശ്ചയിക്കുക.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. പ്രാർത്ഥനാസെമിനാർ - അൽഫോൻസാ സ്കൂൾ ഭരണങ്ങാനം**

ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു പ്രാർത്ഥനാസെമിനാർ ഒക്ടോബർ 26-ന് നടന്നു. ഫാ. കുര്യൻ മറ്റം മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് ആശിസ് ജോസ്, ജോൺ വിവേക് റോയി, തോമസ്കുട്ടി എന്നിവർ ശുശ്രൂഷകൾ നയിച്ചു. പ്രിൻസിപ്പൽ സി. ജിസാ മരിയാ, സി. ജോൺ എഫ്.സി.സി. എന്നിവർ നേതൃത്വം കൊടുത്തു.

**2. റീജിയൺ കൂട്ടായ്മ - ഇലഞ്ഞി**

എസ്.എം.വൈ.എം.ന്റെയും ജീസസ് യൂത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഏപ്രിൽ മാസത്തിൽ ഇലഞ്ഞിയിൽ നടത്താൻ ഉദ്ദേശിക്കുന്ന രൂപതാ യുവജന കൺവെൻഷന്റെ ആലോചനായോഗം പള്ളിമേടയിൽ ചേർന്നു. വികാരി ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സെബാസ്റ്റ്യൻ ചാമക്കാലയിൽ, ഫാ. കുര്യൻമറ്റം, ഫാ. സിറിൽ തയ്യിൽ എന്നിവർ പങ്കെടുത്തു.

**3. രാത്രി ആരാധന**

അസാധാരണ പ്രേഷിതമാസത്തിന് ഊന്നൽ കൊടുത്തുകൊണ്ടു നടത്തിയ രാത്രി ആരാധന നവംബർ 1-ന് അരുണാപുരം ഇടവക ദൈവാലയത്തിൽ നടന്നു. ഫാ. മാത്യു വളയംപള്ളി വചന പ്രഘോഷണം നടത്തി. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി, റോയി ജോസഫ്, കെവിൻ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**4. മംഗളവാർത്താ സെമിനാർ – കത്തീഡ്രൽ**

അടുത്ത തലമുറ മെച്ചപ്പെടാൻ വേണ്ടി ആത്മീയമായി ഒരുങ്ങി കുഞ്ഞുങ്ങൾക്കു ജന്മം കൊടുക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ഫൊറോനാതലത്തിലുള്ള മംഗളവാർത്താ സെമിനാർ നവം. 3-ന് കത്തീഡ്രൽ ഇടവകയിൽ വച്ചു നടന്നു. ഫാ. ജോസഫ് മൈലപ്പറമ്പിൽ, ഫാ. കുര്യൻ മറ്റം, ജോസ് മാത്യു എന്നിവർ ക്ലാസുകൾ നയിച്ചു.

**5. രണ്ടാം ശനിയാഴ്ച കൂട്ടായ്മയും**

കോളേജ് വിദ്യാർത്ഥികളുടെയും ടിൻസിന്റെയും കൂട്ടായ്മ നവംബർ 9-ന് പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം വചനപ്രഘോഷണം നടത്തി. ചർച്ചകൾ, കൗൺസിലിംഗ്, ദിവ്യകാരുണ്യ ആരാധന എന്നിവയോടെ സമാപിച്ചു.

**6. ദൈവകരുണയെക്കുറിച്ചുള്ള പ്രബോധനം**

ഫ്രാൻസിൽനിന്ന് എത്തിയ വിസ്മയിപ്പിക്കുന്ന കരുണ (Scandalous Mercy of God) എന്ന പുസ്കത്തിന്റെ രചയിതാവ് അന്തർദ്ദേശീയ പ്രഭാഷകയുമായ സി. ഇമ്മാനുവൽ മെയ്യാർട്ട് നവംബർ 16-ന് പാലാ സെന്റ് തോമസ് ബി.എഡ്. കോളേജ് ഓഡിറ്റോറിയത്തിൽ ദൈവകരുണയെക്കുറിച്ച് പ്രൗഢോജ്വലമായ പ്രസംഗം നടത്തി. ഒപ്പം മെഡ്ജ്ജഗോറിയിലെ മാതാവിന്റെ ദർശനങ്ങളിലെ സന്ദേശങ്ങളും സിസ്റ്റർ പങ്കുവച്ചു. സിസ്റ്റർ രചിച്ച പുസ്തകങ്ങളുടെ കോപ്പികളും വിതരണം ചെയ്യപ്പെട്ടു.

**7. ഓറിയന്റേഷൻ പ്രോഗ്രാം – അൽഫോൻസാ ഹോസ്റ്റൽ**

അരുണാപുരം അൽഫോൻസാ ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്കു വേണ്ടി പെൺകുട്ടികളും ജാഗ്രതയും എന്ന വിഷയത്തെക്കുറിച്ച് ഒരു ഓറിയന്റേഷൻ ക്ലാസ് നവംബർ 20-ന് നടന്നു. ലിൻസി സജി ക്ലാസിന് നേതൃത്വം നൽകി. സി. സിസ്സി എഫ്.സി.സി നേതൃത്വം നൽകി.

**8. ഫോർമേഷൻ പ്രോഗ്രാം – നേഴ്സിംഗ് കോളേജ് ചേർപ്പുങ്കൽ**

ജീസസ് യൂത്തിന്റെ ഫോർമേഷൻ പ്രോഗ്രാമിനുള്ള ആമുഖ സെമിനാർ ചേർപ്പുങ്കൽ മാർ സ്ലീവാ നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിനികൾക്കു വേണ്ടി നവംബർ 22-ന് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, റെജി കുന്നേൽ, സജി പന്നിയാർകുട്ടി എന്നിവർ ക്ലാസുകൾ നയിച്ചു. കെവിൻ, നന്ദു എന്നിവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

**9. മംഗള വാർത്താധ്യാനം**

ജീസസ് യൂത്ത് എയ്ഞ്ചൽസ് ആർമിയുടെ നേതൃത്വത്തിലുള്ള മംഗളവാർത്താധ്യാനം കൊടുമ്പിടി താബോർധ്യാനമന്ദിരത്തിൽ നവംബർ 24,25,26,27 തീയതികളിൽ നടന്നു. ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. കുര്യൻ മറ്റം, ഫാ. തോമസ് മണ്ണൂർ, മോൺ. ജോസഫ് മലേപ്പറമ്പിൽ, ഫാ. ജോസഫ് മൈലപ്പറമ്പിൽ, ഫാ. സിറിൽ തയ്യിൽ, റവ.സി. ഡോ. ലത, ജോസ്കുട്ടി ജേക്കബ്, ഡോ. ജോസ് മാത്യു കണിയാംപടി, ഡോ. ജോസ് മാത്യു, സുനിൽ ജോൺ, ഡോ. റ്റി.സി. തങ്കച്ചൻ, സോൺസൺ കണ്ടത്തിൽ, സി. ലൂസിൻ മേരി എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**10. കൗൺസിൽ സമ്മേളനം**

ജീസസ് യൂത്തിന്റെ സോണൽ കൗൺസിൽ യോഗം നവംബർ 24-ന് അമ്പാറനിരപ്പേൽ വച്ചുനടന്നു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, ജോൺ വിവേക്, റോയി എന്നിവർ നേതൃത്വം നൽകി.

**11. ഹൗസ് ഹോൾഡ് സമ്മേളനം**

സബ്സോൺ ഹൗസ് ഹോൾഡ് സമ്മേളനം ഷാലോമിൽ നവംബർ 24-ന് നടന്നു. ജോസ് മാത്യു, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

1 3-11-2019 ഞായറാഴ്ച കുടംബകൂട്ടായ്മ രൂപത ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ കോതനല്ലൂർ ഫൊറോനാപള്ളിയിൽ വിശുദ്ധകുർബാന അർപ്പിക്കുകയും എല്ലാ കുർബാനമദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ യോഗത്തിലും സംബന്ധിച്ച് അവരുടെ ദൗത്യത്തെക്കുറിച്ച് സംസാരിച്ചു.

2. 3-11-2019 ഞായറാഴ്ച വൈകിട്ട് 5 മുതൽ കോതനല്ലൂർ ഇടവകയിലെ 13 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ രൂപത റിസോഴ്സ് ടീം അംഗങ്ങൾ കുടുംബകൂട്ടായ്മയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തി.

3. 6,13,14,20,21,27 തീയതികളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് കുടുംബകൂട്ടായ്മയുടെ റിസോഴ്സ് ടീമിനു വേണ്ടിയുള്ള തുടർപരിശീലനം നടത്തി. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, തോമസ് വടക്കേൽ, ഷിജു അഗസ്റ്റിൻ തുടങ്ങിയവർ നേതൃത്വം നൽകി.

4. 10-11-2019 ഞായറാഴ്ച വൈകിട്ട് 5 മുതൽ കോതനല്ലൂർ ഇടവകയിലെ 12 കുടുംബകൂട്ടായ്മയൂണിറ്റുകളിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവല്ക്കരണ ക്ലാസ് നടത്തി.

5. 17-11-2019 ഞായറാഴ്ച കുടുംബകൂട്ടായ്മ ഡയറക്ടർ മൂങ്ങാമാക്കലച്ചൻ മോനിപ്പള്ളി പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും രണ്ടു കുർബാനമദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു.

6. 17-11-2019 ഞായറാഴ്ച വൈകിട്ട് 4 മുതൽ മോനിപ്പള്ളി ഇടവകയിലെ 15 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? പ്രത്യേകതകൾ എന്തെല്ലാം എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

7. 24-11-2019 ഞായറാഴ്ച വൈകിട്ട് 4 മുതൽ മോനിപ്പള്ളി ഇടവകയിലെ 10 കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ കുടുംബകൂട്ടായ്മ എന്ത്? എന്തിന്?

എന്തെല്ലാം ചെയ്യാം? പ്രത്യേകതകൾ എന്തെല്ലാം എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

8. 24-11-2019 ഞായറാഴ്ച കുടുംബകൂട്ടായ്മ രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ കാവാലി ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ഭാരവാഹികളുടെ സമ്മേളനത്തിൽ അവരുടെ ചുമതലകളെക്കുറിച്ച് ഉദ്ബോധിപ്പിക്കുകയും ചെയ്തു.

9. 24-11-2019 ഞായറാഴ്ച വൈകിട്ട് 4 മുതൽ കാവാലി ഇടവകയിലെ ആറ് കുടുംബകൂട്ടായ്മ യൂണിറ്റുകളിലും കുടുംബകൂട്ടായ്മ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ ബോധവല്ക്കരണ ക്ലാസ് നടത്തി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. സംഗമങ്ങൾ

### 1. ഏലീശ്വാ സംഗമം - പാലാ

നവംബർ 10-ാം തീയതി (ഞായർ) ഏലീശ്വാ സംഗമം പാലാ കിഴതടിയൂർ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. റവ. ഫാ. ജോർജ് മുളങ്ങാട്ടിൽ ക്ലാസ്സ് നയിച്ചു. 20 കുടുംബങ്ങൾ പരിപാടിയിൽ പങ്കെടുത്തു. സ്നേഹവിരുന്നോടുകൂടി പരിപാടി അവസാനിച്ചു.

### 2. ജൂബിലി സംഗമം

നവംബർ 23-ാം തീയതി (ശനി) സന്യാസവ്രതവാഗ്ദാനം 25/50 ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിന്റെ സംഗമം പാലാ സെന്റ് തോമസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും രൂപത ഡയറക്ടർ റവ. ഡോ. ഷീൻ പാലയക്കത്തടത്തിൽ സ്വാഗതം അർപ്പിക്കുകയും ചെയ്തു. പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തുകയും വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ആശംസ അർപ്പിക്കുകയും ചെയ്തു. 160 തോളം സിസ്റ്റേഴ്സ് ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

### 3. നവോമി സംഗമം - പാലാ

വിധവകളുടെ കൂട്ടായ്മ നവോമി സംഗമം നവംബർ 29-ാം തീയതി പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 225 വിധവകൾ പരിപാടിയിൽ പങ്കെടുത്തു.

### 4. ഹാപ്പി ഫാമിലി മീറ്റ് - പാലാ കത്തീഡ്രൽ

പാലാ രൂപതയിലെ എല്ലാ ഇടവകയിലെയും 4 കുട്ടികളും അതിൽ കൂടുതലുമുള്ള മാതാപിതാക്കളുടെയും കുട്ടികളുടെയും 'ഹാപ്പി ഫാമിലി മീറ്റ്' ഡിസം

ബർ 1-ാം തീയതി ഞായറാഴ്ച പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരീഷ്ഹാളിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ 5വരെ നടത്തപ്പെടുന്നതാണ്.

## B. Counselling Course

### 1. ഡിസംബർ മാസം കോഴ്സ് തീയതികൾ

ഡിസംബർ മാസം **ഡിപ്ലോമ കോഴ്സ് നവംബർ 30, ഡിസംബർ 1** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 13,27** തീയതികളിലും നടത്തപ്പെടുന്നതാണ്.

### 2. നവോമി ഗൈഡിങ് ടീം

സെന്റ് ബർക്കുമാൻസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ നവോമി ഗൈഡിങ് ടീമിനെ രീപികരിച്ച് അവർക്കായിട്ടുള്ള ട്രെയിനിങ് ആരംഭിച്ചു.

## C. വിവാഹ ഒരുക്ക കോഴ്സ്

### 1. സർട്ടിഫിക്കറ്റ്

**നവംബർ 2-4, 18-20** തീയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 250 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**ഡിസംബർ 2-4, 16-18** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **2020 ജനുവരി 6-8, 20-22** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

### 3. പേരന്റ്സ് മീറ്റ്

നവംബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു.452 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## D. പിതൃവേദി

### 1. പ്രവർത്തനോദ്ഘാടനം - മുട്ടുചിറ

മുട്ടുചിറ മേഖല പിതൃവേദിയുടെ പ്രവർത്തനോദ്ഘാടനത്തോടനുബന്ധിച്ച് ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ മുട്ടുചിറ പള്ളിയിൽ വിശുദ്ധ കുർബാനയർപ്പിക്കുകയും ഉദ്ഘാടനം നടത്തുകയും ചെയ്തു.

### 2. യൂണിറ്റ് ഉദ്ഘാടനം

മലപ്പുറം വികാരി റവ. ഫാ. തോമസ് ചില്ലക്കലിന്റെ നേതൃത്വത്തിൽ പിതൃവേദി യൂണിറ്റ് ഔദ്യോഗികമായി ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഉദ്ഘാടനം ചെയ്തു.

## E. മാതൃവേദി

### 1. പ്രവർത്തനോദ്ഘാടനം - തുടങ്ങനാട്, കോതനല്ലൂർ

തുടങ്ങനാട്, കോതനല്ലൂർ മേഖലയിലെ മാതൃവേദി പ്രവർത്തനോദ്ഘാടനം ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഉദ്ഘാടനം ചെയ്യുകയും മാതൃവേദി പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

രൂപത വൈസ് പ്രസിഡന്റ് ജാൻസമ്മ ജോസഫ് പ്ലാക്കണ്ണിക്കൽ പരിപാടിയിൽ പങ്കെടുത്തു.

**2. ദമ്പതിസംഗമം- മൂലമറ്റം**

മൂലമറ്റം മേഖലയിൽ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ദമ്പതിസംഗമം നടത്തപ്പെട്ടു. മൂലമറ്റം പള്ളി അസിസ്റ്റന്റ് വികാരി റവ. ഫാ. ജോസഫ് കുറുപ്പുശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ദമ്പതിസംഗമത്തിൽ ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**3. മേഖലാവാർഷികം - കുറവിലങ്ങാട്**

നവംബർ 22 ന് കുറവിലങ്ങാട് മേഖലയുടെ വാർഷികം പട്ടിത്താനം യൂണിറ്റിൽ വച്ച് നടത്തപ്പെട്ടു. പട്ടിത്താനം പള്ളി വികാരി റവ. ഫാ. പോൾ മഠത്തിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട വാർഷികം രൂപത ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് ഫെറോന വികാരി റവ. ഡോ. ജോസഫ് തടത്തിൽ മുഖ്യ അതിഥി ആയിരുന്നു. രൂപത പ്രസിഡന്റ് ശ്രീമതി വേറോനിക്ക ജോസഫ് , മേഖല പ്രസിഡന്റ് ശ്രീമതി ജിജി മാത്യു എന്നിവർ ആശംസ അർപ്പിക്കുകയും ചെയ്തു.

**4. തെരഞ്ഞെടുപ്പ് - പാലാ**

2020-2021 വർഷങ്ങളിലെ മാതൃവേദി രൂപത ഭാരവാഹികളെ 2019 ഡിസംബർ 6 വെള്ളിയാഴ്ച ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് തെരഞ്ഞെടുക്കുന്നതാണ്. രൂപതഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ മേഖല, യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാർ എന്നിവർ ചേർന്ന് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതാണ്.

**F. ഹോംമിഷൻ**

**1. മീറ്റിങ്**

ഹോംമിഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നവംബർ 8-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് സിസ്റ്റേഴ്സിന്റെ മീറ്റിങ് നടത്തപ്പെട്ടു.

**2. അരുവിത്തുറ**

അരുവിത്തുറ ഇടവകയിൽ ഹോംമിഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിൽ നവംബർ മാസം 17-ാം തീയതി വിശുദ്ധകുർബാനയർപ്പിച്ച് സന്ദേശം നല്കി. 1414 കുടുംബങ്ങളുള്ള അരുവിത്തുറ ഇടവകയിൽ നവംബർ 18-ാം തീയതി മുതൽ ഹോംമിഷൻ ആരംഭിച്ചു.

**G. പ്രോലൈഫ്**

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

നവംബർ 17-ാം തീയതി 3 മുതൽ 5 വരെ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പ്രോലൈഫ് എക്സിക്യൂട്ടീവ് യോഗം ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കത്തടത്തിലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. കർമ്മരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ ചെയ്തുവരുന്നു.

**H. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രി

മണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഡിസംബർ മാസത്തെ മാഗസിന്റെ വർക്കുകൾ ചെയ്തുവരുന്നു.

**3. കലണ്ടർ**

സീറോ മലബാർ മാട്രിമണിയുടെ 2020 വർഷത്തെ കലണ്ടർ വിതരണം ചെയ്തുവരുന്നു

**I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്** നവംബർ 19 ചൊവ്വാഴ്ച വിവിധതരത്തിലുള്ള കേക്ക് നിർമ്മാണപരിശീലനം നൽകി. കൂടാതെ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംമ്പോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ –– **9496571321**

**J. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **തിടനാട്, മാൻവെട്ടം, വാഴൂർ (വിജയപുരം), ഭരണങ്ങാനം, നീലൂർ, മുത്തോലപുരം, ചെമ്മലമറ്റം, സേവ്യർപുരം, കുറവിലങ്ങാട്, കുറുമണ്ണ്, മല്ലികശ്ശേരി** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക് വിവാഹസഹായമായി **37,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

# എ.കെ.സി.സി.

**ഭൂപരിഷ്ക്കരണ നിയമഭേദഗതി സെമിനാർ**

കേരള ഭൂപരിഷ്കരണ നിയമത്തിൽ പുതിയ ഭേദഗതി കൊണ്ടുവരുവാൻ ഒക്ടോബർ 23-ലെ മന്ത്രിസഭാതീരുമാനം വന്നതിന്റെ അടിസ്ഥാനത്തിൽ കർഷകരെയും സാധാരണക്കാരെയും ബാധിക്കുന്ന വകുപ്പുകൾ കൂട്ടിച്ചേർക്കുന്നതിനെക്കുറിച്ച് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ സെമിനാറും ചർച്ചാക്ലാസും സംഘടിപ്പിച്ചു. അഡ്വ. ജോൺസൺ മാത്യു വീട്ടിയാങ്കൽ സെമിനാർ നയിച്ചു.

നേരത്തെമുതൽ ഭൂപരിഷ്കരണനിയമം അനുസരിച്ച് ഒരു കുടുംബത്തിന് കൈവശം വയ്ക്കാവുന്ന ഭൂമി 15 ഏക്കറാണ്. അതിൽ കൂടുതലുള്ള ഭൂമി മിച്ചഭൂമിയായി സർക്കാരിലേക്ക് പോകുന്നത് ഒഴിവാക്കാൻ ആളുകൾ അത് തോട്ടം ആയി കാണിച്ച് ഇളവ് സമ്പാദിച്ചിരുന്നതാണ്. ഇത് പിന്നീട് പല കൈമാറ്റങ്ങൾ ചെയ്യുകയും മുറിച്ച് വിൽക്കുകയും ചെയ്യുകയും അവിടങ്ങളിൽ വീടുകളും സ്ഥാപനങ്ങളും പണിതിട്ടുള്ളതുമാണ്. ഈ സ്ഥലങ്ങൾ ചെറുഭൂമികളായി ആളുകൾ ഉത്തമവിശ്വാസത്തിൽ വാങ്ങിയിട്ടുള്ളതുമാണ്. പുതിയ മന്ത്രിസഭാ തീരുമാനം അനുസരിച്ച് ഇങ്ങനെയുള്ള സ്ഥലങ്ങൾ സർക്കാർ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നത് ലക്ഷകണക്കിന് ആളുകളെ ബാധിക്കുന്നതും കിടപ്പാടം നഷ്ടപ്പെടുന്നതുമാണ്. ആയതിനാൽ പൂർവ്വസ്ഥിതിയിലാകാത്തവിധം കൈമാറ്റം ചെയ്യപ്പെട്ട ഇത്തരം സ്ഥലങ്ങൾക്ക് ഇളവ് നൽകണമെന്നും പുതിയ ഭേദഗതി നീക്കം പിൻവലിക്കണമെന്നും കത്തോലിക്കാ കോൺഗ്രസ് ആവശ്യപ്പെട്ടു.

ബഹു. മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഇത് സംബന്ധിച്ച നിവേദനം രൂപതാ സമിതി സമർപ്പിച്ചു. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, രാജീവ് കൊച്ചുപറമ്പിൽ, ഇമ്മാനുവൽ നിധീരി, സാജു അലക്സ്, ജേക്കബ് മുണ്ടാങ്കൽ, സാബു പൂണ്ടിക്കുളം എന്നിവർ നേതൃത്വം നൽകി.

**രൂപതാ നേതൃസമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് രൂപതാ നേതൃസംഗമം നവംബർ 3-ന് പാലായിൽ വച്ച് നടത്തപ്പെട്ടു. പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ച സംഗമത്തിൽ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഫൊറോന തിരിച്ചുള്ള പ്രവർത്തന അവലോകനം സമ്മേളനത്തിൽവച്ച് നടത്തപ്പെട്ടു. രൂപതാ, ഫൊറോനാ ഭാരവാഹികളുടെ നേതൃത്വത്തിലുള്ള ഇടവക യൂണിറ്റ് സന്ദർശനങ്ങൾ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലായി പൂർത്തിയാക്കുവാൻ നേതൃസമ്മേളനത്തിൽ തീരുമാനിച്ചു.

**അടുക്കളത്തോട്ട മത്സരം**

കത്തോലിക്കാ കോൺഗ്രസ് രൂപതാ വികാരി സംഘടിപ്പിക്കുന്ന അടുക്കളത്തോട്ട മത്സരത്തിന്റെ മൂല്യനിർണ്ണയം നവംബർ 25 മുതൽ ഡിസംബർ 8 വരെ തീയതികളിൽ നടത്തപ്പെടുന്നു. യൂണിറ്റ്, ഫൊറോന, രൂപതാതലങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായാണ് മൂല്യനിർണ്ണയം നടത്തുന്നത്. ജനുവരിയിൽ വിജയികളെ പ്രഖ്യാപിക്കും. യൂണിറ്റ് തലങ്ങളിൽ കുടുംബങ്ങൾ കേന്ദ്രീകരിച്ച് ആയിരക്കണക്കിന് മത്സരാർത്ഥികൾ പങ്കെടുക്കുന്നുണ്ട്.

**ക്യാമ്പസ് രാഷ്ട്രീയത്തിന് എതിരെ**

കേരളത്തിലെ സ്കൂൾ കോളേജ് കാമ്പസുകളിൽ കലാലയരാഷ്ട്രീയം കൊണ്ടുവരാനുള്ള ആസൂത്രിത നീക്കത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ് രൂപതാ സമിതിയുടെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധം

രേഖപ്പെടുത്തി. കലാലയത്തിലെ സമാധാനാന്തരീക്ഷവും പഠനാന്തരീക്ഷവും തകർക്കാനും വിദ്യാലയങ്ങൾ സമരകോലാഹലങ്ങളുടെ കൂത്തരങ്ങായി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഇതെന്നും രാഷ്ട്രീയപാർട്ടികളുടെ മുതലെടുപ്പിന് വിദ്യാലയങ്ങളെ വേദിയാക്കരുതെന്നും ഈ നീക്കത്തിൽനിന്ന് പിൻമാറണമെന്നും ആവശ്യപ്പെട്ട് വിവിധ കേന്ദ്രങ്ങളിൽനിന്ന് രൂപതാസമിതിയുടെ നിർദ്ദേശപ്രകാരം വിദ്യാഭ്യാസമന്ത്രിക്ക് പ്രതിഷേധകത്തുകൾ അയച്ചു.

**ഹെൽപ്ഡെസ്ക് രൂപീകരണം**

സർക്കാർ തലത്തിലുള്ള സേവനങ്ങൾ, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, അവാർഡുകൾ, ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങൾ, കർഷക പെൻഷനുകൾ, ആനുകൂല്യങ്ങൾ, വ്യവസായ സംരംഭങ്ങൾക്കുള്ള സഹായങ്ങൾ തുടങ്ങിയവ സാധാരണക്കാരായ ആളുകൾക്ക് എത്തിച്ചുകൊടുക്കുന്നതിനും അതിന് സഹായിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക് രൂപീകരിച്ചു. ഗ്ലോബൽ സമിതി എല്ലാ രൂപതകളിലും പ്രധാന കേന്ദ്രങ്ങളിൽ വച്ച് ആരംഭിക്കുന്ന ഹെൽപ് ഡെസ്കിന്റെ ഭാഗമായി പാലാ ഓഫീസ് കേന്ദ്രീകരിച്ച് ഹെൽപ് ഡെസ്ക് ആരംഭിക്കുന്നത്.

**പാദുവായിൽ പുതിയ യൂണിറ്റ്**

പാദുവാ ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് വെട്ടത്തേലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

**കുറിഞ്ഞിയിൽ പുതിയ യൂണിറ്റ്**

കുറിഞ്ഞി ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുഴക്കരയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ പുനഃസംഘടിപ്പിക്കപ്പെട്ട പുതിയ യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

**ഫാ. ജോർജ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**പാലാ രൂപതാ ഡി. സി. എം. എസ്. കുടുംബ സമ്മേളനവും സ്കോളർഷിപ്പ് വിതരണവും നടത്തി.**

ഡി.സി.എം.എസ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ ഡി.സി.എം.എസ് കുടുംബങ്ങളുടെ സമ്മേളനവും വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷി

പ്പുകളുടെ വിതരണവും 2019 നവംബർ 24 ഞായറാഴ്ച രാവിലെ പത്തുമണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കുടുംബസമ്മേളനം രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രാഷ്ട്രീയ നേതൃത്വത്തിലും ആത്മീയരംഗത്തും ദലിത് ക്രൈസ്തവസമൂഹത്തിൽനിന്നും ആളുകൾ കടന്നുവരുന്നതിന് സംഘടനാപ്രവർത്തനവും സഭാതല കൂട്ടായ്മയുമായുള്ള പ്രവർത്തനവും വഴി സാധിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചിന്തിക്കാനും വളരാനും പ്രചോദനം നൽകുന്ന ഉത്തമമായ ഗ്രന്ഥങ്ങൾ വായിക്കുവാൻ യുവതലമുറ ഉത്സാഹം കാണിക്കണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. കഴിഞ്ഞവർഷം സംസ്ഥാനതലത്തിൽ മികച്ച അധ്യാപകനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. ജോസ് സി ഉരുളേലിനെ അനുമോദിച്ചു. പാലാ രൂപതയിൽപെട്ട MBBS പാസ്സായ ഡോ. അക്ഷയ് ജോസ് ഉരുളേൽ കടുത്തുരുത്തി, ഡോ. ഷീബാ തോമസ് പുള്ളോലിൽ മൂഴൂർ, ഡിഗ്രിക്ക് മൂന്നാം റാങ്ക് നേടിയ അമലാ ട്രീസാ ജെയിംസ് വാക്കത്തിൽ മുത്തോലി, പ്ലസ്ടുവിനു മുഴുവൻ വിഷയത്തിനും എ പ്ലസ് കരസ്ഥമാക്കിയ അന്ധനായ വിദ്യാർത്ഥി ജിക്സൺ ജോൺ തെക്കാമലയിൽ പിറവം, വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ സംസ്ഥാന റെക്കോർഡ് ജേതാവായ അമൽ സാലസ് തെക്കേൽ പാലാ കത്തീഡ്രൽ എന്നിവരെയും അനുമോദിച്ചു. വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള ഡി.സി.എം.എസ്. സ്കോളർഷിപ്പുകൾ (രണ്ടര ലക്ഷം രൂപ), വിവിധ സന്യാസസഭകൾ (കെസിഎംഎസ്) ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ് (മുപ്പതിനായിരം രൂപ ), സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സഹായമായി ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പ് (60 പേർക്ക് ഒൻപതര ലക്ഷം രൂപ) എന്നിവ സമ്മേളനത്തിൽ വിതരണം ചെയ്തു. പഠനത്തിലും കലാ-കായികരംഗങ്ങളിലും മികച്ചനേട്ടം കൈവരിച്ച കുട്ടികളെ അനുമോദിക്കുകയും മെമന്റോയും ക്യാഷ് അവാർഡുകളും വിതരണം ചെയുകയും ചെയ്തു. രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിനു സ്വാഗതം ആശംസിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ എൻ ദേവദാസ്, ശ്രീ ജോസ് സി. ഉരുളേൽ, ശ്രീമതി. സെലിൻ ജോസഫ്, രൂപതാ സെക്രട്ടറി ശ്രീ. ജോണി ജോസഫ് പരമല, ശ്രീ. സദീപ് കെ പി, ഡോ. അക്ഷയ് ജോസ് ഉരുളേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. അഞ്ഞൂറിലധികം ആളുകൾ പങ്കെടുത്ത സമ്മേളനത്തിനു രൂപത ജോയിന്റ് സെക്രട്ടറി ശ്രീമതി ബിജി സാലസ് നന്ദി അർപ്പിച്ചു. ശ്രീ.സദീപ് കെ പി, ശ്രീ. സിബി ചാക്കോ, ശ്രീമതി മോളി സണ്ണി, ശ്രീ. ബിനോയ് കാഞ്ഞിരത്താനം, ശ്രീ. ടി.ഡി. കുര്യാക്കോസ് ചേർപ്പുങ്കൽ, ശ്രീ. ബിബിൻ ബേബി, ശ്രീ. ബേബി പാറയ്ക്കൽ, ദീപു രാമപുരം, എബിൻ ജോണി, മെൽവിൻ രാമപുരം, കുമാരി മാനസി മാത്യു, കുമാരി ട്രീസാ ബേബി, അമൽ ജോസഫ്, അഞ്ചുമോൾ ജോസഫ്, സാലി കെ.പി, അഞ്ജലി ബേബി, മീനു, മെബിൻ, ചിഞ്ചുമോൾ, മെറിൻ സനീഷ്, നോബിൾ സാബു, റ്റെനിയമോൾ സിബി,

സനു സിബി, സജന സണ്ണി, ജെറിൻ സണ്ണി, ഷെറിൻ സണ്ണി, എന്നിവർ നേതൃത്വം നൽകി.

**കെ.സി.ബി.സി. എസ്.സി/എസ്.റ്റി./ബി.സി. കമ്മീഷൻ സ്കോളർഷിപ്പ് വിതരണം നടത്തി**

ഡി.സി.എം.എസ്.പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ 2019 നവംബർ 24 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ സമ്മേളനത്തിൽ വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള കെ.സി.ബി.സി. സ്കോളർഷിപ്പുകളുടെ വിതരണം കെ.സി.ബി.സി. എസ്സ്. സി/എസ്.റ്റി / ബി.സി കമ്മിഷൻ ചെയർമാനും പാലാരൂപത സഹായമെത്രാനുമായ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ വിതരണം ചെയ്തു. ഡി.സി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിനു രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സ്വാഗതം ആശംസിച്ചു. സമൂഹത്തിൽ ഓരോ വ്യക്തിയും ലഭിക്കുന്ന അംഗീകാരം വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കുന്ന അറിവിന്റെയും കാര്യപ്രാപ്തിയുടേയും അടിസ്ഥാനത്തിലാണെന്ന് യോഗം ഉത്ഘാടനം ചെയ്തവെ മുരിക്കൻ പിതാവ് അഭിപ്രായപ്പെട്ടു. തുടർന്ന് കെ.സി.ബി.സി. എസ്സ്.സി /എസ്.റ്റി. / ബി.സി. കമ്മീഷൻ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ് (ഒന്നേകാൽ ലക്ഷം രൂപ) വിതരണം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. എൻ ദേവദാസ്, ശ്രീ. ജോസ് സി. ഉരുള്ളേൽ, ശ്രീമതി സെലിൻ ജോസഫ്, ശ്രീ. സദീപ് കെ.പി, ഡോ. അക്ഷയ് ജോസ് ഉരുള്ളേൽ എന്നിവർ ആശംസകൾ അർപ്പിച്ചു. അഞ്ഞൂറിലധികം ആളുകൾ പങ്കെടുത്ത സമ്മേളനത്തിനു രൂപത ജോയിന്റ് സെക്രട്ടറി ശ്രീമതി ബിജി സാലസ് നന്ദി അർപ്പിച്ചു. ശ്രീ. സദീപ് കെ.പി, ശ്രീ. സിബി ചാക്കോ, ശ്രീമതി. മോളി സണ്ണി, ശ്രീ. ബിനോയ് കാഞ്ഞിരത്താനം, ശ്രീ. ടി.ഡി. കുര്യാക്കോസ് ചേർപ്പുങ്കൽ, ശ്രീ. ബിബിൻ ബേബി, ശ്രീ. ബേബി പാറയ്ക്കൽ, ദീപു രാമപുരം, എബിൻ ജോണി, മെൽവിൻ രാമപുരം, കുമാരി മാനസി മാത്യു, കുമാരി ട്രീസാ ബേബി, അമൽ ജോസഫ്, അഞ്ചുമോൾ ജോസഫ്, സാലി കെ. പി, അഞ്ജലി ബേബി, മീനു, മെബിൻ, ചിഞ്ചുമോൾ, മെറിൻ സനീഷ്, നോബിൾ സാബു, റ്റെനിയമോൾ സിബി, സനു സിബി, സജന സണ്ണി, ജെറിൻ സണ്ണി, ഷെറിൻ സണ്ണി എന്നിവർ നേതൃത്വം നൽകി.

**ഡി.സി.എം.എസ്. പ്രതിഷേധ സായാഹ്ന ധർണ്ണ നടത്തി**

ഡി.സി.എം.എസ്. സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ നവംബർ ഒൻപതാം തീയതി ശനിയാഴ്ച കോട്ടയം തിരുനക്കര, ഗാന്ധി സ്ക്വയറിൽ വച്ച് സായാഹ്ന പ്രതിഷേധ ധർണ്ണ നടത്തപ്പെട്ടു. വാളയാറിൽ കൊല്ലപ്പെട്ട പെൺകുട്ടികൾക്ക് നീതി ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടന്ന ധർണ്ണയിൽ പാലാ രൂപതയിൽ നിന്നും ഡി.സി.എം.എസ്. അംഗങ്ങളായ അൻപതോളം പേർ പങ്കെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. ലോകമാനസികാരോഗ്യദിനാചരണം**

കെയർഹോംസ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പുലിയന്നൂർ ശാലോം ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂളിൽ വച്ച് ലോകമാനസികാരോഗ്യദിനാചരണം നടത്തി. അഡ്വ. ജിസ്മോൾ തോമസ് (മുത്തോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്) അധ്യക്ഷത വഹിച്ച യോഗത്തിൽ ജനമൈത്രി സി.ആർ.ഒ. ബിനോയി തോമസ് ലോകമാനസികാരോഗ്യദിനാചരണം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് മണ്ണനാൽ, സിബി ചെരുവിൽ പുരയിടം, സിസ്റ്റർ റീബാ വേത്താനം, സി. വനജ ചുവപ്പുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. വീട്ടിൽ ഒരു മത്സ്യകുളം പദ്ധതി ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ കലാകായിക മത്സരങ്ങൾ നടത്തി. മത്സരത്തിൽ വിജയികളായവർക്ക് ജനമൈത്രി സി.ആർ.ഒ. ബിനോയി തോമസ് സമ്മാനങ്ങൾ വിതരണം ചെയ്തു.

**2. എക്സിക്യൂട്ടീവ് യോഗം**

കെയർ ഹോംസ് പാലാ രൂപതാ എക്സിക്യൂട്ടീവ് യോഗം ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. സിബി ചെരുവിൽ പുരയിടം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ചർച്ചയ്ക്ക് നേതൃത്വം നൽകി.

**3. മണ്ണയ്ക്കനാട് സ്കൂളിന് ഓവറോൾ കിരീടം**

ഒറ്റപ്പാലത്തുവച്ച് നടന്ന സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ മണ്ണയ്ക്കനാട് ഒ.എൽ.സി. ബധിരവിദ്യാലയം ഓവറോൾ കിരീടം കരസ്ഥമാക്കി. വിവിധ മത്സരങ്ങളിൽ വിജയികളായവരെ കെയർഹോംസ് പാലാ രൂപത നേതൃസമിതി അഭിനന്ദിച്ചു.

**4. സംസ്ഥാന ഓർഫനേജ് അസ്സോസിയേഷൻ തെരഞ്ഞെടുപ്പ്**

സംസ്ഥാന ഓർഫനേജ് അസ്സോസിയേഷന്റെ തെരഞ്ഞെടുപ്പ് തൃശ്ശൂരിൽ വച്ച് നടത്തി. പാലാ രൂപതയിലെ വിവിധ ജീവകാരുണ്യ സ്ഥാപനങ്ങളിലെ മേലാധികാരികൾ മീറ്റിംഗിൽ സംബന്ധിച്ചു.

**5. സാധാരണ മിഷൻ പ്രേഷിതാചരണം**

ചൂണ്ടച്ചേരിയിൽ വച്ച് നടന്ന അസാധാരണമിഷൻ പ്രേഷിതാചരണ പരിപാടിയിൽ കെയർഹോംസ് പാലാ രൂപത നേതൃസമിതി അംഗങ്ങൾ പങ്കെടുത്തു.

**6. സെമിനാർ**

എ). ന്യൂനപക്ഷ സെമിനാർ

കെയർ ഹോംസിന്റെ ആഭിമുഖ്യത്തിൽ ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ന്യൂനപക്ഷ പരിരക്ഷയെക്കുറിച്ച് ഒരു സെമിനാർ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ന്യൂനപക്ഷ കമ്മീഷൻ അംഗം അഡ്വ. ബിന്ദു തോമസ് സെമിനാർ നയിച്ചു. തുടർന്ന് കാരുണ്യസ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് ഒരു മെമ്മോറാണ്ടം കമ്മീഷൻ മെമ്പറെ ഏല്പിച്ചു.

ബി) സാമൂഹ്യനീതി വകുപ്പ് സെമിനാർ

ജീവകാരുണ്യ സ്ഥാപനങ്ങളുടെ ഗ്രാന്റ്, പെൻഷൻ, സ്കോളർഷിപ്പ്, ഇതര ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ ശ്രീ. എം. എം. മോഹൻദാസ് ക്ലാസ് നയിച്ചു. വിവിധ ജീവകാരുണ്യ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നല്കി.

**7. കാരുണ്യസ്പന്ദനം – ഡയറക്ടറി ബോർഡ്**

ജീവകാരുണ്യ സ്ഥാപനങ്ങളെയെല്ലാം ഉൾപ്പെടുത്തി ഒരു പുതിയ ഡയറക്ടറി പുറത്തിറക്കുവാൻ തീരുമാനിച്ചു. ഇതിന്റെ നടത്തിപ്പിനായി പുതിയ ഡയറക്ടറി ബോർഡ് കമ്മറ്റി രൂപീകരിച്ചു.

**8. അനുമോദിച്ചു.**

ഒക്ടോബർ 25 മുതൽ 28 വരെ ബുക്ക് സ്റ്റാളിൽ വച്ച് നടന്ന 23-ാമത് വേൾഡ് കോൺഗ്രസ് ഓഫ് സ്പെഷ്യൽ സൈക്യാട്രി സമ്മേളനത്തിൽ മാനസികരോഗികളെക്കുറിച്ചുള്ള പഠനറിപ്പോർട്ട് അവതരിപ്പിച്ച മരിയസദനം സന്തോഷിനെ കെയർ ഹോംസ് പാലാ രൂപതസമിതി അഭിനന്ദിച്ചു.

**9. ആയുർവ്വേദ മാനസികാരാഗ്യ ക്യാമ്പ്**

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പാലാ നഗരസഭയും ഭാരതീയ ചികിത്സാവകുപ്പും ചേർന്ന് പാലാ മരിയസദനത്തിൽ വച്ച് സൗജന്യ പരിശോധനയും മരുന്നുവിതരണവും മാനസികാരോഗ്യക്യാമ്പും നടത്തി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ കുളത്തുങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

**10. ഏകദിന വിനോദയാത്ര**

കെയർഹോംസ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വൈക്കത്തേയ്ക്ക് ഏകദിന വിനോദയാത്ര നടത്തി.

**11. ശിശുദിനാഘോഷം**

കെയർഹോംസിന്റെ ആഭിമുഖ്യത്തിൽ കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോമിൽ വച്ച് ശിശുദിനാഘോഷം നടത്തി. റവ. ഫാ. ഫിലിപ്പ് ഞരളക്കാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈബി മാത്യു പെരുംപള്ളിൽ ശിശുദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, ഫാ. ജോസഫ് ചെറുകരകുന്നേൽ, സിബി ചെരുവിൽ പുരയിടം, ജോർജ് സന്മനസ്, സിസ്റ്റർ വനജ ചുവപ്പുങ്കൽ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിനു മുന്നോടിയായി കുട്ടികളുടെ കലാ-കായിക മത്സരങ്ങൾ നടത്തി. മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**12. കെയർ ഹോംസ് സമ്മാനകൂപ്പൺ**

കെയർഹോംസ് പാലാ രൂപത പുറത്തിറക്കുന്ന സമ്മാനകൂപ്പൺ ഫാ. സ്കറിയ വേകത്താനം കുമ്മണ്ണൂർ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം ഡയറക്ടർ റവ.ഫാ. ഫിലിപ്പ് ഞരളക്കാട്ടിന് നല്കി ഉദ്ഘാടനം ചെയ്തു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. തൊഴിലാളി ക്ഷേമനിധി സെമിനാർ – പൂവത്തോട്**

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ പൂവത്തോട് പാരിഷ് ഹാളിൽ വച്ച് തൊഴിലാളി ക്ഷേമനിധി സെമിനാർ നടത്തി. വികാരി ഫാ. ജോസഫ് തെക്കേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ്സെടുത്തു. പുതിയ കെ.എൽ.എം. യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു.

**2. തൊഴിലാളി ക്ഷേമനിധി സെമിനാർ – പൂഞ്ഞാർ ഫൊറോനപള്ളി**

പൂഞ്ഞാർ ഫൊറോന പള്ളിയിൽ തൊഴിലാളി ക്ഷേമനിധി, ആനുകൂല്യങ്ങൾ, വായ്പാ പദ്ധതികൾ, സ്കോളർഷിപ്പുകൾ, ജോലി സാധ്യതകൾ എന്നിവയെക്കുറിച്ച് സെമിനാർ നടത്തി. പൂഞ്ഞാർ ഫൊറോനപള്ളി വികാരി റവ. ഫാ. അഗസ്റ്റിൻ തെരുവത്ത് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം സെമിനാർ നയിച്ചു. പുതിയ കെ.എൽ.എം. യൂണിറ്റ് ഭാരവാഹികളെ തെരഞ്ഞെടുത്തു. പരിപാടികൾക്ക് അസി. വികാരി ഫാ. ജോൺ കൂറ്റാരപ്പള്ളിൽ, വിവിധ സംഘടനാഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**3. തൊഴിലാളി ക്ഷേമനിധി സെമിനാർ – വിളക്കുമാടം**

വിളക്കുമാടം യൂണീറ്റിൽ തൊഴിലാളി ക്ഷേമപെൻഷൻ, ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ എന്നിവയെക്കുറിച്ച് കെ.എൽ.എം. ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ക്ലാസ് എടുത്തു. വികാരി ഫാ. ജോസഫ് പാണ്ടിയാംമാക്കൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. കെ.എൽ.എം. ന്റെ പുതിയ യൂണിറ്റ് രൂപീകരിച്ചു.

**4. തൊഴിലാളി ക്ഷേമനിധി സെമിനാർ – നെല്ലാപ്പാറ**

നെല്ലാപ്പാറ ഇടവകയിൽ തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ, പെൻഷൻ, ജോലി സാധ്യതകൾ എന്നിവയെക്കുറിച്ച് ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. വികാരി ഫാ. അലക്സ് പൈകട മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തുകൊണ്ട് യൂണിറ്റ് രൂപീകരിച്ചു.

**ഇടവകയിൽ അറിയിക്കേണ്ടവ**

**1. വിദേശത്ത് നേഴ്സ്/ഡോക്ടർ നിയമനം**

ഒഡെക്പെക് മുഖേന യു.എ.ഇ. സൗദി അറേബ്യ, ബോട്സ്വാന, യു.കെ. എന്നിവിടങ്ങളിൽ ഇരുന്നൂറോളം ഒഴിവുകളിലെ നിയമനത്തിന് അപേക്ഷിക്കാം. നേഴ്സ്, ഡോക്ടർ തുടങ്ങിയ ഒഴിവുകളാണുള്ളത്. വിശദവിവരങ്ങൾക്ക് www.odepc.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0481 2329440/41/42/43.

**2. സൗദിയിൽ നേഴ്സുമാർക്ക് അവസരം**

സൗദി അറേബ്യയിലെ പ്രമുഖ സ്വകാര്യ ആശുപത്രിയിലേക്ക് നേഴ്സുമാരെ നോർക്ക റൂട്ട്സ് എക്സ്പ്രസ് റിക്രൂട്ട്മെന്റ് മുഖേന തെരഞ്ഞെടുക്കും. നേഴ്സിംഗിൽ ബിരുദമോ (ബി.എസ്.സി.) ഡിപ്ലോമയോ (ജി.എം.എം.) യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. 22 നും 35 നും മദ്ധ്യേ പ്രായമുള്ള വനിത

കൾക്കാണ് അവസരം. ബി.എസ്.സി. നേഴ്സുമാർക്ക് കുറഞ്ഞത് ഒരു വർഷത്തെയും ജി.എൻ.എം. നേഴ്സുമാർക്ക് സുവർഷത്തെ പ്രവൃത്തി പരിചയം അനിവാര്യം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിസ, താമസം, വിമാന ടിക്കറ്റ് എന്നിവ സൗജന്യമാണ്. ശമ്പളം 3000 മുതൽ 3750 സൗദി റിയാൽ വരെ (ഏകദേശം 60000 രൂപ മുതൽ 70000 രൂപ വരെ) ലഭിക്കും. താല്പര്യമുള്ളവർ വിശദമായ ബയോഡേറ്റ norkaksa19@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം.

**3. ഡോ. അംബേദ്കർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

കേരള സംസ്ഥാന മുന്നോകസമുദായ ക്ഷേമപെൻഷൻ 2019-2020 വർഷത്തെ ഡോ. അംബേദ്കർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായുള്ള അപേക്ഷകൾ ക്ഷണിച്ചു. ഹയർ സെക്കണ്ടറി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, ബിരുദം, ബിരുദാനന്തരം ബിരുദം, സി.എ / സി.എം.എ. / സി.എസ്. /ഐ.സി.എഫ്.എ. ഗവേഷകവിഭാഗം (പി.എച്ച്.ഡി), എം.എഫിൽ, ഡിലിറ്റ്, ഡി.എസ്.സി.) എന്നീ മേഖലകളിൽ പഠിക്കുന്ന കേരളത്തിലെ സംവരണതേര സമുദായങ്ങളിൽപെടുന്നതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽനിന്നുമുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും www.kswcfc.org. എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**4. ഹോർമിസ് മെമ്മോറിയൽ സ്കോളർഷിപ്പിന് അപേക്ഷിക്കാം.**

ഫെഡറൽ ബാങ്ക് ഹോർമിസ് മെമ്മോറിയൽ സ്കോളർഷിപ്പ് 2019-2020 അധ്യയനവർഷങ്ങളിലേയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു. എം.ബി.ബി.എസ്., എൻജിനീയറിംഗ്, ബി.എസ്.സി. നേഴ്സിംഗ്, ബി.എസ്.സി. അഗ്രികൾച്ചർ, കാർഷിക സർവ്വകലാശാലകൾ നടത്തുന്ന അഗ്രികൾച്ചറൽ സയൻസ് ഉൾപ്പെടെയുള്ള ബി.എസ്.സി. (ഹോം നേഴ്സ്) കോ-ഓപ്പറേഷൻ ആൻഡ് ബാങ്കിംഗ്, എം.ബി.ബി.എസ്. കോഴ്സുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളാണ് അപേക്ഷിക്കേണ്ടത്. അപേക്ഷകളുടെ കുടുംബവാർഷികവരുമാനം മൂന്നു ലക്ഷം രൂപയിൽ താഴെയായിരിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും https://www.fedralbank.co.in/ei/corporate social.responsibility എന്ന ലിങ്ക് സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷകൾ തിരിച്ചറിയൽ രേഖകൾക്കൊപ്പം ഡിസംബർ 31-നകം അടുത്തുള്ള ഫെഡറൽ ബാങ്ക് ശാഖയിൽ നൽകുക.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവൽക്കരണ ക്ലാസുകൾ**

പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, അരുണാപുരം (നവം. 5) സെന്റ് ആന്റണീസ് എച്ച്.എസ്., പ്ലാശനാൽ (നവം. 14), സെന്റ് മേരീസ് എച്ച്.എസ്. മൂലമറ്റം (നവം. 15), കുഞ്ഞച്ചൻ മിഷനറി ഹോം രാമപുരം (നവം. 17) ചങ്ങനാശ്ശേരി (നവം. 20) കുന്നന്താനം, ചങ്ങനാശ്ശേരി (നവം. 22).

**2. വിജയദർശൻ ക്യാമ്പ് I (Boys)**

പത്താം ക്ലാസിലെ കുട്ടികൾക്കായി നടത്തുന്ന വിജയദർശൻ ക്യാമ്പ് 1 നവംബർ 1-2 തീയതികളിൽ അഡാർട്ടിൽ വച്ച് നടത്തുകയുണ്ടായി. ക്യാമ്പിന്റെ ഉദ്ഘാടനം ചലച്ചിത്രതാരം ചാലി പാലാ നിർവ്വഹിച്ചു. ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. കെ.റ്റി. കുര്യൻ (സെന്റ് തെരേസാസ് പബ്ലിക്ക് സ്കൂൾ ആയാംകുടി), ജെയിംസ് ജോസഫ് (സെന്റ് ജോസഫ്സ് എച്ച്.എസ്. വിളക്കുമാടം) ആന്റണി മുണ്ടമറ്റം (സെന്റ് മേരീസ് എച്ച്.എസ്. പാലാ), എൻ.എ. സെബാസ്റ്റ്യൻ, ഷാജി കച്ചിറമറ്റം, ഡിജോ ദാസ്, റ്റീനാ ജോസ് എന്നിവർ ക്ലാസ്സെടുത്തു. 60 പേർ പങ്കെടുത്തു.

**3. വിജയദർശൻ ക്യാമ്പ് -II (Boys)**

നവംബർ 8,9 തീയതികളിൽ അഡാർട്ടിൽ വിജയദർശൻക്യാമ്പ് - 2 (ബോയ്സ്) നടത്തുകയുണ്ടായി. ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു. അഡാർട്ട് കൗൺസിലേഴ്സും ശ്രീ. കെ.റ്റി. കുര്യൻ, ജെയിംസ് ജോസഫ് എന്നിവരും വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സെടുത്തു. 60 പേർ പങ്കെടുത്തു.

**4. വിജയദർശൻ ക്യാമ്പ് -III (Girls)**

പത്താം ക്ലാസിലെ പെൺകുട്ടികൾക്കു മാത്രമായി നവംബർ 15,16 തീയതികളിൽ അഡാർട്ടിൽ വച്ച് പഠനക്യാമ്പ് നടത്തി. ഫാ. മാത്യു പുതിയിടത്ത് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ. ജെയിംസ് ജോസഫ്, കെ.റ്റി. കുര്യൻ, ആന്റണി മുണ്ടമറ്റം, അഡാർട്ട് കൗൺസിലേഴ്സ് എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സെടുത്തു. 80 പേർ പങ്കെടുത്തു.

**5. മഹാത്മാഗാന്ധി വിചാരസത്രം**

അഡാർട്ടിന്റെയും സർവ്വോദയ മണ്ഡലത്തിന്റെയും ആഭിമുഖ്യത്തിൽ നവംബർ 16-ാം തീയതി ഭരണങ്ങാനം സെന്റ് മേരിസി എച്ച്.എസ്.എസിൽ വച്ച് ഗാന്ധിവിചാരസത്രം പ്രോഗ്രാം നടത്തി. സർവ്വോദയമണ്ഡലം പ്രവർത്തകൻ കെ.ജെ. എബ്രാഹം അഡാർട്ട് കൗൺസിലർ ഷാജി കച്ചിറമറ്റം എന്നിവർ നേതൃത്വം വഹിച്ചു.

**6. ജയിൽ മിനിസ്ട്രി**

ഒക്ടോബർ 12-ാം തീയതി ഇടുക്കി ജില്ലാ സബ് ജയിലിൽ (മുട്ടം) ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപതയുടെ വകയായി സൗണ്ട് സിസ്റ്റം സംഭാവന നൽകി. സാമ്പത്തികമായി സഹായിച്ച പാലാ എസ്.എച്ച്. കോൺഗ്രിഗേഷനേയും പൂഞ്ഞാർ ഫൊറോനാ സി.എം.എൽ. യൂണിറ്റിനേയും അഭിനന്ദിക്കുന്നു.

നവംബർ 1-ാം തീയതി പാലാ സബ് ജയിലിൽ മലയാളഭാഷ ഭരണ ഭാഷാ എന്ന വിഷയത്തെ ആസ്പദമാക്കി പാലാ സെന്റ് തോമസ് കോളേജ് റിട്ട. പ്രൊഫ ഡോ. സാബു ഡി. മാത്യു ക്ലാസ്സെടുത്തു. ഫാ. മാത്യു പുതിയിടത്ത് ആശംസാപ്രസംഗം നടത്തി.

നവംബർ 9-ന് പാലാ സബ് ജയിലിൽ ഫാ. ആന്റണി വെച്ചൂർ പ്രാർത്ഥന ശുശ്രൂഷ നടത്തി. ജിസസ് ഫ്രട്ടേണിറ്റി പാലാ രൂപതാ അംഗങ്ങൾ വിവിധ കലാ പരിപാടികൾ അവതരിപ്പിച്ചു.

നവംബർ 23-ന് മുട്ടം ജയിൽ ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാശുശ്രൂഷ നടത്തി. ഫാ. ജോസഫ് കുറ്റിയാങ്കൽ സന്ദേശം നൽകി. മാർ എഫ്രേം സെമിനാരിയിലെ മൂന്നാം വർഷ വൈദിക വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. നവംബർ 3-ന് പാലാ യൂണിറ്റിലും നവംബർ 16-ന് മുട്ടം യൂണിറ്റിലും മീറ്റിംഗും പ്രാർത്ഥനയും നടത്തി.

നവംബർ 19, 20 തീയതികളിൽ ബാംഗ്ലൂരിൽ പ്രിസൺ മിനിസ്ട്രി ഇൻഡ്യ, നാഷണൽ ഓഫീസിൽ വച്ച് നടന്ന പ്രിസൺ മിനിസ്ട്രി ദേശീയ പ്രവർത്തനങ്ങളുടെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ ഫാ. മാത്യു പുതിയിടത്ത് പങ്കെടുത്തു.

**6. സാരഥി**

സാരഥിയുടെ യൂണിറ്റ് മീറ്റിംഗുകൾ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് 2019**

ലോഗോസ് ക്വിസ് സംസ്ഥാനമത്സരം 2019 നവംബർമാസം 23,24 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ വച്ചു നടന്നു. നമ്മുടെ രൂപതയിൽ നിന്ന് ശ്രീമതി ഡെയ്സീ ജോർജ്ജ് കല്ലൂർ വെള്ളികുളം, ശ്രീമതി മേരി പോൾ പൂവത്തുങ്കൽ മുത്തോലപുരം എന്നിവർ 4-ാം സ്ഥാനവും ഫ്ളാവിയ മരിയ സതീഷ് പുത്തുപ്പള്ളിൽ കുടക്കച്ചിറ, ശ്രീ. ബാബു പോൾ പെരിയപ്പുറം ഭരണങ്ങാനം എന്നിവർക്ക് മൂന്നാം സ്ഥാനവും ലഭിച്ചു.

**2. ലോഗോസ് ഫാമിലി മെഗാ ക്വിസ്**

പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റും ഫാമിലി അപ്പോസ്തലേറ്റും സംയുക്തമായി സംഘടിപ്പിക്കുന്ന ലോഗോസ് ഫാമിലി മെഗാ ക്വിസ് 2020 ജനുവരി 4-ന് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്.

**3. ബൈബിൾ കോഴ്സ്**

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബൈബിൾ കോഴ്സിന്റെ അവസാന ക്ലാസ് 2019 ഡിസംബർ 14-ാം തീയതി അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും.

**4. പുതിയ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു**

പാലാ രൂപത ബൈബിൾ അപ്പസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അൽമായർക്കായി ഏകവർഷ/ദ്വിവർഷ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു. അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുന്ന ക്ലാസുകൾ രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30-ന് അവസാനിക്കുന്നു. രണ്ടാം ശനിയാഴ്ചകളിലാണ് ക്ലാസുകൾ നടത്തുന്നത്. 2020 ജനുവരി 11-ന് ആരംഭിക്കുന്ന

കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2019 ഡിസംബർ 31-നു മുമ്പായി ഷലോമിലുള്ള ഓഫീസിൽ നിർദ്ദിഷ്ട ഫോം പൂരിപ്പിച്ചു നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാഫാറം വെബ്സൈറ്റിൽ ലഭ്യമാണ്. www.bibleapostolatepalai.org, വിശദവിവരങ്ങൾക്ക് 9447145934.

**5. ലോഗോസ് ക്വിസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.**

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനി** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 1,8,15,22,29 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. (രാവിലെ 9 മണി മുതൽ 3 വരെ) റവ. ഫാ.മാത്യു കൊച്ചുവീട്ടിൽ (CFIC), ഫാ. ജസ്റ്റിൻ പനച്ചിക്കൽ MSFS (കരിസ്മാറ്റിക്) ഫാ. തോമസ് കടുത്താനം (OCD കുറിഞ്ഞി), ഫാ. തോമസ് മണ്ണൂർ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 4,11,18,25 തീയതികളിൽ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വൈകുന്നേരം 4 മണി മുതൽ 5.30 വരെ സെൽ പ്രാർത്ഥന നടത്തി. ഇവാഞ്ചെസേഷന്റെയും കരിസ്മാറ്റിക്സിന്റെയും വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, റ്റോമി മരുതോലി തുടങ്ങിയവർ നേതൃത്വം നൽകി.

## ബൈബിൾ കൺവൻഷൻ

**1. മദ്ധ്യസ്ഥ പ്രാർത്ഥന**

37-ാമത് ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഈ മാസം 1,2,4,5,6,7,9,11,12,13,14,16,18,19,20,21,23,25,26,27,30 ദിവസങ്ങളിൽ പാലാ ലീജിയൻ ഹോമിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. മാത്തുകുട്ടി താന്നിയ്ക്കൽ, ജോയി നെല്ലിക്കുന്നേൽ, ചാക്കോ ചെട്ടിമാട്ടേൽ, മോനിക്ക മാങ്കാലായിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**2. ബൈബിൾ കൺവൻഷൻ മൊബലൈസേഷൻ പ്രോഗ്രാം**

നവംബർ മാസം 1-ാം തീയതി മുതൽ രൂപതയിലെ മുഴുവൻ ഇടവകയിലും മഠങ്ങളിലും സ്ഥാപനങ്ങളിലും ബൈബിൾ കൺവൻഷൻ വിജയത്തിനായി സന്ദർശിക്കുകയും പോസ്റ്റർ, പ്രാർത്ഥന എന്നിവ നൽകുകയും ചെയ്തു. വികാരി ജനറാൾ ബഹു. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, തങ്കച്ചൻ സ്രാമ്പിക്കൽ, ജോർജുകുട്ടി ഞാവള്ളിൽ, ജെയിംസ് മാറാട്ടുകുളം, സണ്ണി പള്ളിവാതുക്കൽ എന്നിവർ നേതൃത്വം നൽകി.

**3. പന്തൽ കാൽനാട്ടുകർമ്മം**

നവംബർ മാസം 29-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് പാലാ രൂപത 37-ാമത് ബൈബിൾ കൺവൻഷന്റെ കാൽനാട്ടുകർമ്മം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നടത്തി. വികാരി ജനറാളന്മാർ, ബഹു. അച്ച ന്മാർ, സിസ്റ്റേഴ്സ്, വോളണ്ടിയേഴ്സ് എന്നിവർ സംബന്ധിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. കരിസ്മാറ്റിക് ദിനവും മിനിസ്ട്രികൂട്ടായ്മയും**

എല്ലാ മാസാദ്യ ശനിയാഴ്ചകളിലും നടന്നുവരുന്ന കരിസ്മാറ്റിക് നേതൃ ത്വത്തിലുള്ളവരുടെ സംഗമം നവംബർ 2-ാം തീയതി ശനിയാഴ്ച 9.30 മുതൽ 2 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ നടന്നു. സോൺ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ വചനശുശ്രൂഷ നയിച്ചു. സോണൽ സേവനസമിതി അംഗങ്ങൾ പ്രോഗ്രാമിന് നേതൃത്വം നൽകി.

**2. വചനദീപ്തി തുടർധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിലും മീനച്ചിൽ സെന്റ് ആന്റ ണീസ് ദൈവാലയത്തിലും വചനദീപ്തി തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയത്തിൽ നവംബർ 7-ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ ദൈവാലയ ത്തിൽ നവംബർ 8-ാം തീയതിയും ശുശ്രൂഷകൾ നടത്തപ്പെട്ടു. പാലാക്കാട് ദൈവാ ലയത്തിൽ ബ്രദർ ലാലു പാലമറ്റത്തിലും മീനച്ചിൽ ദൈവാലയത്തിൽ റവ.ഫാ. മാത്യു കൊച്ചുവീട്ടിൽ CFIC വചനസന്ദേശവും ആരാധനയും നയിച്ചു.

**3. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാ ഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന നവംബർ 30-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ച് വെളുപ്പിന് 4 മണിക്ക് വി. കുർബാ നയോടുകൂടി അവസാനിച്ചു. ബ്രദർ പാപ്പച്ചൻ പള്ളത്ത് ഡിവൈൻ ധ്യാനകേന്ദ്രം മുരിങ്ങൂർ വചനശുശ്രൂഷ നയിച്ചു. ഫാ. ജോസ് വള്ളോംപുരയിടം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീം അംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**4. സബ്സോൺ പുനഃസംഘടന**

രൂപതയിലെ 18 സബ് സോണിലെയും പുനഃസംഘടന 2019-2021 സേവ നകാലഘട്ടത്തിലേയ്ക്കുവേണ്ടി നടത്തപ്പെട്ടു. വിവിധ മിനിസ്ട്രികളുടെയും പുനഃസംഘടനയുള്ളതോടൊപ്പം എല്ലാ സബ് സോണിലും നടത്തപ്പെട്ടു. നവീ കരണ പ്രവർത്തനത്തിന് ആരംഭം കുറിച്ചു കഴിഞ്ഞു.

**5. മദ്ധ്യസ്ഥ പ്രാർത്ഥന**

നമ്മുടെ രൂപതയിലെ 37-ാമത് ബൈബിൾ കൺവെൻഷന്റെ വിജയത്തിനായി സഭയുടെ എല്ലാ പ്രവർത്തനവിജയത്തിനും തിങ്കളാഴ്ച മുതൽ വെള്ളിയാഴ്ച വരെ മദ്ധ്യസ്ഥപ്രാർത്ഥന മിനിസ്ട്രിയിലെ അംഗങ്ങൾ ഒന്നിച്ചുകൂടി രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന നടത്തിവരുന്നു.

**6. സബ് സോൺ ഫോർമേഷൻ പ്രോഗ്രാം**

ഇടവകതലത്തിൽ പ്രാർത്ഥനാഗ്രൂപ്പുകളും മറ്റ് ശുശ്രൂഷകളും സജീവമാക്കുന്നതിന്റെ ഭാഗമായി രൂപതയിൽ 18 സബ് സോൺ കേന്ദ്രീകരിച്ച്. ഫോർമേഷൻ പ്രോഗ്രാം നടത്തിവരുന്നു. കൂടുതൽ പ്രേഷിത ആഭിമുഖ്യം ലക്ഷ്യം വച്ച് ഈ ശുശ്രൂഷ നടത്തിവരുന്നു.

**7. ഹിന്ദി കൂട്ടായ്മ**

എല്ലാവർക്കും യേശുവിനെ നൽകുക. മിഷനറി മുഖം സഭയ്ക്കും നഷ്ടപ്പെടുത്താതെ നോക്കുക എന്ന ലക്ഷ്യത്തോടെ സോണൽ സേവന സമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷാ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറിയുവാനും മനസ്സിലാക്കുവാനുമായി ജൂലൈ മാസം ആരംഭംകുറിച്ച ഹിന്ദിയിലുള്ള വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനശുശ്രൂഷയും നവംബർ മാസത്തിലെ എല്ലാ ഞായറാഴ്ചകളിലും പാലാ സെന്റ് തോമസ് എച്ച്.എസ്. ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. നവംബർ 3-ാം തീയതി റവ.ഫാ. ജോയി വള്ളിയാംതടത്തിലും 10-ാം തീയതി റവ.ഫാ. നിബിൻ മാട്ടേലിൽ സി.എം.ഐ., 17-ാം തീയതി റവ.ഫാ. ജിൻറോ വലിയമംഗലം സി. എം.ഐ., 24-ാം തീയതി റവ.ഫാ. ബിജോയി ചെറുവള്ളാത്ത് സി.എം.ഐ. യും വചനശുശ്രൂഷകൾ നയിച്ചു.

റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. കുര്യൻ മറ്റം എന്നിവർ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. സണ്ണി പള്ളിവാതുക്കൽ, ജോർജുകുട്ടി ഞാവള്ളിൽ, മാത്യുകുട്ടി താന്നിയ്ക്കൽ, ബ്രദർ ജോർജ് കുറ്റനാൽ, തോമസ് മുള്ളമട എന്നിവർ മറ്റു ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കുമ്പസാരിക്കുവാനുള്ള സൗകര്യം നൽകിവരുന്നു. നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷാ സംസാരിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും ഈ സദ്വാർത്ത അറിയിക്കുമല്ലോ.

**8. ജീസസ് എയ്ഞ്ചൽസ് ഹോളി അപ്പ് ഫോർമേഷൻ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തുന്നതിനായി ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിന വചനശുശ്രൂഷകൾ നടത്തിവരുന്നു. നവംബർ മാസത്തിൽ മണ്ണാറപ്പാറ, ഇടപ്പാടി, മൂണ്ടാങ്കൽ, അന്ത്യാളം, കാക്കൊമ്പ്, പൂഞ്ഞാർ, മണിയംകുന്ന്, അന്തിനാട്, രാമപുരം എന്നീ ഇടവകകളിൽ നടത്തപ്പെട്ടു. ശുശ്രൂഷകൾക്ക് റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ലിൻസി കുരിശുംമൂട്ടിൽ, ബ്രദർ റ്റോമി, സി. ബ്രിജിറ്റ്, ജാൻസി, ബ്രദർ ജോസ്, സി. സ്റ്റാർലറ്റ്, തോമസ് സാർ, ബിയ ജോജറ്റ് എന്നിവർ നേതൃത്വം നൽകി.

**9. ഇടവക തലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവക വികാരിമാർ ആവശ്യപ്പെട്ടതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. നവംബർ 9-ാം തീയതി ശനിയാഴ്ച അന്ത്യാളം സെന്റ് മാത്യൂസ് ഇടവകയിൽ ബ്രദർ ലാലു പാലമറ്റത്തിലും രാമപുരം സബ് സോൺ രണ്ടാം ശനിയാഴ്ച പ്രോഗ്രാമിൽ ബ്രദർ ദാനിയേലും വചനശുശ്രൂഷയ്ക്കും ആരാധനയ്ക്കും നേതൃത്വം നൽകി.

**10. സേവന സമിതി സമ്മേളനം**

സോണൽ സേവന സമിതി സമ്മേളനം നവംബർ 24-ാം തീയതി 2 മുതൽ 5 മണി വരെ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**11. പാരിഷ് മിനിസ്ട്രി നേതൃസംഗമം**

പുതിയതായി പുനഃസംഘടിക്കപ്പെട്ട പാരിഷ് മിനിസ്ട്രി കൂട്ടായ്മയുടെ നേതൃസംഗമം നവംബർ 22-ാം തീയതി വെള്ളിയാഴ്ച ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പാരിഷ് മിനിസ്ട്രി സെൻട്രൽ ടീം എമ്മാവൂസ്, കോർഡിനേറ്റർ ജോസ് തട്ടിൽ, സെക്രട്ടറി അഗസ്റ്റിൻ കോഴിക്കോട്, വർഗ്ഗീസ് എറണാകുളം, സണ്ണി പള്ളിവാതുക്കൽ, ജോൺസൺ തടത്തിൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ഒക്ടോബർ ഇരുപത്താറാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവ ശുശ്രൂഷ നടത്തപ്പെട്ടു. നവംബർ പത്താം തിയതി മുതൽ പതിനാറാം തിയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. ബിജു പോൾ OSB, ഫാ. ജസ്റ്റിൻ മേപ്പുറത്ത് HGN, ഫാ. ജോസഫ് തെരുവിൽ, ഫാ. ചെറിയാൻ മൂലയിൽ, ഫാ. റിന്റു മണ്ണൂർ OFM Cap. അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ ഡിസംബർ എട്ട് മുതൽ പതിനാല് വരെയും, ജനുവരി അഞ്ച് മുതൽ പതിനൊന്ന് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ 2019 നവംബർ, ഡിസംബർ മാസങ്ങളിൽ 5 ഘട്ടങ്ങളിലായി റീജിയൻ സമ്മേളനങ്ങൾ നടത്തപ്പെടുന്നു.

**പാലാ റീജിയൻ സമ്മേളനം**

പാലാ സെന്റ് ക്ലയർ റീജിയൻ സമ്മേളനം നവംബർ 30-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കുരുവിനാൽ സെന്റ് മൈക്കിൾസ് ചർച്ച് പാരിഷ് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നു. വികാരി റവ.ഫാ. മാത്യു വാഴയ്ക്കാപ്പാറ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കും.

**ഭരണങ്ങാനം റീജിയൻ സമ്മേളനം**

ഭരണങ്ങാനം സെന്റ് അൽഫോൻസാ റീജിയൻ സമ്മേളനം നവംബർ 30-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന് പൈക സെന്റ് ജോസഫ്സ് ചർച്ച് പാരിഷ് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റ് ബ്രദർ ടോമി കെ. മാത്യു കളപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നതും വികാരി റവ. ഫാ. ജോസഫ് പൂവത്തുങ്കൽ സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് പ്രസംഗിക്കുന്നതുമാണ്.

**അരുവിത്തുറ റീജിയൻ സമ്മേളനം**

അരുവിത്തുറ സെന്റ് ആന്റണീസ് റീജിയൻ സമ്മേളനം ഡിസംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കളത്തൂക്കടവ് സെന്റ് ജോൺ വിയാനി ചർച്ച് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റ് ബ്രദർ തോമസ് മാത്യു മടിക്കാങ്കലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതും വികാരി റവ.ഫാ. ജോസഫ് പരവുമ്മേൽ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതുമാണ്.

**തുടങ്ങനാട് റീജിയൻ സമ്മേളനം**

തുടങ്ങനാട് സെന്റ് എലിസബത്ത് റീജിയൻ സമ്മേളനം ഡിസംബർ 7-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മേലുകാവുമറ്റം സെന്റ് തോമസ് ചർച്ച് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റ് ബ്രദർ തോമസ് ജോസഫ് കിഴക്കേപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതും വികാരി റവ.ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ട് മുഖ്യപ്രഭാഷണം നടത്തുന്നതുമാണ്.

**കുറവിലങ്ങാട് റീജിയൻ സമ്മേളനം**

കുറവിലങ്ങാട് സെന്റ് തോമസ് മൂർ റീജിയൻ സമ്മേളനം ഡിസംബർ 14 ശനി ഉച്ചകഴിഞ്ഞ് 2 മണിക്ക് മുത്തോലപുരം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരിഷ് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റ് സി. ആലീസ് മാത്യു ചെമ്പോത്തിനാലിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതും വികാരി റവ.ഫാ. സിറിയക് വടക്കേൽ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുന്നതുമാണ്.

പ്രസ്തുത സമ്മേളനങ്ങളിൽ SFO പാലാ രൂപത സ്പിരിച്ച്വൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap മുഖ്യപ്രഭാഷണം നടത്തുന്നതും രൂപത ഭാരവാഹികൾ ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രസംഗിക്കുന്നതുമാണ്. അനുഷ്ഠാനകർമ്മങ്ങളുടെ വ്യതവാഗ്ദാന സ്വീകരണവും റീജിയൻ സമ്മേളനങ്ങളിൽ നടത്തപ്പെടുന്നു.

**യൂണിറ്റ് സന്ദർശനം - 2020**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപതയിലെ യൂണിറ്റുകളും 2019 ലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ റീജിയൻ ഭാരവാഹികൾ യൂണിറ്റ് സന്ദർശനം നടത്തുന്നു.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. ദീപിക ഫ്രണ്ട്സ് ക്ലബ് പ്രതിനിധിസമ്മേളനം**

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡിഎഫ്സി പ്രതിനിധി സമ്മേളനം നടത്തി. രൂപതാ പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ആമുഖപ്രഭാഷണം നടത്തി. ഡിഎഫ്സി സംസ്ഥാനവൈസ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. ടോമി തുരുത്തിക്കര, മിനി കോതമംഗലം, സാലിമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**2. എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിഎഫ്സി എക്സിക്യൂട്ടീവ് മീറ്റിംഗ് ഷാലോമിൽ വച്ച് നടത്തി. ഡോ. സണ്ണി വി. സ്കറിയ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ചർച്ചകൾക്ക് നേതൃത്വം നൽകി.

**3. മാധ്യമ സെമിനാർ - അന്ത്യാളം ഇടവകയിൽ**

അന്ത്യാളം ഇടവകയിൽ മാധ്യമസെമിനാർ നടത്തി. വികാരി ഫാ. ജെയിംസ് വെണ്ണായിപ്പള്ളിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര എന്നിവർ ക്ലാസ് നയിച്ചു.

**4. ഡ്രീംലൈൻ വർക്ക് - അന്ത്യാളത്ത്**

ഇടവകയിൽ ഡ്രീംലൈൻ വർക്ക് നടത്തി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ദീപിക ഫ്രണ്ട്സ് ക്ലബ് ഭാരവാഹികൾ, പ്രതിനിധി യോഗാംഗങ്ങൾ എന്നിവർ പത്രപ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകി.

**5. മാധ്യമസെമിനാർ ചേറ്റുത്തോട്**

ഡിഎഫ്സി യുടെ ആഭിമുഖ്യത്തിൽ ചേറ്റുതോട് ഇടവകയിൽ മാധ്യമ സെമിനാർ നടത്തി. വികാരി ഫാ. ജോസഫ് കാപ്പിൽ മീറ്റിംഗിൽ അധ്യക്ഷത

വഹിച്ചു. ഫാ. സ്കറിയ വേകത്താനം, ഡോ. സണ്ണി വി. സ്കറിയ, ചാക്കോച്ചൻ കളപ്പുരയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു. യൂണിറ്റിൽ പുതിയ ഡി.എഫ്.സി. യുടെ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**6. ഡ്രീംലൈൻ പ്രോജക്ട് – ചേറ്റുതോട്**

ചേറ്റുതോട് പള്ളിയിൽ ഡ്രീംലൈൻ പ്രേജക്ട് നടപ്പിലാക്കി. ഡിഎഫ്സി സംസ്ഥാന വൈസ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ഫാ. ജോസഫ് കാപ്പിൽ, റോയി മാളിയേക്കൽ, ഡിഎഫ്സി ഭാരവാഹികൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. മാധ്യമസെമിനാർ അടിവാരത്ത്**

ഡിഎഫ്സി യുടെ ആഭിമുഖ്യത്തിൽ അടിവാരം ഇടവകയിൽ മാധ്യമ സെമിനാർ നടത്തി. യൂണിറ്റ് പ്രസിഡന്റ് ജസ്റ്റിൻ കുന്നുംപുറം മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വികാരി ഫാ. ജോർജ് പാറേക്കുന്നേൽ, ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര തുടങ്ങിയവർ പ്രസംഗിച്ചു.

**8. ഡ്രീംലൈൻ വർക്ക് – അടിവാരത്ത്**

ഡിഎഫ്സിയുടെ ആഭിമുഖ്യത്തിൽ ഇടവകയിൽ പത്രപ്രചാരണപരിപാടി നടത്തി. വികാരി ഫാ. ജോർജ് പാറേക്കുന്നേൽ, ഡിഎഫ്സി ഭാരവാഹികൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**9. ദീപിക നമ്മുടെ ഭാഷാ പദ്ധതി – മോനിപ്പള്ളിയിൽ**

മോനിപ്പള്ളി എൻ.എസ്.എസ്. ഗവ. എൽ.പി. സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ ഉദ്ഘാടനം ഹെഡ്മിസ്ട്രസ് സി.കെ. അംബികയ്ക്കു പത്രത്തിന്റെ കോപ്പി നൽകി, പ്രൊഫ. കെ.പി. ജോസഫ് നിർവ്വഹിച്ചു. അധ്യാപകരായ സുനിത തങ്കപ്പൻ, സിനിമോൾ മാത്യു, പി. സിബി, ജി. പൊന്നപ്പൻ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**10. ദീപിക നമ്മുടെ ഭാഷാ പദ്ധതി – കുറുമണ്ണ് സ്കൂളിൽ**

കുറുമണ്ണ് സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ ദീപികയുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം നീലൂർ സഹകരണ ബാങ്ക് പ്രസിഡന്റ് കുഞ്ഞച്ചൻ ഉറുമ്പുകാട്ട് വിദ്യാർത്ഥി പ്രതിനിധികൾക്കു പത്രം നല്കി നിർവ്വഹിച്ചു. അധ്യാപകരായ മോൻസ് അഗസ്റ്റിൻ, ബാങ്ക് സെക്രട്ടറി ജോയി അഗസ്റ്റിൻ, ബോർഡ് മെമ്പർമാരായ പി.എസ്. ഗാർങ്ധരൻ, ഫിലിപ്പ് ജോസഫ് പുളിക്കൽ, പിടിഎ പ്രസിഡന്റ് രാജേഷ്, ബാങ്ക് മാനേജർ ആൽബിൻ ടോം, ബോർഡ് മെമ്പർ പ്രഫ. ജോസഫ് കൊച്ചുകുടി തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**11. ദീപിക നമ്മുടെ ഭാഷാപദ്ധതി കുറവിലങ്ങാട് ഗേൾസ് ഹൈസ്കൂൾ**

ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ കുറവിലങ്ങാട് മേഖല ഉദ്ഘാടനം കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ ഹെഡ്മിസ്ട്രസ് സിസ്റ്റർ ബെൻസി റോസിന് പത്രം നൽകി മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. പഞ്ചായത്ത് മെമ്പർ സജി ജോസഫ്, പി.ടി.ഐ പ്രസിഡന്റ് വിനോദ് പുളിക്കൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ആൻസി ജോസ്, പഞ്ചായത്ത് മെമ്പർമാരായ മിനി

മോൾ ജോർജ്, സോഫി സജി, ഡിഎഫ്സി വനിതാവിഭാഗം സംസ്ഥാന പ്രസിഡന്റ് സാലിമ്മ ജോളി, മേഖലാ പ്രസിഡന്റ് ജോസഫ് വട്ടത്തോട്ടം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. കുര്യൻ സഖറിയാസ് കുതിരവേലി, ഡിഎഫ്സി സംസ്ഥാന പ്രസിഡന്റ് ടോമി തുരുത്തിക്കര, പഞ്ചായത്ത് മെമ്പർമാരായ ജോർജ് ജി. ചേന്നേലി, പി.എൻ. മോഹനൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

**12. ദീപിക നമ്മുടെ ഭാഷാപദ്ധതി – കുറവിലങ്ങാട് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ**

കുറവിലങ്ങാട് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ പ്രതിനിധിക്കു പത്രം നൽകി സഖറിയാസ് കുതിരവേലിയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. കുര്യൻ ചേർന്ന് നിർവ്വഹിച്ചു. പ്രിൻസിപ്പൽ നോബിൾ തോമസ്, ഡിഎഫ്സി മേഖലാ പ്രസിഡന്റ് ജോസഫ് വട്ടത്തോട്ടം, ടോമി തുരുത്തിക്കര, സാലിമ്മ ജോളി, ഡോ. ചാർളി സെബാസ്റ്റ്യൻ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**13. ദീപിക നമ്മുടെ ഭാഷാ പദ്ധതി – വയലാ ഈസ്റ്റ് ഗവ. എൽ.പി. സ്കൂൾ**

വയലാ ഈസ്റ്റ് ഗവൺമെന്റ് എൽ.പി.സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതിയുടെ കുറവിലങ്ങാട് ബിൻസി ട്രെയിനർ, മഞ്ചിത സ്കൂൾ ലീഡർ കെ.എസ്. സഞ്ജുമോൻ പത്രത്തിന്റെ കോപ്പി നൽകി ഉദ്ഘാടനം ചെയ്തു. ഹെഡ്മിസ്ട്രസ് ലിസി മാത്യൂസ്, അധ്യാപകരായ ഹരികൃഷ്ണൻ, രാജേഷ്, ശരണ്യ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**14. അസാധാരണ മിഷൻ പ്രേഷിതാചരണം – ചൂണ്ടച്ചേരിയിൽ**

അസാധാരണ മിഷൻ പ്രേഷിതാചരണം ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ സീറോ മലങ്കര അധ്യക്ഷൻ കർദ്ദിനാൾ മാർ ക്ലീമിസ് കതോലിക്കാ ബാവാ സമ്മേളനം ഉദ്ഘാടനം ചെയ്തു. ആദിലാബാദ് രൂപതധ്യക്ഷൻ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ മുഖ്യപ്രഭാഷണം നടത്തി സമ്മേളനത്തിൽ ദീപിക ഫ്രണ്ട്സ് ക്ലബിന്റെ രൂപതാ സമിതി അംഗങ്ങൾ പങ്കെടുത്തു.

**15. അനുശോചിച്ചു.**

എ) ഡിഎഫ്സി പൈങ്ങുളം യൂണിറ്റ് പ്രസിഡന്റ് പ്രിൻസ് അഗസ്റ്റിന്റെ നിര്യാണത്തിൽ ഡിഎഫ്സി രൂപതാ സമിതി അനുശോചിച്ചു. പരേതന്റെ ഭവനത്തിൽ ഫാ. സ്കറിയ വേകത്താനത്തിന്റെ നേതൃത്വത്തിൽ ഒപ്പീസ് പ്രാർത്ഥന നടത്തി.

ബി) ഡിഎഫ്സി ചേർപ്പുങ്കൽ സോണൽ കോർഡിനേറ്റർ ജെയ്മോൻ പുത്തൻപുരയ്ക്കലിന്റെ മാതാവ് മേരിക്കുട്ടി ജെയിംസിന്റെ നിര്യാണത്തിൽ ഡിഎഫ്സി രൂപതാ നേതൃത്വം അനുശോചിച്ചു. മൃതസംസ്കാര കർമ്മത്തിൽ ഡിഎഫ്സി ഭാരവാഹികൾ സംബന്ധിച്ചു.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

# ഇൻഫാം

**മധ്യ കേരള കർഷക പ്രക്ഷോഭത്തിന് ആഹ്വാനംചെയ്ത് പാലാ ബിഷപ്പ് ഹൗസിൽ കർഷക കൺവെൻഷൻ**

ഇൻഫാം പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ ബിഷപ്സ് ഹൗസിൽ രൂപതയിലെ 17 ഫൊറോനാകളിൽ നിന്നും ഒത്തുകൂടിയ ഇരുന്നൂറിലധികം വരുന്ന കർഷക പ്രതിനിധികളുടെ യോഗത്തിൽ ചതിക്കുഴികൾ തിരിച്ചറിഞ്ഞ് സംഘടിച്ച് പ്രതികരിക്കാൻ കർഷകർ തീരുമാനിച്ചു. പാലാ രൂപതാധ്യക്ഷൻ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് കർഷക കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. ഭക്ഷ്യവിഭവങ്ങളും നാണ്യവിളകളും സമൃദ്ധമായി ഉത്പാദിപ്പിച്ചിരുന്ന മീനച്ചിൽ പ്രദേശത്ത് കാർഷികമേഖലയിലെ പ്രതിസന്ധികൾ മൂലം കാർഷികവൃത്തി ഉപേക്ഷിക്കേണ്ടിവരുന്ന അവസ്ഥ അത്യന്തം വേദനാജനകമാണെന്ന് ബിഷപ്പ് അഭിപ്രായപ്പെട്ടു. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കർഷകന് ജീവിക്കാനും സമ്പാദിക്കാനും ആവശ്യമായ വരുമാനം കൃഷിയിലൂടെത്തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മാറിമാറി ഭരിക്കുന്ന ഗവൺമെന്റുകൾക്ക് കടമ ഉണ്ടെന്ന് ബിഷപ്പ് ഓർമിപ്പിച്ചു. കർഷകപെൻഷൻ കൂട്ടുക, കർഷകർക്ക് കൂടുതൽ സബ്സിഡികൾ അനുവദിക്കുക, കർഷക സംഘങ്ങളുമായി ചേർന്നു കർഷക കമ്പനികൾ രൂപീകരിക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് ബിഷപ്പ് ആവശ്യപ്പെട്ടു. പാലാ രൂപതയുടെ വിവിധ ഭാഗങ്ങളിൽ നല്ലവരായ കർഷകർ സംഘടിച്ച് രൂപംകൊടുത്ത വിവിധ കർഷക സംരംഭങ്ങളെ ബിഷപ്പ് അഭിനന്ദിച്ചു. പാലാ രൂപതയുടെ എല്ലാഭാഗങ്ങളിലും ഇത്തരത്തിലുള്ള മുന്നേറ്റങ്ങൾ തുടങ്ങാൻ കർഷകരെല്ലാവരും ഒത്തുചേർന്നാൽ സാധിക്കുമെന്നും അതിനെ ഫസിലിറ്റേറ്റ് ചെയ്യാമെന്നും ബിഷപ്പ് സൂചിപ്പിച്ചു. ഇൻഫാം ജില്ലാ പ്രസിഡന്റ് ശ്രീ. മാത്യു മാംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മുഖ്യവികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ, ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, സോഷ്യൽ സർവീസ്- കർഷകദള ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ, സെക്രട്ടറി ശ്രീ. ബേബി പന്തപള്ളിൽ, അസി. ഡയറക്ടർ ഫാ. സിറിൽ തയ്യിൽ തുടങ്ങിയവർ സംസാരിച്ചു. ഷെവ. അഡ്വ. വി. സി. സെബാസ്റ്റ്യൻ കാർഷിക വിഷയങ്ങളെ അധികരിച്ച് സംസാരിക്കുകയും ചർച്ചക്ക് നേതൃത്വം നൽകുകയും ചെയ്തു. മാറിമാറി കേന്ദ്രവും സംസ്ഥാനവും ഭരിച്ച ഗവൺമെന്റുകൾ കർഷകരുടെ വോട്ടുനേടി അധികാരത്തിൽ വന്നെങ്കിലും മോഹന വാഗ്ദാനങ്ങൾ നൽകി കർഷകരെ വഞ്ചിക്കുന്നതല്ലാതെ നിയമനിർമ്മാണവും നിയമ ഭേദഗതികളും പോലുള്ള കാര്യമായ ചുവടുവയ്പ്പുകൾക്ക് മുതിരുന്നില്ല. വിവിധ സർക്കാരുകൾ കാലാകാലങ്ങളിൽ മറ്റു രാജ്യങ്ങളുമായി വിവിധ കരാറുകളിൽ ഒപ്പിട്ടത് കർഷകരെ സഹായിക്കുന്നതിന് പകരം ദ്രോഹിക്കാൻ ആണ് ഉപകരിച്ചത്. ഏതു കരാറുകളിൽ ഏർപ്പെടുമ്പോഴും മറ്റു രാജ്യങ്ങൾ അതാത് രാജ്യങ്ങളിലെ കർഷകരുടെയും പാവപ്പെട്ടവരുടെയും ഉന്നതി ലക്ഷ്യം വയ്ക്കുന്നുണ്ടെങ്കിലും

ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികളും പാർട്ടികളിലെ കർഷകഫോറങ്ങളും ഇക്കാര്യത്തിൽ യാതൊരു ശ്രദ്ധയും കാണിക്കുന്നില്ലെന്ന് തെളിവുകളിലൂടെ അദ്ദേഹം സ്ഥാപിച്ചു. കേരളത്തിൽ ലഭ്യമായതും ഉത്പാദിപ്പിക്കപ്പെടുന്നതുമായ അസംസ്കൃത വസ്തുക്കളെ കേരളത്തിൽത്തന്നെ മൂല്യവർദ്ധിതമാക്കി വിദേശത്തേക്ക് കയറ്റി അയക്കാനുള്ള സംവിധാനങ്ങൾക്ക് ഗവൺമെന്റ് രൂപം നൽകണമെന്ന് ചർച്ചകളിൽ അഭിപ്രായമുയർന്നു. കർഷകർ സംഘടിക്കാതെ ഇനിയും ചിതറി നിന്നാൽ വൻദുരന്തമാണ് കർഷകർക്ക് ഉണ്ടാകാൻ പോകുന്നതെന്നും അതിനാൽ നിയമനടപടികൾ പോലുള്ള കർമ്മപരിപാടികൾ സ്വീകരിക്കണമെന്നും ചർച്ചകളിൽ ആവശ്യമുയർന്നു. ആർ.സി.ഇ.പി. കരാർ, പരിസ്ഥിതിലോല പ്രദേശങ്ങളിലെ കർഷകരുടെ ദുരവസ്ഥ, വന്യജീവികൾ കാർഷിക വിളകൾ നശിപ്പിക്കുന്ന അവസ്ഥ, തോട്ടം-പുരയിടം വിഷയം, ഭൂവിനിയോഗ ബില്ലിലെ അപാകതകൾ തുടങ്ങിയ കർഷക പ്രശ്നങ്ങൾ ചർച്ചയ്ക്ക് വരികയും ഇവയ്ക്കെതിരെ കർഷകർ സംഘടിച്ച് വിവിധ ഫൊറോനകളിൽ വിവിധ കേന്ദ്രങ്ങളിൽ അയൽ ഇടവകകൾ ചേർന്ന് പ്രക്ഷോഭങ്ങൾ നടത്താനും തീരുമാനമായി.

കാഞ്ഞിരപ്പള്ളി മലനാട് ഡെവലപ്മെന്റ് ഹാളിൽ ചേർന്ന ഇൻഫാം ദേശീയസമിതിയോഗം രക്ഷാധികാരി മാർ മാത്യു അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. ഷെവ. വി. സി. സെബാസ്റ്റ്യൻ വിവിധ കാർഷിക വിഷയങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. കാർഷികമേഖലയിലെ പ്രതിസന്ധികളും കടക്കെണിയും മാറ്റമില്ലാതെ തുടരുമ്പോൾ ശമ്പളപരിഷ്കരണ നടപടികളുമായി മുന്നോട്ടുപോകുന്നത് കർഷകരോടുള്ള കടുത്ത അവഹേളനമാണ്. സർക്കാർ ജീവനക്കാർക്ക് നൽകുന്നതുപോലെ അറുപത് കഴിഞ്ഞ കർഷകർക്ക് മാസംതോറും 10000 രൂപ പെൻഷൻ അനുവദിക്കുക, കർഷക കുടുംബങ്ങളുടെ നേർക്കുള്ള ജപ്തി നടപടികൾ അവസാനിപ്പിക്കുക, നിലവിലുള്ള ബാങ്ക് ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ കാര്യങ്ങൾ യോഗം ചർച്ച ചെയ്തു. ദേശീയ സമിതി യോഗത്തിൽ പാലാ രൂപതയിൽനിന്നും ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളിൽ തുടങ്ങിയവർ സംബന്ധിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## സി. വിൻസെൻഷ്യാ പീടികമലയിൽ

'എനിക്ക് ലാഭമായിരുന്ന ഇവയെല്ലാം ക്രിസ്തുവിനെ പ്രതി നഷ്ടമായി ഞാൻ കണക്കാക്കി. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടം പോലെ കരുതുകയമാണ്. ഇത് ക്രിസ്തുവിനെ നേടുന്നതിനും അവനോടു കൂടെ ഒന്നായി കാണപ്പടുന്നതിനും വേണിയത്രേ". (Phil: 3:79)

പൗലോശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനം 3-ാം അദ്ധ്യായം 7-9 വരെയുള്ള വാക്യങ്ങൾ ജീവിതത്തിൽ അന്വർത്ഥമാക്കി കഠിനാദ്ധ്വാനത്തിന്റെയും, ആത്മാർത്ഥതയുടേയും ജീവിതമാതൃക നമുക്ക് നല്കി, കടന്നു പോകുന്ന നമ്മുടെ വിൻസെൻഷ്യാമ്മ നമുക്കുതരുന്ന സന്ദേശം ജീവിതം സൂക്ഷിച്ചു വെയ്ക്കാനുള്ള തല്ലാ മറിച്ച് വ്യയം ചെയ്യാനുള്ളതാണ് എന്നതാണ്.

തന്റെ കഴിവും, സാമർത്ഥ്യവും സമയവും ഏറെ ഉദാരതയോടെ മറ്റു ള്ളവർക്കായി കൊടുത്ത്, ആരോഗ്യത്തിലും അനാരോഗ്യത്തിലും പരിമിതിയിലും പരാതികളില്ലാതെ മറ്റുള്ളവരുടെ ക്ഷേമം അന്വേഷിച്ച് ഊഷ്മളബന്ധവും, സ്നേഹവും കരുതലും നമുക്ക് തന്ന് നമ്മോട് യാത്ര പറയുകയാണ് വിൻസെൻഷ്യാമ്മ.

താൻ സ്വന്തമാക്കിയ നേഴ്സിംഗ് ജോലി യാതൊരു വിട്ടുവീഴ്ചകളും ചെയ്യാതെ, രോഗിയുടെ സുഖവും, സൗഖ്യവും മാത്രം ലക്ഷ്യം വച്ച്, അങ്ങേയറ്റം പൂർണ്ണതയിൽ ശുശ്രൂഷ ചെയ്ത് മുന്നോട്ടു പോയ വ്യക്തി. അതിന് ഏറ്റവും നല്ല ഒരു ഉദാഹരണമാണ് മെഡിക്കൽ മിഷൻ സിസ്റ്റേഴ്സിന്റെ സഭാ സ്ഥാപക, മദർ അന്നാ ഡെങ്കലിന്റെ രോഗാവസ്ഥയിൽ റോമിൽ പോയി പരിചരിക്കുവാനായി കിട്ടിയ ദൗത്യം. മദറിന്റെ ജീവിതസായാഹ്നത്തിൽ മദറിനെ പരിചരിച്ച്, മരണസമയത്ത് അടുത്തുണ്ടായിരിക്കുവാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി വിൻസെൻഷ്യാമ്മ കരുതിയിരുന്നു.

പാലാ രൂപതയിലെ കടനാട് ഇടവകയിൽ ജോർജ്ജ് പീടികമലയിലിന്റെയും, കാവുംപുറത്ത് ത്രേസ്യാമ്മയുടേയും മകളായി 1937-ൽ ജനിച്ച ഏലിയാമ്മ എന്ന വിൻസെൻഷ്യാമ്മയ്ക്ക് അഞ്ച് ഇളയസഹോദരങ്ങളുണ്ട്. കടനാട് St.Augustines school ൽനിന്നും പ്രൈമറി വിദ്യാഭ്യാസവും, St.Sebastian's High school-ൽ നിന്നും ഹൈസ്കൂൾ വിദ്യാഭ്യാസവും, പൂർത്തിയാക്കി, 1957-ൽ മെഡിക്കൽ മിഷൻ സന്യാസസഭയിൽ ചേർന്ന് 1961-ൽ ആദ്യവ്രതവാഗ്ദാനം നടത്തി. കോട്ടയം BCM Collegeൽ നിന്നും Pre-University course-ഉം, പാറ്റ്നാ Holy Family Hospitalൽ നിന്ന് നേഴ്സിംഗ് പഠനവും, എറണാകുളം ലിസി ആശുപത്രിയിൽനിന്ന് Ward sisters' course ഉം പൂർത്തിയാക്കി. 1968-ൽ ഭരണങ്ങാനം മേരിഗിരി ആശുപത്രിയിൽ ആരംഭിച്ച തന്റെ സേവനം വിവിധ കാലഘട്ടങ്ങളിലായി Nurse, Ward Supervisor, Nursing superintendent എന്നീ നിലകളിൽ പന്ത്രണ്ട് വർഷം ജോലി ചെയ്തു.

1970-ൽ മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് സൗത്ത് പ്രൊവിൻസിന്റെ കീഴിൽ തുടങ്ങിയ നാഗാലാന്റിലുള്ള കോഹിമാ മിഷന്റെ തുടക്കക്കാരിലൊരാളാണ് സിസ്റ്റർ വിൻസെൻഷ്യാ. മേരിഗിരി ആശുപത്രിയിൽ, Nursing superintendent ആയിരിക്കെ, മദ്ധ്യപ്രദേശിൽ റോഷ്ണി എന്ന കൊച്ചുഗ്രാമത്തിൽ ആദിവാസികളുടെ ഇടയിൽ ജോലിചെയ്യാൻ ഇറങ്ങിത്തിരിച്ചത്, തന്റെവിളി, സമൂഹത്തിൽ കൂടുതൽ വേദന അനുഭവിക്കുന്നവർക്കും, കഷ്ടപ്പെടുന്നവർക്കും ഉള്ളതാണ് എന്ന തിരിച്ചറിവിൽനിന്നുമുള്ളതായിരുന്നു. യാത്രാ സൗകര്യങ്ങളും, വാർത്താവിനിമയമാർഗ്ഗങ്ങളും, വൈദ്യുതിയും ലഭ്യമല്ലാതിരുന്ന ഈ ഗ്രാമാന്തരീക്ഷത്തിൽ തുടർച്ചയായി പന്ത്രണ്ട് വർഷം ജോലി ചെയ്യുമ്പോഴും തനിക്കുള്ള ബുദ്ധിമുട്ടുകളെക്കുറിച്ചോ, അസൗകര്യങ്ങളെക്കുറിച്ചോ യാതൊരു പരാതിയും പരിഭവവും ഇല്ലായിരുന്നു. മൂന്നോ, നാലോ പേരടങ്ങുന്ന ചെറിയ മഠമാണ് അവിടെ ഞങ്ങളുടേത്. അവിടെ വിൻസെൻഷ്യാമ്മയോടൊപ്പം ഉണ്ടായിരുന്നത് ചെറുപ്പക്കാരായ സിസ്റ്റേഴ്സ്. ദൂരെയുള്ള ഗ്രാമങ്ങളിൽ പോയി തിരിച്ചെത്തുമ്പോൾ വളരെയേറെ കരുതലോടെ അവരെ അന്വേഷിക്കുകയും, വൈകിയെത്തുന്ന അവസരങ്ങളിൽ ആകാംക്ഷയോടെ കാത്തിരിക്കുകയും ചെയ്യുന്ന ഒരു നല്ല അമ്മയുടെ മുഖം കാണാനും, അനുഭവിക്കുവാനും ആകുമായിരുന്നു.

ബന്ധങ്ങൾ സൂക്ഷിക്കുകയും, ആഘോഷിക്കുകയും ചെയ്യുന്ന ഒരു ഹൃദയത്തിന്റെ ഉടമയായിരുന്ന വിൻസെൻഷ്യാമ്മ കുടുംബാംഗങ്ങളോടും, സിസ്റ്റേഴ്സിനോടും, സഹപ്രവർത്തകരോടും നല്ല ബന്ധത്തിൽ ആയിരിക്കുകയും അതിനെ വളർത്തുകയും, സൂക്ഷിക്കുകയും, അതിൽ സന്തോഷം കണ്ടെത്തുകയും ചെയ്ത വ്യക്തിയാണ്.

വർഷങ്ങൾക്കു ശേഷവും, സഹപ്രവർത്തകരും, താൻ ശുശ്രൂഷിച്ച രോഗികളും, താൻ പ്രവർത്തിച്ച മേഖലയിലെ ആളുകളും വിൻസെൻഷ്യായെ ഓർക്കുന്നത് മറ്റൊന്നുകൊണ്ടുമല്ല, ജോലിയിലുള്ള തന്റെ ആത്മാർത്ഥതയും ആഴമായ സമർപ്പണജീവിതവുമാണ്.

എന്ത് ഉത്തരവാദിത്തം എടുക്കുന്നതിനും മടികാണിക്കാത്ത, ധൈര്യശാലിയായ വിൻസെൻഷ്യാമ്മ നന്മ ചെയ്യുന്നതിൽ ആരേയും ഭയപ്പെടുന്നില്ലായിരുന്നു. സഭയോടും, സഭാംഗങ്ങളോടും അങ്ങേയറ്റം ആത്മാർത്ഥതയും പുലർത്തിയിരുന്നു. വിൻസെൻഷ്യാമ്മയ്ക്ക് മാറ്റങ്ങൾ സ്വീകരിക്കുന്നതിനുള്ള തുറവിയും സന്നദ്ധതയും ഉണ്ടായിരുന്നു.

കഷ്ടപ്പെട്ടു ജോലിചെയ്യുവാൻ തയ്യാറുള്ള ഒരു വ്യക്തിത്വം. രാത്രിയോ, പകലോ എന്ന വ്യത്യാസമില്ലാതെ, ആശുപത്രിയിൽ ആയിരുന്നപ്പോഴും വടക്കേ ഇന്ത്യയിലെ ഗ്രാമങ്ങളിൽ ജോലിചെയ്യുമ്പോഴും രോഗികളെ പരിചരിക്കുന്നതിൽ സന്നദ്ധതയുള്ള ഒരു നല്ല നേഴ്സ് ആയിരുന്നു.

കഠിനമായ ജോലി ഏറ്റെടുക്കുക എന്നത് സിസ്റ്റർ വിൻസെൻഷ്യായുടെ ഒരു വ്രതമായിരുന്നോ എന്ന് പലപ്പോഴും തോന്നിപ്പോകും. തന്നാലാവുന്ന വിധത്തിൽ എന്തെങ്കിലും ചെയ്യുക വിൻസെൻഷ്യാമ്മയ്ക്ക് സന്തോഷവും സംതൃപ്തിയുമായിരുന്നു. കൂടെ ജീവിച്ചവർ പറഞ്ഞത് ഓർക്കുന്നു. പച്ചക്കറി അരിയാൻ വന്നാലും അതിൽ ഏറ്റവും വിഷമമുള്ളതാണ് തെരഞ്ഞെടുക്കുന്നത്. വലിയ അഭിലാഷങ്ങളോ ആഗ്രഹങ്ങളോ ഇല്ലാതിരുന്ന സിസ്റ്റർ വിൻസെൻഷ്യാ തനിക്കു കിട്ടിയ ഓരോ സാഹചര്യത്തിലും തന്നാലാവുന്നത് ഏറ്റവും ഭംഗിയായി ചെയ്യുവാൻ ശ്രമിച്ചിരുന്നു.

സിസ്റ്റർ വിൻസെൻഷ്യായിലൂടെ മെഡിക്കൽ മിഷൻ സന്യാസസമൂഹത്തിനും, മറ്റനേകം പേർക്കും ദൈവം നൽകിയ കൃപകളെ ഓർത്ത് നന്ദി അർപ്പിക്കുന്നു.



## സി. ലിസി പൊരിയത്ത് എസ്.എച്ച്.

പാലാ രൂപതയിൽ ദൈവവിളികളാൽ സമ്പന്നമായ പൂവത്തോട് ഇടവകയിൽ പൊരിയത്ത് കുടുംബത്തിൽ 9 മക്കളിൽ രണ്ടാമത്തെ പുത്രിയായി സി. ലിസി പൊരിയത്ത് 24-3-1939 ൽ ഭൂജാതയായി. സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം 1959 ൽ തിരുഹൃദയസന്യാസിനീ സമൂഹത്തിൽ അംഗമായിചേർന്നു. 1961-ൽ സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രതം അനുഷ്ഠിച്ചു. ടി.ടി.സി. പഠനത്തിനുശേഷം 28 വർഷം പാലാ രൂപതയിലെ മൂലമറ്റം, മേരിലാന്റ്, വെള്ളിയാമറ്റം, മേലുകാവ് എന്നിവിടങ്ങളിലെ യു.പി.സ്കൂളുകളിൽ അധ്യാപികയായി സേവനമനുഷ്ഠിച്ചു.

വിജയമല്ല വിശ്വസ്തതയാണ് അഭികാമ്യം എന്ന് ലിസിയമ്മ തന്റെ ജീവിതം കൊണ്ട് സാക്ഷ്യം നൽകി. അനേകം വർഷങ്ങൾ വിശ്വാസപരിശീലന രംഗത്ത് സേവനമനുഷ്ഠിച്ച് കുഞ്ഞുങ്ങളെ ആദ്യകുർബാനസ്വീകരണത്തിനൊരുക്കി. സഹോദരങ്ങൾ ഏകമനസ്സായി ഒരുമിച്ച് വസിക്കുന്നത് എത്രയോ ആനന്ദകരമാണ് എന്ന് തന്റെ സമൂഹജീവിതത്തിലൂടെ വ്യക്തമാക്കി. എല്ലാവരോടും ഏറെ സ്നേഹത്തോടും സൗഹാർദ്ദപരമായും ലിസിയമ്മ വർത്തിച്ചിരുന്നു.

2019 ജനുവരി മുതൽ ലിസിയമ്മയ്ക്ക് ക്ഷീണവും രോഗവും വർധിച്ചു വന്നു. ലിസിയമ്മയെ പരിചരിക്കുവാൻ ആർക്കും ഒരു പ്രയാസവുമില്ലായിരുന്നു.

മുഖത്ത് പ്രകാശിച്ചിരുന്ന ദിവ്യമായ വെളിച്ചം ഏവർക്കും പ്രചോദനകരമായിരുന്നു. ഒക്ടോബർ 27-ന് ക്ഷീണം വർദ്ധിച്ച ലിസിയമ്മയ്ക്ക് പിതൃസഹോദരപുത്രൻ ഫാ. ജേക്കബ് പൊരിയത്ത് സി.എം.ഐ. രോഗീലേപനം നല്കി.

2019 ഒക്ടോബർ 28 പുലർച്ചെ 2 മണിക്ക് ഏവരുടെയും പ്രാർത്ഥനാമദ്ധ്യേ ലിസിയമ്മയുടെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. മൃതസംസ്കാരശുശ്രൂഷകൾ 30-ാം തീയതി രാവിലെ 9 മണിക്ക് രാമപുരം മഠം ചാപ്പലിൽ വി. കുർബാനയോടെ ആരംഭിച്ചു. തുടർന്ന് പാലാ രൂപത വികാരി ജനറാൾ പെരിയ. ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതദേഹം രാമപുരം സെന്റ് അഗസ്റ്റ്യൻസ് ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. പ്രിയപ്പെട്ട ലിസിയമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ....



## സി. കാൻഡീഡാ സി.എം.സി.

'നീതിമാൻമാർ സന്തോഷഭരിതരാകട്ടെ; ദൈവസന്നിധിയിൽ അവർ ഉല്ലസിക്കട്ടെ" (സങ്കീ. 68:3)

1919 നവംബർ 5-ന് വിളക്കുമാടം കുന്നത്തുപുരയിടം കുടുംബത്തിൽ തൊമ്മൻ-അന്നമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായി കാൻഡീഡാമ്മ ഭൂജാതയായി. മാമ്മോദീസായിൽ മറിയം എന്ന പേരു നൽകപ്പെട്ടു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വിളക്കുമാടം കർമ്മലമഠത്തിൽ അർത്ഥിനിയായി ചേർന്നു. നെടുങ്കുന്നം മഠത്തിൽ നൊവിഷ്യേറ്റു പൂർത്തിയാക്കി 1942-ൽ സഭാവസ്ത്രം സ്വീകരിച്ചു. 1945 മെയ് 12-ാം തീയതി ആദ്യവ്രതവും 28-5-1948 ൽ നിത്യവ്രതവും ചെയ്ത് തന്റെ ജീവിതം പൂർണ്ണമായും ദൈവത്തിനും ദൈവജനത്തിനുമായി സമർപ്പിച്ചു. 1995 ൽ വിളക്കുമാടം മഠത്തിൽ വച്ച് സുവർണ്ണജൂബിലി ആഘോഷിക്കുവാനുള്ള ഭാഗ്യവും അമ്മയ്ക്കു ലഭിച്ചു.

ഒരു നൂറ്റാണ്ടു പിന്നിടുവാൻ ഭാഗ്യം ലഭിച്ച അമ്മയുടെ ജീവിതം ദൈവാനുഗ്രഹങ്ങളാൽ സമ്പന്നമായിരുന്നു. സമർപ്പണ ജീവിതത്തിൽ നീണ്ട എഴുപത്തിയേഴു വർഷങ്ങൾ പൂർത്തിയാക്കുവാൻ അമ്മയ്ക്കു കഴിഞ്ഞു. പ്രവിത്താനം, മല്ലികശ്ശേരി, ചേർപ്പുങ്കൽ, കാളികാവ് എന്നീ മഠങ്ങളിൽ താമസിച്ചു കൊണ്ട് ദൈവത്തിനും ദൈവജനത്തിനുമായി വ്യയം ചെയ്തു തീർത്ത ജീവിതമായിരുന്നു കാൻഡീഡാമ്മയുടേത്. ആയിരുന്ന ഇടങ്ങളിലെല്ലാം ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ദീപ്ത സാന്നിദ്ധ്യമായിരുന്നു അമ്മ. ആത്മരക്ഷമേലുള്ള അതിയായ ആഗ്രഹത്താൽ പ്രേരിതയായി മരണാസന്നരെ മരണത്തിനൊരുക്കുവാനും കൂദാശകളിൽനിന്നു അകന്നുകഴിഞ്ഞിരുന്നവരെ അന്വേഷിച്ചു കണ്ടെത്തി തിരുസഭയിലേയ്ക്കു തിരിച്ചുകൊണ്ടു വരുവാനും അമ്മ സദാ ജാഗരൂകയായിരുന്നു. നിശബ്ദമായ സഹനത്തിലൂടെയും പ്രാർത്ഥനയിലൂടെയും അനേകം ആത്മാക്കളുടെ അമ്മയാകുവാനുള്ള ദൈവികവരവും അമ്മയ്ക്കു ലഭിച്ചു. സന്തോഷപ്രകൃതി, ദീനാനുകമ്പ, ശ്രവണമുള്ള മാതൃഹൃദയം എന്നിവ കാൻഡീഡാമ്മയുടെ എടുത്തുപറയേണ്ട ഗുണങ്ങളായിരുന്നു. തന്റെ ആത്മാവിനെ

നിർമലമായി സൂക്ഷിക്കുവാൻ അമ്മ എപ്പോഴും ശ്രദ്ധിച്ചിരുന്നു. സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി എന്തുത്യാഗവും സഹിക്കുവാൻ സദാ ഉത്സുകയായിരുന്നു. എപ്പോഴും ആ മുഖത്ത് സന്തോഷവും ഹൃദയത്തിൽ ആനന്ദവും നിറഞ്ഞു കവിഞ്ഞിരുന്നു.

1972 മുതൽ അമ്മയുടെ പ്രവർത്തനരംഗം വിളക്കുമാടം മഠം തന്നെയായിരുന്നു. കൈവേലയിൽ പ്രത്യേക താത്പര്യമുണ്ടായിരുന്നതിനാൽ തയ്യൽ, കുട്ടികളുടെ ആദ്യകുർബാനസ്വീകരണത്തിനു മുടിയുണ്ടാക്കൽ തുടങ്ങിയ ജോലികൾ വാർദ്ധക്യത്തിലെത്തുന്നതുവരെ ചെയ്തു. ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്ത് ഈശോയുടെ ഹൃദയത്തിൽ ഇടം കണ്ടെത്തിയ അമ്മയ്ക്ക് സന്തോഷപ്രദവും അനുഗ്രഹദായകവുമായ വിശ്രമജീവിതം ദൈവം വരദാനമായി നൽകി. സമീപിക്കുന്നവർക്കെല്ലാം നന്മ നിറഞ്ഞ അനുഭവങ്ങൾ നൽകി തന്റെ വാർദ്ധക്യം പിന്നിട്ട അമ്മ മരിക്കുന്നതിന് ഒരു മാസം മുമ്പ് തീർത്തും ശയ്യാവലംബയായി. ക്ഷീണവും ശാരീരികക്ലേശവും വർദ്ധിച്ചതിനെതുടർന്ന് അമ്മയ്ക്ക് രോഗീലേപനം നൽകപ്പെട്ടു. തികച്ചും നിശബ്ദവും വിശുദ്ധവുമായൊരു ജീവിതത്തിനുശേഷം തന്റെ 100-ാമത്തെ വയസ്സിൽ സ്വർഗ്ഗീയ യാത്രയ്ക്കുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കിയ കാൻഡീഡാമ്മയുടെ പാവനാത്മാവ് മഠാംഗങ്ങളുടെ പ്രാർത്ഥനാമദ്ധ്യേ 2019 നവംബർ 1, രാവിലെ 11 ന് നിത്യവിശ്രമത്തിനായി ദൈവിക സന്നിധിയിലേയ്ക്കു പറന്നുയർന്നു.

2019 നവംബർ 3-ാം തീയതി ഉച്ചയ്ക്ക് 2-ന് മഠം കപ്പേളയിൽ ദിവ്യബലിയോടുകൂടി മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. സഹോദരപുത്രനായ റവ. ഫാ. ജിൽസൻ കുന്നത്തുപുരയിടത്തിന്റെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയിൽ റവ.ഫാ. ജോസഫ് കുന്നത്തുപുരയിടം, ബ. ജോസഫ് കാവിൽ പുരയിടത്തിൽ അച്ചൻ തുടങ്ങിയവർ സഹകാർമ്മികരായി. വിളക്കുമാടംപള്ളി വികാരി റവ.ഫാ. ജോസഫ് പാണ്ടിയാമാക്കൽ ദിവ്യബലി മദ്ധ്യേ ചരമപ്രസംഗം നടത്തി. തുടർന്നി വികാരി ജനറാൾ മോൺ. റവ.ഡോ. ജോസഫ് കുഴിഞ്ഞാലിയുടെ പ്രധാനകാർമ്മികത്വത്തിൽ വിളക്കുമാടംപള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. അനേകം വൈദികരും, സിസ്റ്റേഴ്സും വീട്ടുകാരും ഇടവകജനങ്ങളും സംസ്കാരശുശ്രൂഷയിൽ സംബന്ധിച്ചു.



## സി. ബനഡിക്ട് മുട്ടത്ത് എഫ്.സി.സി.

കാഞ്ഞിരപ്പള്ളി രൂപതയിൽ ചിറക്കടവ് താമരക്കുന്ന് ഇടവകയിൽ മുട്ടത്ത് ശ്രീ. ജോസഫ്-ഏലി ദമ്പതികളുടെ ഏഴാമത്തെ സന്താനമായി. 4.10.1930 ൽ ഇത്താമ്മ എന്നു വിളിക്കപ്പെടുന്ന സി. ബനഡിക്ട് ഭൂജാതയായി. 12.10.1930 ൽ ബ്രിജിറ്റ് എന്ന പേരിൽ മാമ്മോദീസാ സ്വീകരിച്ചു. 1949 ൽ വി.എസ്. എൽ.സി. പാസ്സായശേഷം ഭരണങ്ങാനം ക്ലാരമഠത്തിൽ അർത്ഥിനിയായി ചേർന്നു. 29.5.1955 ൽ ആദ്യവ്രതവും 29.5.1958 ൽ നിത്യവ്രതവും അനുഷ്ഠിച്ച് നാഥന് സമ്പൂർണ്ണമായി സമർപ്പിച്ചു.

1951 -ൽ ഫിസിക്കൽ എഡ്യൂക്കേഷൻ ട്രെയിനിംഗ് പൂർത്തിയാക്കിയ സിസ്റ്റർ 19.7.1951 മുതൽ 31.3.1985 വരെ ഭരണങ്ങാനം എസ്.എച്ച്. ഗേൾസ് ഹൈസ്കൂളിൽ നല്ലൊരു ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപികയായി സേവനമനുഷ്ഠിച്ചു. കുട്ടികളുടെ കായികക്ഷമത വളർത്തുന്നതൊടൊപ്പം ദൈവസ്നേഹത്തിന്റെ ദിവ്യപ്രകാശം അവരിൽ ഉണർത്താനും സിസ്റ്ററിന് സാധിച്ചു.

സർവ്വീസിൽനിന്നും വിരമിച്ചശേഷം വളക്കാട്ടുകുന്ന്, അമ്പാറനിരപ്പേൽ, ഇടമറ്റം, അറക്കുളം, ഇടപ്പാടി, കാക്കോളി, ക്ലാരാനഗർ എന്നീ മഠങ്ങളിൽ താമസിച്ച് ദൈവരാജ്യവിസ്തൃതിക്കായി തന്നെ ഏൽപ്പിച്ച ദൗത്യങ്ങൾ വളരെ ഉത്തരവാദിത്വബോധത്തോടെ നിർവ്വഹിച്ചു. പ്രാർത്ഥനാരൂപി, സന്തോഷപ്രകൃതി, അധ്വാനശീലം, ആത്മാർത്ഥമായ സേവനം തുടങ്ങിയവ അമ്മയിൽ വിളങ്ങി പ്രശോഭിച്ചിരുന്ന സവിശേഷ ഗുണങ്ങളായിരുന്നു. എന്റെ ദൈവം എന്റെ സമസ്തവും എന്നതായിരുന്നു അമ്മയുടെ ആപ്തവാക്യം.

ഹൃദ്രോഗം, പ്രമേഹം എന്നീ രോഗങ്ങൾ അമ്മയെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു. രോഗത്തിന്റെ വിഷമതകൾ സന്തോഷത്തോടെ സഹിച്ചിരുന്ന അമ്മ 2019 ജൂൺ 23-ന് വീണതിനെ തുടർന്ന് അസ്ഥികൾക്ക് പൊട്ടലുണ്ടാവുകയും മേരിഗിരി ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും ചെയ്തു. തുടർന്ന് വിദഗ്ധ ചികിത്സയ്ക്കും പരിചരണത്തിനുമായി തിടനാട് കോൾബെ ഡിസ്പൻസറിയിൽ ഒന്നരമാസത്തോളം പ്രവേശിപ്പിച്ചു. രോഗത്തിന് ശമനമുണ്ടായെങ്കിലും പൂർണ്ണ ആരോഗ്യം വീണ്ടെടുക്കുവാൻ സാധിക്കാതെ ശയ്യാവലംബയായിത്തീർന്നു. 2019 സെപ്റ്റംബർ 2-ന് ഭരണങ്ങാനം ഫൊറോനപ്പള്ളി വികാരി ബഹു. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി അച്ചനിൽനിന്നും രോഗീലേപനം സ്വീകരിച്ചു. ഏതാനും ദിവസങ്ങളായി ശ്വാസതടസ്സം നേരിട്ടുകൊണ്ടിരുന്ന അമ്മ പെട്ടെന്ന് 24.10.2019 രാവിലെ 10.20 ന് തന്റെ പാവനാത്മാവിനെ ദിവ്യനാഥന്റെ കരങ്ങളിൽ സമർപ്പിച്ചു.

പിറ്റേന്ന് രാവിലെ 9 ന് ബനഡിക്ടമ്മയുടെ സഹോദരീപുത്രന്മാരായ ഫാ. മാത്യു വളയംപള്ളി, റവ.ഫാ. ജയിംസ് ഇലഞ്ഞിപ്പാലം, ക്ലാരനഗർ ഭവനത്തിന്റെ ചാപ്ലയിൻ റവ.ഫാ. ജോർജ് മുളങ്ങാട്ടിൽ എന്നിവരുടെ കാർമ്മികത്വത്തിൽ ആരംഭിച്ച ദിവ്യബലിയോടെ മൃതസംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലിമദ്ധ്യേ റവ.ഫാ. തോമസ് തലക്കുളം OFM Cap ചരമപ്രസംഗം നടത്തി. തുടർന്ന് മൃതശരീരം പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും ഇടവകക്കാരുടെയും സാന്നിധ്യത്തിൽ ബഹു. ബനഡിക്ട് അമ്മയുടെ മൃതദേഹം പള്ളിയിലേക്ക് സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ റവ.ഫാ. ജോസഫ് മലേപറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും ഇടവകക്കാരുടെയും സാന്നിധ്യത്തിൽ ബഹു. ബനഡിക്ട് അമ്മയുടെ മൃതദേഹം ഭരണങ്ങാനം ഫൊറോനപള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

നീണ്ട 89 വർഷം നന്മചെയ്ത് കടന്നുപോയ ഈ ധന്യജീവിതത്തെ ദിവ്യനാഥൻ നിത്യകിരീടം അണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



## സി. ഫെർഡിനാന്റ് എഫ്.സി.സി.

പാലാ രൂപതയിൽ രാമപുരം ഇടവകയിൽ പുതിയകുന്നേൽ കുടുംബത്തിൽ ജോസഫ്-മറിയം ദമ്പതികളുടെ 7 മക്കളിൽ രണ്ടാമത്തെ സന്താനമായി 1934 ഫെബ്രുവരി 5ന് ഭൂജാതയായി. മാമ്മോദീസായിൽ ത്രേസ്യാക്കുട്ടി എന്ന പേര് സ്വീകരിച്ചുകൊണ്ട് പരിശുദ്ധ കത്തോലിക്കാ സഭയുടെ അംഗമായി. രാമപുരം എസ്.എച്ച്. കോൺവെന്റ് സ്കൂളിൽ തന്റെ പ്രാഥമിക, വിദ്യാഭ്യാസം പൂർത്തിയാക്കിയ ത്രേസ്യാക്കുട്ടി എസ്.എസ്.എൽ.സി. പാസ്സായശേഷം കർത്താവിന്റെ പ്രത്യേക വിളി സ്വീകരിച്ചുകൊണ്ട് 1953 ൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് സമൂഹത്തിൽ അർത്ഥിനിയായി ചേർന്നു. കണ്ണാടിയുറുമ്പ് മഠത്തിൽനിന്നും നോവിഷ്യേറ്റ് പൂർത്തിയാക്കി. 1954 ൽ സി. ഫെർഡിനാന്റ് എന്ന നാമം തെരഞ്ഞെടുത്ത് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമവ്രതവാഗ്ദാനം നടത്തി. തന്റെ മണവാളനായ ഈശോയ്ക്ക് സമ്പൂർണ്ണസമർപ്പണം ചെയ്തുകൊണ്ട് 1958 ൽ നിത്യവ്രതവാഗ്ദാനം നടത്തി. തുടർന്ന് സെന്റ് ജോസഫ് റ്റി.റ്റി.ഐ. മുത്തോലിയിൽനിന്നും റ്റി.റ്റി.സി. പഠനം പൂർത്തിയാക്കി അധ്യാപനജീവിതമാരംഭിച്ചു. പാദുവാ, മഞ്ഞാമറ്റം, മറ്റക്കര, അരുവിത്തുറ, കൂട്ടിക്കൽ, പൂഞ്ഞാർ, രത്നഗിരി, ആശാനിലയം, സ്ലീവാപുരം, പെരുംതുരുത്ത്, മിഷൻഭവൻ എന്നീ മഠങ്ങളിൽ താമസിച്ച് കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ട അദ്ധ്യാപികയായി സേവനം ചെയ്തു

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവാസനകളെ കണ്ടെത്തി വളർത്തുകയും, അറിവിന്റെ ബാലപാഠങ്ങൾ പകർന്ന് കൊടുക്കുകയും ചെയ്തുകൊണ്ട് നന്മയുടെ പാതയിലൂടെ കുട്ടികളെ വളർത്താൻ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിശ്വാസപരിശീലനക്ലാസുകളിൽ പഠിപ്പിച്ചുകൊണ്ടും, ഇടവക കൂട്ടായ്മകളിൽ സജീവമായി സഹകരിച്ച് പ്രവർത്തിച്ചുകൊണ്ടും ദൈവജനത്തിനുവേണ്ടി തന്റെ സമയവും കഴിവുകളും വ്യയം ചെയ്തു. പാദുവാ സെന്റ് ആന്റണീസ് എൽ.പി. സ്കൂളിൽനിന്ന് പ്രഥമാധ്യാപികയായി വിരമിച്ച ശേഷം സുപ്പീരിയർ, കൗൺസിലർ, ട്രഷറർ, സോഷ്യൽ വർക്കർ എന്നീ നിലകളിൽ സമൂഹത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

'എന്റെ ദൈവം എന്റെ സമസ്തവും' എന്നതായിരുന്നു അമ്മയുടെ ആദർശവാക്യം. ഈ ആദർശവാക്യത്തോട് 100% വും വിശ്വസ്തതപുലർത്തിയ ഒരു ജീവിതമായിരുന്നു അമ്മയുടേത്. കഠിനാദ്ധ്വാനം, ക്രമാനുഷ്ഠാന തല്പരത, ആഴമായ ദൈവാശ്രയം, പ്രാർത്ഥനാജീവിതം, പാവങ്ങളോടുള്ള സ്നേഹം, പരിഗണന ഇവ അമ്മയുടെ സ്വഭാവസവിശേഷതകളായിരുന്നു. അധികാരവിധേയത്വവും, എളിമയും, വി. കുർബാനയോടുള്ള അതീവഭക്തിയും സന്യാസസഹോദരങ്ങളെ കൂടെപ്പിറപ്പുകളായി കരുതുന്ന ഹൃദയവിശാലതയും ആത്മാർത്ഥ സ്നേഹവും ഇളംതലമുറകൾക്ക് എന്നെന്നും ഒരു മാതൃകയും പ്രചോദനവുമാണ്.

സമൂഹത്തിൽ തന്നാലാവുന്ന സേവനങ്ങൾ ചെയ്ത് സാമാന്യമായ ആരോഗ്യത്തോടെ കഴിഞ്ഞിരുന്ന ഫെർഡിനാന്റമ്മ തന്റെ വയറ്റിലുണ്ടായ അസ്വ

സ്ഥതയെത്തുടർന്ന് 2017-ൽ ഒരു ഓപ്പറേഷനും വിധേയമാവുകയും രോഗം ക്യാൻസറാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു.

തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിലും കാരിത്താസിലുമായി വിദഗ്ദ്ധ ചികിത്സയും, പരിചരണവും നല്കി ആരോഗ്യനില വീണ്ടെടുത്തെങ്കിലും 2019 ഒക്ടോബർ 18-ന് ഉണ്ടായ ഒരു വീഴ്ചയെ തുടർന്ന് അമ്മയെ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. വർദ്ധിച്ചുകൊണ്ടിരുന്ന രോഗത്തിന്റെ വിഷമതകളും അസ്വസ്ഥതകളും നിശബ്ദമായി പ്രാർത്ഥനാപൂർവ്വം സഹിച്ച് മരണത്തിന്, ഒരുങ്ങിക്കൊണ്ടിരിക്കുന്ന അമ്മ 2019 നവംബർ 3-ാം തീയതി വെളുപ്പിന് 1.50 ന് പുതിയകുന്നേൽ കുടുംബാംഗങ്ങളും, സന്യാസസമൂഹാംഗങ്ങളും പ്രാർത്ഥനാനിരതരായി നോക്കി നിൽക്കേ അമ്മയുടെ ആത്മാവ് സ്വർഗ്ഗീയഭവനത്തിലേയ്ക്ക് യാത്രയായി.

7-ാം തീയതി വ്യാഴാഴ്ച 1.30 ന് സ്വസഹോദരൻ ഫാ. ജോസഫ് പുതിയകുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. റവ. ഫാ. ജോസഫ് കടുപ്പിൽ ദിവ്യബലിമദ്ധ്യേ ചരമപ്രസംഗം നടത്തി. ദേവാലയത്തിലെ തിരുക്കർമ്മങ്ങൾക്ക് വികാരി ജനറാൾ മോൺ. ജോസഫ് കുഴിഞ്ഞാലിൽ മുഖ്യകാർമ്മികത്വം വഹിച്ചു. സി. ഫെർഡിനാന്റെ മൃതദേഹം ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ഇടവകജനത്തിന്റെയും സാന്നിധ്യത്തിൽ പാദുവാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ദൈവം തന്റെ വിശ്വസ്ത മണവാട്ടിയെ നിത്യകിരീടമണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## NOVEMBER 2019

| | | |
|---|---|---|
| 1 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 pm | അൽഫോൻസാപുരം ഇടവകയിൽ ജോർജ് വടക്കേതൊട്ടിയിലച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് ഭവനത്തിൽ നേതൃത്വം നൽകി. |
| 2 | 10.30 am | തീക്കോയി ഇടവകയിൽ സി. സൗമ്യ നമ്പുടാകത്ത് എഫ്.സി.സി. യുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 05.00 pm | മേലമ്പാറയിലുള്ള ദീപ്തി ഭവനിൽ വൈദികരെ സന്ദർശിച്ചു. |
| 3 | 11.15 am | മൂന്നാനി ഇടവകയിൽ പാരിഷ് ഹാൾ വെഞ്ചെരിച്ചു. |
| 5 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 6 | 11.00 am | പൈക ഇടവകയിൽ കുരുവിനാക്കുന്നേൽ റോസമ്മയുടെ മൃതസംസ്കാരശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 12.00 noon | പൂവരണി ഇടവകയിൽ മൃതസംസ്കാരശുശ്രൂഷകയ്ക്ക് പള്ളിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | അരമനയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 7 | 02.00 pm | കൊഴുവനാൽ ഇടവകയിൽ കിഴക്കേക്കുറ്റ് അച്ചന്റെ വല്ല്യപ്പന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| 8 | 10.00 am | കാക്കനാട് പരിസ്ഥിതി കർഷക ആലോചനയോഗത്തിൽ സംബന്ധിച്ചു. |
| 9 | 08.30 am | അരമനയിൽ സക്കറിയാസ് വലവൂർ സാറിന്റെ പുതിയ പുസ്തകം പ്രകാശനം ചെയ്തു. |
| | 10.00 am | ഭരണങ്ങാനം ഇടവകയിൽ എഫ്.സി.സി. കോൺഗ്രിഗേഷന്റെ അഞ്ച് നോവിസിസിന്റെ വെസ്റ്റീഷൻ നടത്തി. |

| | | |
|---|---|---|
| 10 | 12.00 noon | അരമനയിൽ സി.ജെ. മാടപ്പാട്ട് അവാർഡ് വിതരണം ചെയ്തു. |
| | 02.00 pm | കടപ്ലാമറ്റം ഇടവകയിൽ കൊച്ചയ്യങ്കനാൽ പീലിപ്പോസ് ചേട്ടന്റെ വേർപാടിൽ ഭവനത്തിലെ മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. |
| | 05.00 pm | കാട്ടാമ്പാക്ക് ഇടവകയിൽ പുതിയതായി പണികഴിപ്പിച്ചു മോഡലം ആശീർവദിച്ചു. |
| 11 | 09.00 am | മീനച്ചിൽ ഇടവകയിൽ പുതിയ പള്ളിമേടയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു. |
| | 11.00 am | അരുവിത്തുറ വിവാഹം ആശീർവദിച്ചു. |
| | 12.30 pm | അമനകരയിൽ സി.എം.ഐ. ആശ്രമത്തിൽ നിര്യാതനായ വൈദികനുവേണ്ടി ഒപ്പീസ് ചൊല്ലിപ്രാർത്ഥിച്ചു. |
| | 06.00 pm | മൂവാറ്റുപുഴയിൽ വച്ച് നടന്ന ബിഷപ്സിന്റെ റീജിയണൽ റിട്രീറ്റിൽ പങ്കെടുത്തു. |
| 12-13 | | തക്കല മിഷൻ സന്ദർശിച്ചു. |
| 14 | 03.30 pm | മണ്ണാറപ്പാറ ഇടവകയിൽ ഹോം പാലായുടെ സ്ഥലം സന്ദർശിച്ചു. |
| | 06.00 pm | പുതിയതായി പണികഴിപ്പിച്ചു കൊണ്ടിരിക്കുന്ന ജയ്ഗിരി ദൈവാലയം സന്ദർശിച്ചു. |
| 15 | 09.30 | കാക്കനാട് മീറ്റിംഗിലും പെർമനന്റ് സിനഡിലും സംബന്ധിച്ചു. |
| 16 | 02.00 pm | കുഴിക്കാട്ടുശ്ശേരിയിൽ മറിയം ത്രേസ്യായെ വിശുദ്ധ പദവിയിലേക്കു ഉയിർത്തിയതിന്റെ അനുസ്മരണ കുർബാനയിൽ സംബന്ധിച്ചു. |
| 17 | 02.30 pm | ജയ്ഗിരി ഇടവകയിൽ പുതിയതായി പണിതീർത്ത ദൈവാലയ കൂദാശയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 18 | 10.00 am | തോടനാൽ ഇടവകയിൽ ഹോം പാലാ പദ്ധതിയോടനുബന്ധിച്ച് പണിതീർത്ത രണ്ടു ഭവനങ്ങൾ വെഞ്ചെരിച്ചു. |
| | 02.00 pm | പ്ലാശനാൽ ഇടവകയിൽ നെല്ലിവേലിൽ ജോസഫ് സാറിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | അരമനയിൽ മുട്ടുചിറ ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 07.30 pm | കത്തീഡ്രൽ ഇടവകയിൽ നടത്തിയ ജൂബിലി കപ്പേളയിൽ സഹായിക്കുന്ന വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അല്മായരുടെയും സംയുക്ത മീറ്റിംഗിൽ സംബന്ധിച്ചു. |
| 19 | 08.45 am | ഇടമറുക് ഇടവകയിൽ മൂക്കംത്തോട്ടത്തിൽ ജോസഫ് സാറിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം നൽകി. |
| | 12.00 noon | ജിയോവാലി ഇടവകയിൽ എട്ടുപറയിൽ സെബാസ്റ്റ്യൻ അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം നല്കി. |
| | 03.00 pm | കുറവിലങ്ങാട് കോളേജിൽ പുതിയതായി പണി തീർത്ത കെട്ടിടത്തിന്റെയും ഹോസ്റ്റലിൽ പുതിയതായി നിർമ്മിക്കപ്പെട്ട ചാപ്പലിന്റെയും ആശീർവ്വാദ കർമ്മം നിർവ്വഹിച്ചു. |
| 20 | 02.30 pm | അരമനയിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷകയോഗം ഉദ്ഘാടനം ചെയ്തു. |
| 21 | 06.30 pm | കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 33-ാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് ഒപ്പീസു ചൊല്ലി. |
| | 02.30 pm | മൂന്നാംതോട് സി.എസ്.റ്റി. ആശ്രമത്തോടനുബന്ധിച്ച് പുതിയതായി പണികഴിപ്പിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിച്ചു. |
| 22 | 03.00 pm | അരമനയിൽ എ.ഡി.സി.പി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 06.00 pm | അരമനയിൽ മാസധ്യാനത്തിൽ സംബന്ധിച്ചു. |
| 23 | 10.00 am | അരുണാപുരം ഇടവകയിൽ എഫ്.സി.സി. കോൺഗ്രിഗേഷനിലെ അഞ്ച് നോവിസിന്റെ വെസ്റ്റീഷൻ നടത്തി. |
| | 11.00 am | കയ്യൂർ ഇടവകയിൽ വട്ടപ്പലം കുടുംബത്തിലെ ജോസുകുട്ടിയുടെ മരണ വാർഷികത്തോടനുബന്ധിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.30 pm | കത്തീഡ്രൽ ഇടവകയിൽ 25 ഉം 50 ഉം ജൂബിലി ആഘോഷിച്ച സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| 24 | 11.30 am | പാസ്റ്ററൽ സെന്ററിൽ നടന്ന ഡി.സി.എം.എസ്. രൂപതാ കുടുംബസമ്മേളനം ഉദ്ഘാടനം ചെയ്തു. |
| | 03.00 pm | മേലുകാവുമറ്റം ഇടവകയിൽ അന്ത്രയോസ് മല്പാൻ അച്ചന്റെ മരണവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും മീറ്റിംഗ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| 25 | 09.45 am | മാർ സ്ലീവ മെഡിസിറ്റിയോടനുബന്ധിച്ച് പണി കഴിപ്പിച്ച പള്ളിമേടയുടെ വെഞ്ചെരിപ്പു കർമ്മത്തിൽ സംബന്ധിച്ചു. |
| 26 | 10.00 am | ചങ്ങനാശ്ശേരിയിൽ നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 04.00 pm | കുറവിലങ്ങാട് ഇടവകയിൽ ജോർജ് നിരവത്ത് അച്ചന്റെ ജൂബിലിയിൽ പങ്കെടുത്ത് ആശംസകൾ നേർന്നു. |
| 27 | 03.00 pm | പി.എസ്.ഡബ്ല്യു.എസ്. ന്റെ കാർഷികമേളയുടെ ഉദ്ഘാടനസമ്മേളനത്തിൽ അദ്ധ്യക്ഷപദം അലങ്കരിച്ചു. |
| | 06.00 pm | രജത - സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികരെ സ്വീകരിക്കുകയും അവർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. |
| 28 | 06.00 am | രജത - സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികർക്കുവേണ്ടി അവരോടൊപ്പം വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. |
| | 10.00 am | മാർസ്ലീവാ നേഴ്സിംഗ് കോളേജിൽ ഗ്രാജുവേഷൻ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. |
| 29 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | ബൈബിൾ കൺവൻഷൻ പന്തലിന്റെ കാൽനാട്ടു കർമ്മം നിർവ്വഹിച്ചു. |
| 30 | 12.00 noon | കത്തീഡ്രൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 03.00 pm | അരമനയിൽ സെന്റ് തോമസ് കോളേജിൽ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.30 pm | കത്തീഡ്രൽ ഇടവകയിൽ ബൈബിൾ പാരായണത്തിന് ആരംഭം കുറിച്ചു. |
| | 06.15 pm | പൂഞ്ഞാർ ഇടവകയിൽ ഒരു ഭവനത്തിന്റെ ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## NOVEMBER 2019

| | | |
|---|---|---|
| 1 | 9.30 - 11 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.30 am | പാലാ ടൗൺ ഹാളിൽ ജനമൈത്രി പോലീസിന്റെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 03.00 pm | അൽഫോൻസാപുരം ഇടവകയിൽ വടക്കേതൊട്ടിയിൽ ജോർജ്ജച്ചന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 02 | 06.00 am | മൈനർ സെമിനാരിയിൽ റാസകുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 11.00 am | അരുണാപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 03 | | അറക്കുളം പുതിയപള്ളിയിൽ ഇടയസന്ദർശനം നടത്തി. |
| 05 | 9.30 - 11.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 noon | കുറവിലങ്ങാട് പുണ്യശ്ലോകനായ പനങ്കുഴയ്ക്കൽ വല്ല്യച്ചന്റെ 476-ാം ശ്രാദ്ധം വെഞ്ചരിച്ചു സന്ദേശം നൽകി. |
| | 01.00 pm | പാളയം ഇടവകയിൽ വാര്യത്ത് ചിന്നമ്മ ജോസഫിനുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| | 06.00 pm | പൈക ഇടവകയിൽ കുരുവിനാക്കുന്നേൽ റോസമ്മയ്ക്കുവേണ്ടി ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 06 | 06.15 am | മാര്യേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| | 11.30 am | പൂവരണി ഇടവകയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.45 am | പൈക ഇടവകയിൽ കുരുവിനാക്കുന്നേൽ റോസമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 12.75 pm | ജോസ് ചാനപ്പാറയുടെ ഭവനത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. |
| 07 | 09.30 am | പാലാ ടൗണിൽ ഒരു കട വെഞ്ചരിച്ചു. |

| | | |
|---|---|---|
| | 10.15 am | ചക്കാമ്പുഴ ഇടവകയിൽ പുന്നത്താനത്ത് ത്രേസ്യാമ്മ ഔസേഫിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 08 | 9.00- 12noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.30 pm | കാഞ്ഞിരമറ്റം ഇടവകയിൽ പുത്തൻപുരയ്ക്കൽ മേരിക്കുട്ടി ജെയിംസിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.30 pm | പാലാ അൽഫോൻസാ കോളേജിൽ ബാസ്കറ്റ് ബോൾ ടൂർണ്ണമെന്റ് ഉദ്ഘാടനം ചെയ്തു. |
| | 05.30 pm | മുളക്കുളം ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 9 | 11.00 am | പ്രവിത്താനം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 noon | പൈകയിൽ കുടുംബയോഗം ഉദ്ഘാടനം ചെയ്തു. |
| | 03.00 pm | ട്രാഡാ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.00 pm | രാമപുരം പള്ളിയിൽ മിഷൻലീഗിന്റെ സ്റ്റേറ്റ് കലോത്സവത്തിന്റെ മീറ്റിംഗിൽ സമ്മാനവിതരണം നടത്തി. |
| 10 | | ഇളംതോട്ടം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 11 | 09.15 am | തെള്ളകം കപ്പൂച്ചിൻ വിദ്യാഭവനിൽ ഡീക്കൻ ജോർജ് ഇളംതുരുത്തിയിലിന് തിരുപ്പട്ടം നൽകി. |
| | 12.10 pm | തലയോലപ്പറമ്പ് ജോർജ് വാരിയത്ത്കാലായുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 06.30 pm | മൂവാറ്റുപുഴയിൽ വച്ച് നടന്ന ബിഷപ്പ്സിന്റെ റീജിയണൽ റിട്രീറ്റിൽ പങ്കെടുത്തു. |
| 12 | | മൂവാറ്റുപുഴയിൽ വച്ച് നടന്ന ബിഷപ്പ്സിന്റെ റീജിയണൽ റിട്രീറ്റിൽ പങ്കെടുത്തു. |
| 14 | 04.30 pm | ഉദയഗിരിയിൽ പാലാ ഹോം പ്രോജക്ടിന്റെ ഭാഗമായ ഒരു ഭവനം വെഞ്ചിരിച്ചു. |
| 15 | 9.30 - 1.00 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.00 pm | തുടങ്ങനാട് സ്കൂളിൽ മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| 16 | 11.00 am | കൊഴുവനാൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 02.00 pm | ഭരണങ്ങാനം ഇടവകയിൽ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| 17 | 11.00 am | രാമപുരം ഇടവകയിൽ ഏരിമറ്റത്തിൽ ജോയിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
| | 12.30 pm | ളാലം പഴയപള്ളി ഇടവകയിൽ മനസ്സമ്മതം ആശീർവ്വദിച്ചു. |
| | 02.00 pm | ജയ്ഗിരി ഇടവക ദൈവാലയകൂദാശയിൽ സംബന്ധിക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു. |
| | 06.30 pm | കുറവിലങ്ങാട് ഇടവകയിൽ പരുവുമ്മേൽ പാപ്പച്ചന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 18 | 11.00 am | അരുണാപുരം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 noon | മരങ്ങാട്ടുപള്ളി ഇടവകയിൽ മാത്യു നെടുങ്ങോട്ടിലിന്റെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 03.00 pm | അരമനയിൽ വച്ച് മുട്ടുചിറ ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 19 | 9.30 - 10.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | ജിയോവാലി ഇടവകയിൽ എട്ടുപറയിൽ സെബാസ്റ്റ്യൻ അച്ചന്റെ അപ്പച്ചന്റെ നിര്യാണത്തിൽ ഭവനത്തിലെ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 20 | 06.15 am | മ്യാരേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| | 02.30 pm | കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 06.30 am | കത്തീഡ്രൽ ഇടവകയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ 33-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയിൽ സംബന്ധിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 05.00 pm | മൂന്നാംതോട് സി.എസ്.റ്റി. ആശ്രമത്തിന്റെ ജൂബിലി സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 22 | 9.30 - 1 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | അരമനയിൽ വച്ച് നടന്ന എ.ഡി.സി.പി.യുടെ മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | കുറുമണ്ണ് ഇടവക ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് തിരുനാൾ കൊടിയേറ്റ് കർമ്മത്തിൽ പങ്കെടുത്തു. |
| 23 | 09.00 am | മൂലമറ്റം ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| | 12.00 pm | നീലൂർ ഇടവകയിൽ മനസ്സമ്മതം ആശീർവദിച്ചു. |
| | 04.00 pm | തൊടുപുഴ ന്യൂമാൻ കോളേജിൽ വി. കുർബാനയർപ്പിച്ചു. |
| 24 | 07.00 pm | കവീക്കുന്ന് ഇടവകയിൽ ശതോത്തര രജതജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |

| | | |
|---|---|---|
| | 02.30 pm | ഷാലോം പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ്. മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | ഇലഞ്ഞി ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 25 | 09.45 am | മാർ സ്ലീവാ മെഡിസിറ്റിയോടനുബന്ധിച്ച് പണികഴിപ്പിച്ച പള്ളിമേടയുടെ വെഞ്ചിരിപ്പ് കർമ്മത്തിൽ സംബന്ധിച്ചു. |
| | 11.00 am | കാഞ്ഞിരത്താനം ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 04.30 pm | നമ്പ്യാകുളം ഇടവകയിൽ ഇടവകദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകുകയും ചെയ്തു. |
| 26 | 10.00 am | ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന ഇന്റർ എപ്പാർക്കിയൽ മീറ്റിംഗിൽ സംബന്ധിക്കുകയും തന്റെ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. |
| 27 | 10.00 am | ഭരണങ്ങാനം ഇടവകയിൽ മാത്യു മഴുവഞ്ചേരിയുടെ ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷയുടെ കർമ്മങ്ങൾ നടത്തി. |
| | 04.00 pm | ഇലഞ്ഞി ഇടവകയിൽ ഹോം പാലാ പ്രോജക്ടിന്റെ വീടുകൾ ആശീർവദിച്ചു. |
| | 06.00 pm | 25& 50 ജൂബിലി ആഘോഷിക്കുന്ന വൈദികരെ സ്വീകരിക്കുകയും അവർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. |
| 28 | 06.00 am | 25 & 50 ജൂബിലി ആഘോഷിക്കുന്ന വൈദികരോടൊപ്പം വി. കുർബാനയർപ്പിച്ച് പ്രാർത്ഥിച്ചു. |
| | 12.00 noon | പി.എസ്.ഡബ്ല്യു.എസിന്റെ കാർഷികമേളയുടെ സമ്മേളനത്തിൽ പങ്കെടുത്തു പ്രഭാഷണം നടത്തി. |
| | 05.30 pm | കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോം സന്ദർശിച്ചു. |
| 29 | 9.30 - 12.30 pm | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.00 pm | കോട്ടയം ലൂർദ്ദ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| 30 | 08.45 am | പാലാ ടൗണിൽ ഒരു കട വെഞ്ചിരിച്ചു. |
| | 09.30 am | ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിൽ കിഡ്സ് ദിനത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നൽകി. |
| | 11.15 am | വാരിയാനിക്കാട് ഇടവകയിൽ വിവാഹം ആശീർവ്വദിച്ചു. |
| | 03.00 pm | സെന്റ് തോമസ് കോളേജ് മീറ്റിംഗിൽ സംബന്ധിച്ചു. |



# Bishop's Engagements

## Mar Joseph Kallarangatt

### DECEMBER 2019

| | | | |
|---|---|---|---|
| 1 | Sun | 03.00 pm | Cathedral : Meeting |
| | | 05.15 pm | Thudanganad : Blessing |
| 02 | Mon | 10.00 am | Edamaruk : Blessing |
| | | 03.00 pm | Bishop's House : Meeting |
| 3-6 | | | KCBC |
| 06 | Fri | 07.30 pm | Kaduthuruthy : Meeting |
| 07 | Sat | 06.30 pm | Pastoral Institute : Holy Qurbana |
| | | 10.00 am | Bishop's House : Meeting |
| 08 | Sun | 06.30 am | Pala Kurishupally : Holy Qurbana |
| 9-11 | | | Eccuminical Meeting |
| 12 | Thu | 10.30 am | Pastoral Institute : Presbyterium |
| | | 12.30 pm | Pastoral Institute : ADCP General Assembly |
| 13 | Fri | 10-12 noon | Visitor's Time |
| 14 | Sat | 10.00 am | Kakkanad : Meeting |
| 15 | Sun | 04.30 pm | Kavumkandam : Blessing |
| | | 06.30 pm | Bishop's House : SMYM Flag off |
| 16 | Mon | 03.30 pm | Ambaranirappel : Blessing |
| 17 | Tue | 10-12 pm | Visitor's Time |
| 18 | Wed | 11.00 am | Cathedral : Meeting |
| | | 06.00 pm | Bishop's House : Monthly Recollection |

| | | | |
|---|---|---|---|
| 19-23 | | | Bible Convention |
| 24 | Tue | 02.15 pm | Muttom : Jail Visit |
| 25 | Wed | | Christmas |
| 26 | Thu | 02.15 pm | Xavierpuram : Ordination |
| 27 | Fri | 05.30 pm | Piravom : Blessing |
| 28 | Sat | 02.15 pm | Manjamattom : Ordination |
| | | 05.30 pm | Poovarani : Meeting |
| 29 | Sun | 04.00 pm | Aruvithura : Meeting |
| | | 06.00 pm | Edappady : Meeting |
| 30 | Mon | 09.15 am | Koottickal : Ordination |
| 31 | Tue | 09.15 am | Pravithanam : Ordination |
| 01 | Wed | 02.15 pm | Paingulam : Ordination |
| 02 | Thu | 02.15 pm | Kayyoor : Ordination |
| 03 | Fri | 10-12 noon | Visitor's Time |
| 04 | Sat | 02.15 pm | Narianganam : Ordination |
| | | 05.00 pm | Ramapuram : Marriage |



## Auxiliary Bishop's Engagements

# Mar Jacob Muricken

## DECEMBER 2019

| | | | |
|---|---|---|---|
| 01 | Sun | | Cherpunkal : Pastoral Visit |
| 02 | Mon | 02.30 pm | Bishop's House : Finance Council Meeting |
| | | 03.30 pm | Bishop's House : Eparchial Consulters Meeting |
| 03 | Tue | 9.30-12 noon | Visitor's Day |
| | | 03.00 pm | Mannarapara : Qurbana |
| 04 | Wed | 06.15 am | Marriage Course : Qurbana |
| 4-6 | | | KCBC Meeting |
| 6 | Fri | 04.00 pm | Sleevapuram : Qurbana |
| 7 | Sat | | Kothanalloor : Sradham |
| 8 | Sun | 8.15 am | Chittar |
| | | 10.30 am | Pala Jubilee : Qurbana |
| | | 02.30 pm | Bishop's House : Meeting |
| 10 | Tue | 10.00 am | Kottayam : Meeting |
| 11 | Wed | 04.00 pm | Kattapana : Bible Convention |
| 12 | Thu | 10.30 am | Pastoral Institute : Presbyterium |
| | | 03.30 pm | Cherpunkal : DST House Blessing |
| 13 | Fri | 9.30-12 noon | Visitor's Day |
| 14 | Sat | 4.00 pm | Elanji : DCMS Meeting |
| 15 | Sun | 10.30 am | Kurianad CMI Ashramam : Qurbana |

| | | | |
|---|---|---|---|
| | | 03.30 pm | Paika : Jubilee Qurbana |
| 16 | Mon | | Engaged |
| 17 | Tue | 06.15 am | Marriage Course: Qurbana |
| | | 10-12.30 pm | Visitor's Day |
| 18 | Wed | | Mathrujyothi Cathedral : Qurbana |
| | | 12.30 pm | Maniyamkunnu : Shratham |
| | | 06.00 pm | Bishop's House : Monthly Recollections |
| 19 | Thu | 11.00 am | Bible Convention : Qurbana |
| 20 | Fri | | Bible Convention |
| 22 | Sun | 11.00 am | Bible Convention : Qurbana |
| 26 | Thu | 09.15 am | Alphonsagiri: Ordination |
| 28 | Sat | 09.15 am | Melukavumattom: Ordination |
| | | 04.00 pm | Ernakulam : Marriage |
| 29 | Sun | 12.00 noon | Thodupuzha : Marriage |
| | | 04.30 pm | Thudanganad : Marriage |
| 30 | Mon | 05.00 pm | Kuravilangadu : Marriage |
| 31 | Tue | 9.30-12 noon | Visitor's Day |
| | | | **JANUARY 2020** |
| 1 | Wed | 09.15 am | Kavumkandam : Ordination |
| 2 | Thu | 9.15 am | Jaigiri : Ordination |
| 4 | Sat | 09.15 am | Kadaplamattom : Ordination |





പാലാ രൂപതയിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കാർഷിക സമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു











പാലാ രൂപത തക്കലയിൽ പുതുതായി ഏറ്റെടുത്ത മിഷൻ പ്രദേശങ്ങൾ അഭി. മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവും അഭി. മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവും സന്ദർശിക്കുന്നു.

2019
DECEMBER

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

# 37-ാമത് പാലാ രൂപത
# ബൈബിൾ കൺവെൻഷൻ

**2019 ഡിസംബർ 19 വ്യാഴം മുതൽ 23 തിങ്കൾ വരെ**




## സെന്റ് തോമസ് കോളേജ് ഗ്രൗണ്ട്, പാലാ

**സമയം:**
9 am - 3 pm
4 pm - 9 pm

**ഉദ്ഘാടനം:**

## മോറോൻ മോർ ബസേലിയോസ് മാർ ക്ലീമീസ് കാതോലിക്കാബാവാ

നയിക്കുന്നത് : **റവ. ഫാ. ദാനിയേൽ പൂവണ്ണത്തിൽ**
(കാർമ്മൽ ധ്യാനകേന്ദ്രം, തിരുവനന്തപുരം)

**വിശുദ്ധ കുർബ്ബാനയും സുവിശേഷ സന്ദേശവും**

**മാർ ജോസഫ് കല്ലറങ്ങാട്ട്** (പാലാ രൂപത മെത്രാൻ)
**മാർ ജോൺ നെല്ലിക്കുന്നേൽ** (ഇടുക്കി രൂപത മെത്രാൻ)
**മാർ ജേക്കബ് മുരിക്കൻ** (പാലാ രൂപത സഹായ മെത്രാൻ)
**മാർ ജോസഫ് പള്ളിക്കാപറമ്പിൽ** (ബിഷപ് എമിരറ്റസ്, പാലാ രൂപത)

St.Thomas Press, Pala

തൽസമയ സംപ്രേക്ഷണം www.evangelizationpalai.org – ൽ ലഭ്യമാണ്

Printed at St. Thomas Press, Palai and Published by Fr. John Edettu